# TRICHUR ARCHDIOCESAN BULLETIN

**MARCH 2013**



TRICHUR ARCHDIOCESAN

# Bulletin

പുസ്തകം : 80

2013 മാർച്ച്

ലക്കം : 3




*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ


- ഇടയലേഖനങ്ങൾ
  - നോമ്പുകാലം 1
  - സമർപ്പിതദിനം 9
  - ദൈവവിളി 11
  - പെസഹാവ്യാഴം 15
- മാർപ്പാപ്പയുടെ നോമ്പുകാല സന്ദേശം 17
- കച്ചേരികാര്യം 25
- പേപ്പൽ പതാക & ദേശീയ പതാക 44
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -മാർച്ച് 45
- സഹായമെത്രാന്റെ പരിപാടികൾ -മാർച്ച് 47
- നാളാഗമം 49
- പാസ്റ്ററൽ കൗൺസിൽ 53
- ദൈവദർശൻ ക്യാമ്പ് 54
- നാമകരണനടപടികൾ 56
- സാമ്പത്തിക കാര്യാലയം 57
- വൈദികർ 59
- സന്യസ്തർ 64
- സ്ഥാപനങ്ങൾ 70
- സാന്ത്വനം 93
- സംഘടനകൾ 97
- പി. ഒ. സി. സർക്കുലർ 112

561/ 2013
20 -02-2013 P-1

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

1. പ്രാർത്ഥനയുടേയും ഉപവാസത്തിന്റെയും സദ്പ്രവൃത്തികളുടേയും നാളുകളായ വലിയ നോമ്പിന്റെ പാതിവഴിയിലെത്തിയിരിക്കുകയാണല്ലോ നമ്മൾ. നോമ്പനുഷ്ഠാനത്തിൽ നമ്മുടെ ദൈവജനത്തിൽ വലിയപങ്കും ഔത്സുക്യം കാണിക്കുന്നതിൽ സന്തോഷമുണ്ട്. ഇടവകതോറും നടക്കുന്ന നോമ്പുകാല ധ്യാനങ്ങളും പള്ളികളിലും കുടുംബകൂട്ടായ്മകളിലും നടക്കുന്ന കുരിശിന്റെ വഴികളും വിശുദ്ധ സ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളും പ്രത്യേകിച്ച് പാലയൂരിലേക്കുള്ള ജാഗരണ പദയാത്രകളും വ്രതാരംഭ കൂട്ടായ്മയും ഉപവാസങ്ങളും പ്രാർത്ഥനകളും എല്ലാം വ്യക്തികളുടെയും കുടുംബങ്ങളുടെയും അതിരൂപത മുഴുവന്റെയും വിശുദ്ധീകരണത്തിനും നവീകരണത്തിനും കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2. **നോമ്പനുഷ്ഠാനം ക്രൈസ്തവ സംസ്കാരത്തിന്റെ അടയാളം** കൂടിയാണ്. കാരണം, ക്രിസ്തു നൽകുന്ന സംസ്കാരം ആത്മത്യാഗത്തിലടിസ്ഥാനമുള്ള സ്നേഹത്തിന്റെയും തിന്മയുടെമേലുള്ള വിജയത്തിന്റേതുമാണല്ലോ (1 യോഹ. 4:8 – 5:5). നോമ്പനുഷ്ഠാനം ത്യാഗത്തിന്റെ വിദ്യാഭ്യാസവും കുരിശിന്റെ വഴി ക്രിസ്തീയ സംസ്കാരത്തിന്റെ പരിശീലനവുമാണ്. ആയതിനാൽ നോമ്പിന്റെ നിരാകരണം ക്രൈസ്തവമായ സാംസ്കാരികശോഷണമായേ കണക്കാക്കാനാവൂ.

3. **നോമ്പനുഷ്ഠാനം കുരിശിന്റെ വഴിയിൽ യേശുവിന്റെ രക്ഷാകരസഹനത്തിലൂടെയുള്ള യാത്രയാണ്.** ഇതിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാകുന്നത് വിശ്വാസത്തിന്റെ വെളിച്ചത്തിലാണ്. രക്ഷയിലേക്കുള്ള വഴിയാണ് കുരിശിന്റെ വഴി. സഹനങ്ങളോടുള്ള വിമുഖത നോമ്പനുഷ്ഠാനത്തെ ഉപേക്ഷിക്കുന്നതിന് ചിലരെ പ്രേരിപ്പിക്കുന്നു. ഉള്ളിൽ വളരുന്ന "തിന്മയിൽ നിന്നു പിന്തിരിഞ്ഞ് നന്മചെയ്യുന്നതിനു "ള്ള (1 പത്രോ. 3:8–12) സഹനമാണ് നോമ്പനുഷ്ഠാനത്തിൽ അടങ്ങിയിരിക്കുന്നത്. ഇപ്രകാരമുള്ള സഹനം ക്രിസ്തുവിനോടുകൂടിയുള്ള സഹനമാകുന്നു. ക്രിസ്തുവിനോടുകൂടി സഹിക്കുമ്പോൾ അത് രക്ഷാകരമായി മാറുന്നു. വിശ്വാസവർഷത്തിലെ ഈ നോമ്പുകാലം രക്ഷാകരസഹനത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കട്ടെ.

4. കുരിശിന്റെയും രക്ഷാകരസഹനത്തിന്റെയും അർത്ഥവും മൂല്യവും തിരസ്കരിക്കുന്ന ഒരു സംസ്കാരത്തിലാണ് നമ്മൾ ജീവിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ഭൗമിക വിജയങ്ങളെ മാത്രം വിലമതിക്കുകയും അവയുടെ പ്രതീകങ്ങളെ മാത്രം ഉയർത്തി പ്രതിഷ്ഠിക്കുകയും ചെയ്യുന്ന **ഭൗതിക സാംസ്കാരിക സ്വാധീനം** ഇന്ന് വളരെ ശക്തമാണല്ലോ. ആയതിനാൽ അപ്പപ്പോൾ സാധ്യമാകുന്ന നേട്ടങ്ങളുടെ കഥകൾ രചിക്കാനാണ് പലർക്കും ഇഷ്ടം. കൂടുതൽ സ്ഥാനമാനങ്ങളും ധനവും സമ്പാദിക്കുകയും അത്തരം നേട്ടങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നവർ കൂടുതൽ വളരുന്നു, കൂടുതൽ വിജയിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുകയും ആയതിന് സാർവ്വത്രികാംഗീകാരം നൽകുകയുമാണ് മേല്പറഞ്ഞ ഭൗതിക സംസ്കാരം ഉളവാക്കുന്നത്. ഇത്തരം നേട്ടങ്ങൾ ഇല്ലാത്തവൻ അവ ഉണ്ടാക്കിയെടുക്കുവാനുള്ള തത്രപ്പാടിലും ഉള്ളവൻ കൂടുതൽ ഉണ്ടാക്കാനുമുള്ള നെട്ടോട്ടത്തിലുമാണ് എന്നു തോന്നുന്നു. ലോകത്തിലെന്നതുപോലെ കൂടുതൽ പ്രകടമായ നേട്ടത്തിനും അംഗീകാരങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള വ്യഗ്രത സഭാമക്കളെയും കാര്യമായി സ്വാധീനിക്കുന്നുണ്ട്. നിരർത്ഥകമായ ഈ വ്യഗ്രത പരാജയഭീതിയിലേക്കും നിരുത്സാഹ

ത്തിലേക്കും ആത്മീയവും മാനസികവുമായ തളർച്ചയിലേക്കും പലരെയും നയിക്കുന്നുമുണ്ട്. ഇതിന്റെ പരിണിതഫലമായി കുടുംബത്തകർച്ച, മദ്യപാനം, ആത്മഹത്യ മുതലായവ വർദ്ധിക്കുന്നു.

5. കുരിശിന്റെ മഹത്വം നിഷേധിക്കുന്ന ഈ **സഹനവിരുദ്ധ സംസ്കാരം** മനുഷ്യനിൽ ചെലുത്തുന്ന അടിസ്ഥാനപ്രലോഭനത്തെപ്പറ്റി ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഇക്കഴിഞ്ഞ ഫെബ്രുവരി 17-ന് ഞായറാഴ്ചയിലെ ത്രികാലജപ സന്ദേശത്തിൽ പറയുകയുണ്ടായി. 'നമ്മുടെ താൽപര്യങ്ങൾക്കുവേണ്ടി ദൈവത്തെ ഉപകരണമാക്കുക' എന്നതാണ് ഈ മൂലപ്രലോഭനം. മരുഭൂമിയിൽ യേശുവിനെ പ്രലോഭിപ്പിക്കാൻ പിശാച് ദൈവവചനത്തെത്തന്നെ ഉപകരണമാക്കിയത് വി. ഗ്രന്ഥത്തിൽ നമ്മൾ വായിക്കുന്നുണ്ടല്ലോ (മത്താ. 4: 1-11 ). പിശാച് കൗശലക്കാരനായ പ്രലോഭകനാണ്. തിന്മയെ സ്നേഹിക്കുവാൻ പിശാച് നേരിട്ട് നമ്മോട് ആവശ്യപ്പെടുന്നില്ല; മറിച്ച്, ദൈവത്തെക്കാൾ പരമപ്രധാനം അപ്പപ്പോൾ വേണ്ട അധികാരവും ആവശ്യങ്ങളുമാണ് എന്ന് അവൻ നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. പ്രായോഗികജീവിതത്തിൽ അനേകം പേർ ഈ കെണിയിൽ വീഴുകയും ദൈവത്തെ മറന്നു സ്വാർത്ഥതാത്പര്യങ്ങളിൽ യഥേഷ്ടം മുഴുകുകയും ചെയ്യുന്നു. രോഗം, പരീക്ഷ, കഷ്ടനഷ്ടങ്ങൾ എന്നിവ വരുമ്പോൾ മാത്രം ദൈവത്തെ വിളിക്കുകയും അതുകഴിഞ്ഞാൽ അവിടുത്തെ മറക്കുകയും ചെയ്യുന്നവർ ഈ പ്രലോഭനത്തിൽ വീഴുന്നവരുടെ ഉദാഹരണങ്ങളാണ്. കാര്യം സാധിക്കാൻമാത്രം ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ അവിടുത്തെ നമ്മൾ പ്രഥമ സ്ഥാനത്തുനിന്ന് മാറ്റുകയാണ്; ദൈവത്തെ ദൈവമായി അംഗീകരിക്കാതിരിക്കുകയാണ്; യഥാർത്ഥദൈവത്തിനുപകരം തന്നെത്തന്നെയോ ഭൗതികനേട്ടങ്ങളെയോ ദൈവമായി പ്രതിഷ്ഠിക്കുകയാണ്. പിശാച് ആഗ്രഹിക്കുന്നതും അതുതന്നെ. യേശുവിനെ പ്രലോഭിപ്പിച്ചപോലെ, എളുപ്പത്തിൽ വിശപ്പടക്കാനും പ്രശസ്തി നേടാനും സമ്പത്ത് ആർജ്ജിക്കാനും പിശാച് നമ്മെയും പ്രലോഭിപ്പിക്കുന്നുണ്ട്. പഠിക്കാതെ ജയിക്കാനും പണിയെടുക്കാതെ പണം ഉണ്ടാക്കാനും ഉള്ള വ്യഗ്രതകൾ യേശുവി

നുണ്ടായ പ്രലോഭനത്തിന്റെ പുതിയ രൂപങ്ങളാണ്. പ്രലോഭനത്തെ അവിടുന്ന് അതിജീവിച്ചത് ദൈവവചനത്തിൽ ആശ്രയിച്ചും ദൈവത്തെ ആരാധിച്ചും പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് കുരിശുമരണത്തോളം തന്നെത്തന്നെ സമർപ്പിച്ചും ആണ്.

6. പിശാച് നമ്മുടെമേൽ കൗശലപൂർവ്വം ഏല്പിക്കുന്ന തിന്മയുടെ സംസ്കാരത്തിന് പ്രതിവിധിയായി **ക്രിസ്തു വിഭാവനം ചെയ്യുന്ന നന്മയുടെ ദൈവികസംസ്കാരം വളർത്തേണ്ടത് ആവശ്യമാണ്.** ഈ ദൈവികസംസ്കാരത്തിൽ നമ്മെ വളർത്തുന്നതാണ് നോമ്പനുഷ്ഠാനം. ആത്മത്യാഗത്തിൽ അടിസ്ഥാനമിടുന്ന സ്നേഹത്തിന്റെയും തിന്മയുടെമേലുള്ള വിജയത്തിന്റെയും സംസ്കാരമാണല്ലോ ക്രിസ്തു നൽകുന്നത്. ഇത് എപ്രകാരം സ്വായത്തമാക്കാമെന്ന് തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും യേശു കാണിച്ചുതരുന്നു. യഹൂദർക്ക് ഇടർച്ചയും വിജാതിയർക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയാണ് (1 കൊറി. 1 : 23) നോമ്പുകാലത്തിലെ ത്യാഗാനുഷ്ഠാനങ്ങളിലൂടെ നമ്മൾ പ്രഘോഷിക്കുന്നത്. എല്ലാസുഖസൗകര്യങ്ങളും സുലഭമായ ഇന്നത്തെ ലോകത്തിൽ നോമ്പനുഷ്ഠാനത്തിലൂടെ ലോകസുഖങ്ങളെ സ്വമേധയാ ത്യജിക്കുന്നത് പഴഞ്ചനായോ പരാജയമായോ വ്യാഖ്യാനിക്കപ്പെടാൻ ഇടയാകാം. ഇതു ഭയന്ന് പലരും നോമ്പനുഷ്ഠാനങ്ങളിൽ വിമുഖത കാണിക്കുന്നുണ്ട്. മാതാപിതാക്കന്മാർ വ്യക്തിപരമായി നോമ്പനുഷ്ഠിക്കുകയും മക്കളെ അവരവരുടെ ഇഷ്ടത്തിനുവിടുകയും ചെയ്യുന്ന പ്രവണതയും വളർന്നുവരുന്നുണ്ട്. ആത്മനിയന്ത്രണമില്ലാത്തതും സഹനശക്തിയും ത്യാഗശീലവും അന്യമായതുമായ തലമുറയെയും കുടുംബങ്ങളെയും സംസ്കാരത്തെയും വളർത്താൻ ഇത് കാരണമാകും എന്ന് പറയാതെ വയ്യ. ആത്മീയനിയന്ത്രണങ്ങൾ ലംഘിച്ച്, മനുഷ്യൻ അനിയന്ത്രിതമായ വികാരങ്ങളാൽ നയിക്കപ്പെടുമ്പോൾ സംഭവിക്കുന്ന ദുരന്തങ്ങൾക്ക് നമ്മുടെ സമൂഹം സാക്ഷിയാണ്. നിർഭാഗ്യവശാൽ അത്തരം ദുരന്തങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

7. ലൗകികവിജ്ഞാനവും മനുഷ്യന്റെ മാനദണ്ഡവുമനുസരിച്ച് ക്രിസ്തു പരാജയമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ, **യേശുക്രിസ്തു പഴഞ്ചനോ പരാജിതനോ അല്ല. അവിടുന്ന് ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ്** (1 കൊറി. 1 : 24). രക്ഷാകരമായ സഹനത്തിലൂടെ മരണത്തെ പരാജയപ്പെടുത്തിയ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾത്തന്നെയാണ് (ഹെബ്രാ. 13:8). സ്വയം ശൂന്യവത്ക്കരിച്ചും മറ്റുള്ളവർക്ക് നന്മചെയ്തും കുരിശിന്റെ വഴിയിലൂടെയുള്ള മഹത്വമാണ് അവിടുന്ന് ഇന്നും എന്നും പ്രഘോഷിക്കുന്നത്. രക്ഷയിലേക്കുള്ള വഴി ഇടുങ്ങിയ വാതിലാണെന്നും (ലൂക്കാ 13 : 24) ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനാകണമെന്നും (മർക്കോ 10 : 44) നിത്യജീവൻ നേടണമെങ്കിൽ സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് തന്നെ അനുഗമിക്കണമെന്നും (മർക്കോ 8 : 34) സ്വർഗത്തിൽ നിങ്ങളുടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവിൻ എന്നും (ലൂക്കാ 10 : 20) ശിഷ്യന്മാരോട് ആഹ്വാനം ചെയ്യുന്ന ക്രിസ്തുനാഥൻ ലൗകിക പ്രലോഭനങ്ങളുടെ വിശാലമായ വഴിയിലൂടെയും വാതായനങ്ങളിലൂടെയും വിഹരിക്കാനല്ല നമ്മോട് ആഹ്വാനം ചെയ്യുന്നത്. ആയതിനാൽ യേശുവിനെ പിഞ്ചെല്ലുന്നതിന്, ദൈവപിതാവിലുള്ള ഐക്യത്തിൽ, പ്രാർത്ഥനയിലും ആത്മത്യാഗത്തിലും പരസ്നേഹപ്രവർത്തനങ്ങളിലും അടിവേരുകളുള്ള നോമ്പനുഷ്ഠാനത്തിലൂടെ കുരിശിന്റെ വഴിയിലൂടെ നമുക്ക് വ്യാപരിക്കാം. ക്രിസ്താനുകരണം എന്ന ഗ്രന്ഥത്തിൽ ഓർമ്മപ്പെടുത്തുന്നതുപോലെ ജീവിക്കുന്ന കാലത്തോളം പ്രലോഭനങ്ങളിൽ നിന്ന് പൂർണ്ണമായും മുക്തനായ ഒരു മനുഷ്യനില്ല. പക്ഷെ സഹനവും യഥാർത്ഥവിനയവും കൊണ്ട് നമ്മുടെ എല്ലാ ശത്രുക്കളെയുംകാൾ നാം ശക്തരാക്കപ്പെടുന്നു (ക്രിസ്താനുകരണം I, XIII).

8. **തിന്മയുടെ മേൽ വിജയം വരിക്കുന്നതാണ് യേശു പകർന്നുതന്ന നവസംസ്കാരം**.. തന്റെ ഉത്ഥാനംകൊണ്ട് അവിടുന്ന് മുദ്രവെച്ച, ത്യാഗത്തിലൂടെ വെളിവാകുന്ന പരിപൂർണ്ണസ്നേഹത്തിന്റെ ഈ സംസ്കാരത്തിൽ കൂടുതൽ നേടുന്നതിനുള്ള വ്യഗ്രത ഇല്ല; കാര

ണം, സ്വരുക്കൂട്ടുന്നതിൽ വിജയം അന്വേഷിക്കുന്നത് അവിടുത്തെ സ്വഭാവമേ അല്ല. പുതിയ അറപ്പുരകൾ പണിയാൻ അവിടുന്ന് ആവശ്യപ്പെടുന്നില്ല (മത്താ. 6 : 25-34). ഇതിൽ പരാജയഭീതിയില്ല; കാരണം അവിടുന്ന് ലോകത്തെ കീഴടക്കിയിരിക്കുന്നു (യോഹ. 16 :.33); അവിടുന്ന് മരണത്തെ ജയിച്ചിരിക്കുന്നു (1 കൊറി. 15: 54-57; 2 തിമോ. 1 : 10).

9. **രക്ഷാകരസഹനങ്ങൾ നിരാശയിലേക്കും നാശത്തിലേക്കും നയിക്കുന്നവയല്ല. അവ ക്രിസ്തു വിശ്വാസിക്ക് ക്രിയാത്മക ശക്തിയാണ്, പുതുജീവനാണ്.** "എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് " (ഫിലി. 1 : 21) എന്ന പൗലോസ് ശ്ലീഹയുടെ വചനം ഇതു സാക്ഷിക്കുന്നു. സഹനം വിജയത്തിന്റെ മുന്നോടിയാണ്. സഹിക്കേണ്ടിവരുമ്പോൾ അവയെ ക്രിസ്തുവിന്റെ സഹനത്തോട് കൂട്ടിചേർത്താൽ അത് അർത്ഥപൂർണ്ണമാകുന്നു; അത് വിജയത്തിന്റെ മകുടമാകുന്നു. നമ്മുടെ കാലഘട്ടത്തിൽ, ക്രിസ്തുവിശ്വാസത്തെപ്രതി ഒറീസയിലെ കാണ്ടമാലിലെ വിശ്വാസികൾ നേരിട്ട സഹനങ്ങളുടെ ഉജ്ജ്വലാനുഭവങ്ങളാണ് നമ്മുടെ അതിരൂപതാംഗം കൂടിയായ ശ്രീ. ആന്റോ അക്കര *21-ാം നൂറ്റാണ്ടിലെ ആദിമ ക്രിസ്ത്യാനികൾ* എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. ക്രിസ്തുവിനെപ്രതിയുള്ള സഹനങ്ങൾ ആത്യന്തികമായ വിജയത്തിലേക്കു നയിക്കും എന്ന് ആ രക്തസാക്ഷികൾ വിളിച്ചോതുന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ മരിച്ച് സംസ്കരിക്കപ്പെട്ട ഈശോമിശിഹായിലുള്ള വിശ്വാസം പ്രഘോഷിക്കാനും ആഴപ്പെടുത്തുവാനും സഹനങ്ങൾ നമ്മെ സഹായിക്കട്ടെ.

10. സുവിശേഷങ്ങളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാകന്നത് **യേശുവിന്റെ ഉത്ഥാനം ശുഭമായി പര്യവസാനിക്കുന്ന ഒരു സംഭവമല്ല; മറിച്ച്, ശുഭമായി ആരംഭിക്കുന്ന സംഭവമാണ്** എന്നാണ്. ഉത്ഥാനത്തോടെ ഒരു സഹനകഥ നന്നായി അവസാനിക്കുക മാത്രമല്ല; നന്മയിലുള്ള ഒരു ജീവിതവഴി ആരംഭിക്കുകയണ്. ക്രിസ്തുവിന്റെ സഹനവും ഉത്ഥാനവും പ്രതീക്ഷാനിർഭരവും സന്തോഷകരവുമായ

ക്രിസ്തുസാക്ഷ്യം നൽകുന്നതിന് നമ്മെ പ്രാപ്തരാകണം. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്"(ഗലാ. 2 : 20) എന്നു പൗലോസ് ശ്ലീഹ പ്രഖ്യാപിക്കുന്നവിധം ക്രിസ്തുവിന്റെ രക്ഷാകരസംസ്കാരം നമ്മിലൂടെ തുടരണം. മാമ്മോദീസായിലൂടെ പുതുജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നാമെല്ലാവരും ഉത്ഥിതൻ വരച്ചുകാട്ടുന്ന നവസംസ്ക്കാരത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി ലോകത്തിൽ ജീവിക്കുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5 : 16) എന്ന വചനം അന്വർത്ഥമാക്കാം.

11. കത്തോലിക്കാ തിരുസഭയുടെ ചരിത്രത്തിലെ ഒരു സുപ്രധാന ഘട്ടത്തിലാണ് നമ്മൾ. പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പ സ്ഥാനത്യാഗം ചെയ്തിരിക്കുന്നു. പുതിയ പാപ്പയെ തിരഞ്ഞെടുക്കാൻ സഭ പ്രാർത്ഥനയിലൂടെ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ സഭയ്ക്കും ലോകത്തിനും പ്രത്യേകിച്ച് നമ്മുടെ അതിരൂപതക്കും മാർപാപ്പയിലൂടെ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാം. ബെനഡിക്ട് പാപ്പയുടെ വിശ്രമജീവിതം ദൈവാനുഗ്രഹങ്ങളാൽ നിറയുന്നതിനും സഭാ നൗകയെ നയിക്കാൻ ക്രിസ്തുവിന്റെ ഏറ്റവും വിശ്വസ്തനായ ഒരു അമരക്കാരനെ പത്രോസിന്റെ പിൻഗാമിയായി ലഭിക്കുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

12. താൻ സ്ഥാനമൊഴിയുന്നത് അറിയിച്ചുകൊണ്ട് നടത്തിയ പ്രസ്താവനയിൽ വി. പത്രോസിനടുത്ത ശുശ്രൂഷയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മാത്രമല്ല, പ്രാർത്ഥനകൊണ്ടും സഹനങ്ങൾകൊണ്ടും നിവർത്തിക്കേണ്ട ആദ്ധ്യാത്മിക ശുശ്രൂഷയായാണ് ബെനഡിക്ട് പതിനാറാമൻ പാപ്പ നോക്കിക്കണ്ടത്. സഭാംഗങ്ങളായ നാമെല്ലാവരുടെയും ജീവിതം പ്രാത്ഥനകൊണ്ടും സഹനങ്ങൾകൊണ്ടും പരസ്നേഹപ്രവർത്തനങ്ങൾക്കൊണ്ടും നന്മയുടെ സൗരഭ്യം പരത്തുന്നതിന് പര്യാപ്തമാകട്ടെ. വി. മത്തായി അറിയിച്ച

സുവിശേഷം 6-ാം അധ്യായത്തിൽ നോമ്പുകാല ചൈതന്യം പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയാണെന്ന് വ്യക്തമാക്കുന്നുണ്ട്. പ്രതിദിന പ്രർത്ഥനയിലൂടെയും പ്രായശ്ചിത്തപ്രവൃത്തികളിലൂടെയും ഉപവിപ്രവർത്തനങ്ങളിലൂടെയും ദൈവത്തോടും സഹോദരരോടും ഉള്ള നമ്മുടെ ബന്ധം പുതുക്കാനും ദൃഢമാക്കാനും ഈ നോമ്പുകാലം ഇടയാക്കട്ടെ. വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ ക്രൈസ്തവ സംസ്കാരം നമ്മിൽ ദൃഢമാക്കുകയും ചെയ്യട്ടെ.

നോമ്പുകാലം മുഴുവനും അടുത്തുവരുന്ന പാലയൂർ മഹാതീർത്ഥാടനവും വിശുദ്ധവാരവും ദൈവാനുഗ്രഹത്തിന്റെ നിറവിനുള്ള അവസരങ്ങളാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ ആശംസകൾ നിങ്ങൾക്കേവർക്കും മുൻകൂട്ടി നേരുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

N.B: ഈ ഇടയലേഖനം 2013 മാർച്ച് 3-ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+AT**

200/2013 C-1
28/01/2013

# സർക്കുലർ

## സമർപ്പിതദിനം

സ്നേഹമുള്ള ബഹു. അച്ചന്മാരെ, സമർപ്പിതരെ, സഹോദരി സഹോദ രന്മാരെ,

ഫെബ്രുവരി 2-ാം തിയ്യതി ഈശോയെ പരി.അമ്മ ദൈവാല യത്തിൽ കാഴ്ച്ച സമർപ്പിച്ചതിന്റെ ഓർമ്മ ദിനമാണല്ലോ (ലൂക്ക 2, 21 –24). ഈ സമർപ്പണദിനം സാർവത്രികസഭയിൽ സമർപ്പിതരെ ഓർത്ത് പ്രാത്ഥിക്കുന്നതിനുള്ള ദിവസമായിട്ടാണ് സഭ നിയോഗിച്ചിരിക്കുന്നത്. സമർപ്പിതരിലൂടെ ദൈവം നമ്മുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും സമർപ്പിത ദൈവവിളികൾക്കുവേണ്ടി പ്രാത്ഥിക്കുവാനും നമ്മുക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്താനാണ് സമർപ്പിത ദിനം സഭ ആചരിക്കുന്നത്. നമ്മുടെ അതിരൂപതയിൽ വിവിധശുശ്രൂ ഷാരംഗങ്ങളിൽ ത്യാഗപൂർവ്വം സേവനം ചെയ്യുന്ന എല്ലാ സമർപ്പിത രെയും നന്ദിയോടെ ഓർമ്മിക്കുവാനും അവരെ പ്രോത്സാഹിപ്പി ക്കുവാനും സമർപ്പിതദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞാൻ നിങ്ങളെ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. ഈ വർഷത്തെ സമർപ്പിത ദിനം ഫെബ്രുവരി 2-ാം തിയ്യതി ശനിയാഴ്ച്ച എല്ലാ ഇടവ കവളിലും സ്ഥാപനങ്ങളിലും സമുചിതമായി ആചരിക്കണമെന്ന് താൽപര്യപൂർവ്വം അഭ്യർത്ഥിക്കുന്നു. സമർപ്പിത ദിനത്തോട് അനുബ ന്ധിച്ച് നമ്മുടെ പള്ളികളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാ ക്കുന്നത് നല്ലതായിരിക്കും.

1 ഇടവകയിലെ കഴിയുന്ന എല്ലാ സമർപ്പിതരും അന്നേദിവസം ഇടവക ദൈവാലയത്തിൽ വി. കുർബാനയിൽ സംബന്ധിക്കു കയും വി. കുർബാനയ്ക്ക് സമർപ്പിതർ നേതൃത്വം നൽകുകയും ചെയ്യുക.

2 വി. കുർബാനയിൽ കാർമ്മീകൻ സമർപ്പിത ദൈവവിളിയെക്കുറിച്ചും സമർപ്പിതർചെയ്യുന്ന ശുശ്രൂഷകളെക്കുറിച്ചും പുതിയ ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതിനെക്കുറിച്ചും ഹ്രസ്വമായി സംസാരിക്കുക.

3 വി. കുർബാനയിൽ സമർപ്പിതരുടെ കാഴ്ച്ചസമർപ്പണം നടത്തുക.

4 സമർപ്പിതർക്ക് തിരികൾ കത്തിച്ചു നൽകി ആദരിക്കുക.

5 കാറോസൂസ പ്രാർത്ഥനയിൽ സമർപ്പിതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

6 സമർപ്പിത പ്രതിനിധി വികാരിയച്ചന് തിരി നൽകി നന്ദി പ്രകാശിപ്പിക്കുക.

7 സാധിക്കുമെങ്കിൽ വികാരിയച്ചനും കൈക്കാരന്മാരും സമർപ്പിതരോടൊപ്പം സ്നേഹവിരുന്ന് നടത്തുക

നമ്മുടെ അതിരൂപതയിലെ സമർപ്പിതർ ചെയ്യുന്ന എല്ലാശുശ്രൂഷകൾക്കും ഞാൻ ദൈവത്തോട് നന്ദി പറയുന്നു. സമർപ്പിത ദിനത്തിന്റെ നന്മയും ദൈവാനുഗ്രഹങ്ങളും നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു.

+ Andrews Thazhath

**+ മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

541/2013 C-2
15/02/2013

## സർക്കുലർ

# ദൈവവിളി

ഈശോയിൽ വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

നിത്യപുരോഹിതനായ യേശുവിന്റെ വിളിയ്ക്ക് പ്രത്യുത്തരം നൽകി, പൗരോഹിത്യമെന്ന കൂദാശ സ്വീകരിച്ച് വൈദികസേവനത്തിനായി ഊർജ്ജസ്വലരായ അനേകം യുവാക്കൾ ആത്മസമർപ്പണം ചെയ്ത മാസങ്ങളാണ് ഡിസംബർ-ജനുവരി മാസങ്ങൾ. ഒരിടവകയെ സംബന്ധിച്ചിടത്തോളം ദൈവാനുഗ്രഹത്തിന്റെ കവിഞ്ഞൊഴുകലാണ് ഒരു നവവൈദികനെ ലഭിക്കുക എന്നുള്ളത്. വി. ജോൺ മരിയ വിയാനി പ്രസ്താവിക്കുന്നതുപോലെ "നല്ലവനായ കർത്താവിനു ഒരു ഇടവകയ്ക്ക് നൽകാൻ കഴിയുന്ന ഏറ്റവും മഹത്തായ നിധിയും ദൈവകൃപയുടെ ഏറ്റവും അമൂല്യവുമായ ഒരു ദാനവുമാണ്" ഒരു പുരോഹിതൻ. അങ്ങനെ നോക്കുമ്പോൾ ദൈവം 23 നവവൈദികരെ നൽകികൊണ്ട് ഈ വർഷം നമ്മുടെ അതിരൂപതയെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ അനേകം യുവതിയുവാക്കൾ സന്യാസസമർപ്പണവും നടത്തിയിട്ടുണ്ട്. അനുപമമായ ഈ ദൈവദാനത്തിന് നമുക്ക് ഹൃദയപൂർവ്വം ദൈവത്തിനു നന്ദി പറയാം. ദൈവവിളികൾക്കായി നാം വിളവിന്റെ നാഥനോട് ഒത്തൊരുമയോടെ പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കുമെന്നതിന് തെളിവാണ് ഈ നവവൈദികരും സന്യാസസമർപ്പിതരും.

വൈദികസന്യാസാന്തസ്സുകളിലേക്കുള്ള ദൈവവിളികൾ ഓരോ വർഷവും കുറഞ്ഞു വരുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലെ വലിയൊരു ചോദ്യചിഹ്നമാണ്. ക്രൈസ്തവഭവനങ്ങളിൽ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് ദൈവവിളികളെ ബാധിക്കുന്ന പ്രശ്നമാണ്. കൂടുതലിൽ നിന്നല്ലേ നല്ല തെരഞ്ഞെടുപ്പുകൾക്ക് സാധ്യതയുള്ളൂ. സഭയും ലോകവും ഇന്ന് നല്ല വൈദികരെയും സമർപ്പിതരെയും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. നമ്മുടെ അതിരൂപതയിലും

ഇനിയും ധാരാളം പുതിയ ഇടവകകൾ അജപാലകരെ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലി കലേഖനത്തിൽ പരി. ബനഡിക്ട് 16-ാമൻ മാർപ്പാപ്പ ഇന്നത്തെ ലോകത്തെ മരുഭൂമിയോടാണ് ഉപമിച്ചിരിക്കുന്നത്. മരുഭൂമിയിൽ ദിശ നഷ്ടപ്പെടുകയും ദാഹത്താൽ വലയുകയും ചെയ്യുന്നവരെപ്പോലെ യാണ് വിശ്വാസവും സന്മാർഗ്ഗവും നഷ്ടപ്പെട്ട ആധുനികജനത. ആരാണ് അവരെ ജീവജലത്തിലേക്ക് ആനയിക്കുക? മാർപ്പാപ്പ പറ യുന്നു: "മുഴുവൻ സഭയും സഭയുടെ എല്ലാ അജപാലകരും ക്രിസ്തു വിനെപ്പോലെ, ജനത്തെ മരുഭൂമിയിൽ നിന്ന് ജീവന്റെ സ്ഥലത്തേക്ക് നയിക്കാൻ പുറപ്പെടണം" (വിശ്വാസത്തിന്റെ വാതിൽ ന.2). ജീവന്റെ ഉറവയായ ക്രിസ്തുവിലേക്ക് ജനതകളെ നയിക്കുകയെന്ന വലിയ ഉത്ത രവാദിത്വമാണ് ദൈവവിളി സ്വീകരിക്കുന്നവർ ഏറ്റെടുക്കുന്നത്. യേശു വിന് സാക്ഷ്യം വഹിക്കാനും അവിടുത്തെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കാനുമുള്ള വിളി യേശുവിനോടുള്ള സ്നേഹത്തിന്റെ പ്രതി ഫലമായി ലഭിക്കുന്നതാണ്. പത്രോസിന് അജപാലകസ്ഥാനം കൊടു ക്കുന്നതിനു മുമ്പ് യേശു നാഥൻ ചോദിച്ച മൂന്നു ചോദ്യങ്ങളും പത്രോ സിനു യേശുവിനോടുള്ള സ്നേഹത്തിന്റെ തീവ്രത അളക്കുന്നതായി രുന്നു. "ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന ചോദ്യം ഓരോ ദൈവവിളിയുടെയും അടിസ്ഥാനശിലയാണ്.

ഇന്ന് സ്രഷ്ടാവും പരിപാലകനുമായ ദൈവത്തേക്കാൾ ഉപ രിയായി മനുഷ്യൻ ലോകത്തെയും ലോകജീവിതസുഖങ്ങളെയുമാണ് സ്നേഹിക്കുന്നത്. നല്ലൊരു ജോലിയും നല്ല ശമ്പളവും വലിയൊരു വീടുമായാൽ ജീവിതവിജയം നേടി എന്ന മിഥ്യാധാരണയിലാണ് ഇന്ന് അനവധിപേർ ജീവിക്കുന്നത്. എന്നാൽ ആധ്യാത്മിക പാപ്പരത്വത്തിൽ തകർന്നിരിക്കുന്ന എത്രയോ അഭ്യസ്തവിദ്യരെയാണ് നാം അനുദി നവും കണ്ടുമുട്ടുന്നത്. ലോകസുഖത്തിന്റെ പാപക്കനികൾ ഭക്ഷിച്ച് നശിച്ചുപോകുന്ന നിരവധി മനുഷ്യരെ ക്രിസ്തുവിന്റെ രക്ഷാകര മാർഗ്ഗ ത്തിലേക്ക് ആനയിക്കാൻ ത്യാഗമനോഭാവവും മിഷൻ ചൈതന്യമുള്ള യുവതീയുവാക്കളെ ഇന്ന് ഈശോയ്ക്ക് ആവശ്യമുണ്ട്. പലർക്കും സമർപ്പിതജീവിതം ആഗ്രഹമുണ്ടെങ്കിലും യേശുവിനായി മുന്നോട്ടിറ ങ്ങാൻ പല തടസ്സങ്ങളും അവർക്കുണ്ടാകുന്നു. വൈദികദൈവവിളി വളർത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നിടത്ത് കത്തോലിക്കാവിദ്യാ

ഭ്യാസത്തിനുള്ള തിരുസംഘം പ്രധാനമായും രണ്ടു കാര്യങ്ങളാണ് വൈദിക ദൈവവിളിക്കുള്ള തടസ്സങ്ങളായി പറയുന്നത്. ഒന്ന്, മാതാപിതാക്കൾ മക്കളുടെ ഭാവിയെ കുറിച്ചുള്ള പ്രതീക്ഷകളിൽ ദൈവവിളിയ്ക്ക് നിസ്സാരസ്ഥാനം മാത്രമേ കൊടുക്കുന്നുള്ളൂ. രണ്ട്, സമൂഹത്തിൽ വൈദികന്റെ പ്രസക്തിയെ ചോദ്യം ചെയ്യുകയും വൈദികജീവിതംതന്നെ മോശമായി ചിത്രീകരിക്കുകയും ചെയ്യുന്നു (വിശ്വാസത്തിന്റെ വാതിൽ ന.4).

യേശുവിൽ സ്നേഹമുള്ളവരേ, ഇന്ന് നമ്മുടെ സമൂഹത്തിൽ ദൈവവിളികളുടെ എണ്ണവും ഗുണവും കുറയാനുള്ള പ്രധാന കാരണങ്ങളാണ് ഇപ്പോൾ പറഞ്ഞത്. അതിനാൽ, നമ്മുടെ കുടുംബങ്ങളിൽ വൈദീകജീവിതത്തിന്റെ മഹനീയതയെക്കുറിച്ച് മക്കളോട് പറയുവാനും വൈദികരെ ബഹുമാനിക്കാനും സ്നേഹിക്കാനും മക്കളെ പഠിപ്പിക്കുവാനും നമുക്ക് കഴിയണം. അനേകഹൃദയങ്ങളെ സ്പർശിക്കാനും ദൈവവിശ്വാസത്തിലേക്കും സന്മാർഗത്തിലേക്കും ആനയിക്കാനും കഴിയുന്ന ഉന്നതമായ വിളിയാണ് വൈദികന്റേത് എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുഞ്ഞുമക്കളെ ദൈവവിളി തിരിച്ചറിയാൻ മാതാപിതാക്കൾ അവരെ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യണം. പഴയനിയമത്തിൽ അന്ന സാമുവേലിനെ ദൈവത്തിനായി സമർപ്പിച്ചതുപോലെ മക്കളെ ദൈവോന്മുഖരാക്കി വളർത്താനും ദൈവികശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കാനും മാതാപിതാക്കളും കുടുംബാംഗങ്ങളും തയ്യാറാകണം.

സഭയിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനത്തിന്റെ ഫലമാണ് വൈദിക-സമർപ്പിത ദൈവവിളികൾ. തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്ത ഈശോനാഥൻ ദൈവവിളിവാരത്തിൽ നമ്മോടു പറയുന്നത് പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാനാണ്. 2013 ഏപ്രിൽ 1 മുതൽ 6 വരെ ലൂർദ്ദ് മെത്രാപ്പോലീത്തൻ പള്ളിയിൽ രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ വിവിധ സന്യാസസമൂഹങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഉപവാസ പ്രാർത്ഥന യജ്ഞത്തിൽ പങ്കെടുത്ത് ദൈവവിളിക്കായി പ്രാർത്ഥിക്കാൻ നിങ്ങളെല്ലാവരെയും ഞാൻ പ്രത്യേകം ക്ഷണിക്കുന്നു.

ദൈവവിളിവാരത്തിൽതന്നെയാണ് ദൈവവിളിക്യാമ്പുകളും സംഘടിപ്പിച്ചിരിക്കുന്നത്. കുട്ടികളിൽ നാമ്പെടുക്കുന്ന ദൈവവിളികളെ കണ്ടെത്തുക, തിരിച്ചറിയുക, പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ക്യാമ്പുകളുടെ ലക്ഷ്യം. 2013 ഏപ്രിൽ 1 മുതൽ 6 വരെ ആൺകുട്ടികൾക്കായി രണ്ടു ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിലും 2013 ഏപ്രിൽ 4 മുതൽ 6 വരെ പെൺകുട്ടികൾക്കുവേണ്ടി തൃശ്ശൂർ ഡി. ബി. സി. എൽ. സി.യിലും ക്യാമ്പുകൾ ഒരുക്കിയിരിക്കുന്നു. പത്താം ക്ലാസ്സിലും അതിനു മുകളിലുള്ള ക്ലാസ്സുകളിലും പഠിക്കുന്നവരെയാണ് ഈ ക്യാമ്പുകൾക്ക് അയയ്ക്കേണ്ടത്. ഇടവകയിൽ നിന്നും സമർപ്പിതജീവിതത്തോടു താത്പര്യമുള്ളവരെ പ്രത്യേകം കണ്ടെത്തി ക്യാമ്പുകളിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും മതാധ്യാപകരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ദൈവവിളിവാരത്തിലെ പ്രാർത്ഥന-ഉപവാസ യജ്ഞത്തിന്റെയും ദൈവവിളി ക്യാമ്പുകളുടെയും വിജയത്തിനായി എല്ലാ വൈദികരും സന്യസ്തരും മതാധ്യാപകരും സംഘടനാംഗങ്ങളും സാന്നിധ്യവും പ്രാർത്ഥനയും വഴി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവവിളിവാരാചരണം സംബന്ധിച്ച വിശദാംശങ്ങൾ അതിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അറിയിക്കുന്നതാണ്.

നിത്യപുരോഹിതനായ ഈശോയ്ക്ക് ജന്മം നൽകി വളർത്തിയവളും സമർപ്പിതരുടെ മാതൃകയും അതിരൂപതയുടെ സ്വർഗീയമധ്യസ്ഥയുമായ പരി. അമ്മ ദൈവവിളിക്ക് പ്രത്യുത്തരം നൽകാൻ യുവതീയുവാക്കന്മാരെ ഒരുക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം

നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2013 മാർച്ച് 10 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്. **+AT**

566 / 2013 C-3
22 /03/2013

# സർക്കുലർ

## വൈദിക പരിശീലനത്തിനായുള്ള പെസഹാവ്യാഴത്തിലെ ധനസമാഹരണം

ഈശോയിൽ പ്രിയ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ അതിരൂപതയുടെ വൈദികപരിശീലനത്തോടും പ്രത്യേകിച്ച് മേരിമാത മേജർ സെമിനാരിയോടും നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഈ വർഷം നമ്മുടെ അതിരൂപതയ്ക്ക് 6 പുതിയ വൈദികരെ ലഭിച്ചു. നമ്മുടെ മേരിമാത സെമിനാരിയിൽ വിവിധ രൂപതകളിലേക്കും സന്യാസസഭകളിലേക്കുമായി 160 വൈദികവിദ്യാർത്ഥികൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. വൈദികപരിശീലനത്തിന് വേണ്ടി വരുന്ന സംഖ്യ അതത് പ്രദേശങ്ങളിലെ ദൈവജനം കണ്ടെത്തേണ്ടതിനാൽ നിങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. യേശു പൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ത്യാഗസമർപ്പണമാണ് ഇതിനായി നമ്മൾ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷവും ഉദാരമനസ്സോടെ നിങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കും ഇതിനുള്ള കവറുകൾ മേരിമാതാ മേജർ സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച്

ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകപള്ളിയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ മെയ് 11ന് മുമ്പായി ഏല്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം

നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2013 മാർച്ച് 24 ന് ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. +AT

# സന്ദേശം

**നോമ്പുകാലസന്ദേശം - 2013**

## *"സ്നേഹത്തിൽ വിശ്വസിക്കുകയെന്നത് സ്നേഹിക്കാൻ ആവശ്യപ്പെടുന്നു"*

***"ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്യുന്നു" (1 യോഹ 4:16)***

പ്രിയസഹോദരീസഹോദരന്മാരേ,

വിശ്വാസവർഷത്തിന്റെ സാഹചര്യത്തിലെ വലിയ നോമ്പാചരണം വിലപ്പെട്ട ഒരവസരം നമുക്കു നല്കുന്നു. വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ധ്യാനിക്കാനുള്ള അവസരം തന്നെ. ദൈവത്തിൽ - യേശുക്രിസ്തുവിന്റെ ദൈവത്തിൽ - വിശ്വസിക്കുകയെന്നതും സ്നേഹിക്കുകയെന്നതും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു ധ്യാനിക്കുന്നത്. സ്നേഹമാകട്ടെ, പരിശുദ്ധാത്മാവിന്റെ ഫലമാണ്. അത് നമ്മെ ദൈവത്തോടുള്ള ഭക്തിയുടെയും മറ്റുള്ളവരോടുള്ള സമർപ്പണത്തിന്റെയും വഴിയിൽ നയിക്കുന്നു.

**1. വിശ്വാസം ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ**

എന്റെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ വിശ്വാസം, സ്നേഹം എന്നീ ദൈവീകപുണ്യങ്ങൾ തമ്മിലുള്ള ഉറ്റ ബന്ധത്തെക്കുറിച്ചുള്ള ചില ചിന്തകൾ ഞാൻ പങ്കുവച്ചിരുന്നു. "ദൈവത്തിനു നമ്മോടുള്ള സ്നേഹം, നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16) എന്നിങ്ങനെയുള്ള വിശുദ്ധ യോഹന്നാന്റെ മൗലിക പ്രസ്താവനയോടെയാണ് ഞാൻ തുടങ്ങിയത്. "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിന്റെ ഫലമാണ്. ആ കണ്ടുമുട്ടൽ ജീവിതത്തിനു പുതിയൊരു ചക്രവാളവും നിർണായകമായ

മാർഗ്ഗനിർദ്ദേശവും നല്കുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു (cf 1 യോഹ 4:10). അതുകൊണ്ട് സ്നേഹിക്കുകയെന്നത് ഇപ്പോൾ വെറുമൊരു കല്പനയല്ല. പിന്നെയോ ദൈവം നമ്മോട് അടുത്തുവരുന്നതിന്റെ ഹേതുവായ സ്നേഹമെന്ന ദാനത്തോടുള്ള ഒരു പ്രത്യുത്തരമാണ്" (ദൈവം സ്നേഹമാകുന്നു,1) എന്നിങ്ങനെ പ്രസ്താവിക്കുകയും ചെയ്തു.

വിശ്വാസമെന്നത്, യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ടതും ദൈവത്തിനു നമ്മോടുള്ളതുമായ സൗജന്യപരവും തീവ്രവുമായ സ്നേഹത്തിന്റെ വെളിപാടിനോടുള്ള വ്യക്തിപരമായ ഒട്ടിച്ചേരലാണ്. അത് നമ്മുടെ എല്ലാ കഴിവുകളുംകൊണ്ടുള്ള ഒട്ടിച്ചേരലാണ്. സ്നേഹമാകുന്ന ദൈവം ഹൃദയത്തെ മാത്രമല്ല ബുദ്ധിശക്തിയെയും പ്രവർത്തിപ്പിക്കുന്നു. "ജീവിക്കുന്ന ദൈവത്തെ അംഗീകരിക്കുകയെന്നത് സ്നേഹത്തിലേക്കുള്ള ഒരു വഴിയാണ്. അവിടത്തെ ഇഷ്ടം നമ്മൾ അനുസരിക്കുമ്പോൾ ആ അനുസരണം നമ്മുടെ ബുദ്ധിശക്തി, ഇച്ഛാശക്തി, വികാരങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നു. സർവാശ്ലേഷിയായ സ്നേഹത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ ഈ പ്രക്രിയ എപ്പോഴും മുന്നേറുന്നതാണ്. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല"(ദൈവം സ്നേഹമാകുന്നു, 17).

അതുകൊണ്ട് എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച്, പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നവർക്ക്, വിശ്വാസം ആവശ്യമുണ്ട്. എന്തെന്നാൽ "അവരുടെ സ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും മറ്റുള്ളവരോടുള്ള അവരുടെ താത്പര്യം ഉണർത്തുകയും ചെയ്യുന്ന ഒന്നാണ് ക്രിസ്തുവിൽ ദൈവത്തെ കണ്ടെത്തുകയെന്നത്. ഇതിന്റെ ഫലമായി അവർക്ക് അയൽപക്കക്കാരോടുള്ള സ്നേഹമെന്നത് പുറമേ നിന്ന് അടിച്ചേല്പിക്കുന്ന ഒരു കല്പന യായിരിക്കുകയില്ല. പിന്നെയോ തങ്ങളുടെ വിശ്വാസത്തിന്റെ ഒരു അനന്തരഫലമായിരിക്കും. സ്നേഹത്തിലൂടെ സജീവമാകുന്ന ഒന്നാണല്ലോ വിശ്വാസം" (ദൈവം സ്നേഹമാകുന്നു, 31a).

ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് അവർ ആ സ്നേഹ ത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടവരാണ്: "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കോറി 5:14). വസ്തുനിഷ്ഠമായ രീതികളിൽ അയൽക്കാരെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നവരാണവർ. (cf ദൈവം സ്നേഹമാകുന്നു, 33). കർത്താവു സ്നേഹിക്കുകയും ക്ഷമിക്കുകയും ശ്ലീഹന്മാരുടെ കാലുകഴുകാൻ കുനിഞ്ഞുനിന്നുകൊണ്ട്

സേവിക്കുകയും മനുഷ്യവംശത്തെ ദൈവസ്നേഹത്തിലേക്ക് അടുപ്പിക്കാൻ കുരിശിൽ സ്വയം സമർപ്പിക്കുകയും ചെയ്തുവെന്ന ബോധത്തിൽ നിന്നാണ് പ്രധാനമായും ഈ മനോഭാവമുണ്ടാകുന്നത്.

"ദൈവം തന്റെ പുത്രനെ നമുക്കു നല്കിയെന്ന് വിശ്വാസം നമ്മോടു പറയുന്നു. അതു യഥാർത്ഥത്തിൽ സത്യമാണെന്നതിനു വിജയകരമായ ഉറപ്പുനല്കുകയും ചെയ്യുന്നു: ദൈവം സ്നേഹമാണ്. കുരിശിൽ യേശുവിന്റെ മുറിവേറ്റ ഹൃദയത്തിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തെ വിശ്വാസം കാണുന്നു. ആ വിശ്വാസം സ്നേഹത്തിന് ജന്മം നല്കുന്നു. സ്നേഹമാണു പ്രകാശം. അവസാനം അതുമാത്രമാണു മങ്ങിയ ലോകത്തെ എപ്പോഴും പ്രകാശിപ്പിക്കുന്ന പ്രകാശം ജീവിക്കാനും അധ്വാനിക്കാനും വേണ്ട ധൈര്യം തരുന്ന പ്രകാശം അതാണ്" (ദൈവം സ്നേഹമാകുന്നു, 39).

"വിശ്വാസത്തിൽ വേരുറച്ചതും വിശ്വാസത്താൽ രൂപീകരിക്കപ്പെട്ടതുമായ സ്നേഹം" (ദൈവം സ്നേഹമാകുന്നു, 7) ആണ് ക്രിസ്ത്യാനികളെ തിരിച്ചറിയാനുള്ള പ്രധാനപ്പെട്ട അടയാളമെന്നും മനസ്സിലാക്കാൻ ഇതെല്ലാം നമ്മെ സഹായിക്കുന്നു.

**2. പരസ്നേഹം വിശ്വാസത്തിലുള്ള ജീവിതമെന്ന നിലയിൽ**

ക്രൈസ്തവജീവിതം മുഴുവനും ദൈവസ്നേഹത്തോടുള്ള പ്രത്യുത്തരമാണ്. നമുക്കു മുമ്പേ പോകുന്നതും നമ്മെ വിളിക്കുന്നതുമായ അപൂർവ്വ ദൈവികപ്രാരംഭത്തെ വിസ്മയത്തോടും നന്ദിയോടും കൂടി നാം അംഗീകരിക്കണം. അംഗീകരിക്കലെന്ന നിലയിലുള്ള വിശ്വാസമാണ് ആദ്യത്തെ പ്രത്യുത്തരം. വിശ്വാസത്തിനു നല്കുന്ന സമ്മതം കർത്താവുമായുള്ള സൗഹൃദബന്ധത്തിന്റെ പ്രകാശമാനമായ കഥയുടെ തുടക്കം കുറിക്കുന്നു. അത് നമ്മുടെ മുഴുവൻ ജീവിതത്തെയും നിറയ്ക്കുകയും അതിന് പൂർണമായ അർത്ഥം നല്കുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ സൗജന്യദാനമായ സ്നേഹത്തെ നാം സ്വീകരിക്കുന്നതുകൊണ്ടു മാത്രം അവിടന്ന് തൃപ്തനാകുന്നില്ല. അവിടന്ന് നമ്മെ സ്നേഹിക്കുക മാത്രമല്ല ചെയ്യുന്നത്. നമ്മെ തന്നിലേക്ക് അടുപ്പിക്കാനും നമ്മെ രൂപാന്തരപ്പെടുത്താനും അവിടന്ന് ആഗ്രഹിക്കുക കൂടി ചെയ്യുന്നു. "ഇനിമേൽ ജീവിക്കുന്നതു ഞാനല്ല, പിന്നെയോ ക്രിസ്തു എന്നിൽ ജീവിക്കുന്നു" (cf ഗലാ 2:20) എന്നു വിശുദ്ധ പൗലോസിനോടൊപ്പം പറയാൻ പാകത്തിനു രൂപാന്തരപ്പെടുത്താനാണ് അവിടന്ന് ആഗ്രഹിക്കുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിനു നമ്മിൽ സ്ഥാനം നല്കുമ്പോൾ നാം അവിടത്തെപ്പോലെയാകും. അവിടത്തെ സ്നേഹത്തിൽ പങ്കുചേരും. നാം അവിടത്തെ സ്നേഹത്തോടു തുറവുള്ളവരാകുമ്പോൾ നമ്മിൽ ജീവിക്കാൻ നാം അവിടത്തെ അനുവദിക്കുന്നു. അവിടത്തോടൊപ്പം അവിടന്നിൽ അവിടത്തെപ്പോലെ സ്നേഹിക്കാനും പ്രാപ്തരാകുന്നു. അപ്പോൾ മാത്രമേ നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ "സ്നേഹത്തിലൂടെ സജീവ" മാകുകയുള്ളൂ (ഗലാ 5:6). അപ്പോൾ മാത്രമേ അവിടന്നു നമ്മിൽ നിവസിക്കുകയുള്ളൂ (cf 1 യോഹ 4:12).

വിശ്വാസമെന്നത് സത്യത്തെ അറിയുകയും അതിനോട് ഒട്ടിച്ചേരുകയും ചെയ്യലാണ് (cf 1 തിമോ 2:4). പരസ്നേഹമെന്നത് സത്യത്തിൽ "നടക്കൽ" ആണ് (cf എഫേ 4:15). വിശ്വാസത്തിലൂടെ നമ്മൾ കർത്താവുമായുള്ള സൗഹൃദത്തിലേക്കു പ്രവേശിക്കുന്നു. പരസ്നേഹത്തിലൂടെ നാം ആ സൗഹൃദത്തിൽ ജീവിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു (cf യോഹ 15:14 ff). നമ്മുടെ കർത്താവും ഗുരുവുമായ യേശുവിന്റെ കല്പനയെ ആശ്ലേഷിക്കാൻ വിശ്വാസം നമുക്കു കാരണമായിത്തീരുന്നു. സ്നേഹം അതു പ്രയോഗത്തിലാക്കുന്നതിലുള്ള സന്തോഷം നല്കുന്നു (cf യോഹ 13:13–17). വിശ്വാസത്തിൽ നാം ദൈവമക്കളായി ജനിപ്പിക്കപ്പെടുന്നു (cf യോഹ 1:12 ff). പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചുകൊണ്ടു നമുക്കു ദൈവികപുത്രത്വത്തിൽ വസ്തുനിഷ്ഠമായി തുടരുവാൻ കാരണമായിത്തീരുന്നു. നല്ലവനും ഉദാരതാപൂർണനുമായ ദൈവം നമ്മെ ഏല്പിച്ച ദാനങ്ങൾ മനസ്സിലാക്കാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു (cf മത്താ 25:14–30).

### 3. വിശ്വാസവും പരസ്നേഹവും തമ്മിലുള്ള അലംഘ്യമായ ബന്ധം

മുകളിൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, വിശ്വാസവും പരസ്നേഹവും തമ്മിൽ വേർതിരിക്കാനോ അവയെ പരസ്പരവിരുദ്ധങ്ങളായി കാണാനോ നമുക്ക് ഒരിക്കലും കഴിയുകയില്ലെന്നത് വ്യക്തമാണ്. ഇപ്പറഞ്ഞ രണ്ടു ദൈവികപുണ്യങ്ങളും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അവയെ വ്യത്യസ്തങ്ങളായോ വിരുദ്ധങ്ങളായോ കരുതുന്നത് വഴിതെറ്റിക്കുന്ന ചിന്തയാണ്. ഒരുവശത്ത് വിശ്വാസത്തിന്റെ മുൻഗണനയിലും നിർണായകത്വത്തിലും ശക്തമായ ഊന്നൽ നല്കുന്നതും പരസ്നേഹപ്രവർത്തനങ്ങളെ അവ്യക്തമായ മാനുഷികതാവാദമായി ചുരുക്കുന്നതും ഏറെ പക്ഷപാതപരമായിരിക്കും. മറുവശത്ത്, വിശ്വാസത്തിന്റെ സ്ഥാനം പ്രവർത്തനത്തിനു നല്കുന്നത്, പരസ്നേഹത്തിന്റെ മുൻഗണനയ്ക്കും അത് ഉത്പാദിപ്പിക്കുന്ന പ്രവർത്തനത്തിനും നല്കുന്നത്, സഹായകരമായിത്തീരുകയില്ല. വിശ്വാസമാത്രവാ

ദത്തെയും ധർമ്മികപ്രവർത്തനമാത്രവാദത്തെയും ഉപേക്ഷിക്കുക ഗുണകരമായ ആധ്യാത്മികജീവിതത്തിന് അത്യാവശ്യമാണ്.

ക്രൈസ്തവജീവിതം ദൈവത്തെ കാണാൻ നിരന്തരം മലയിലേക്കു കയറലും സഹോദരീസഹോദരന്മാരുടെ അടുക്കലേക്ക് ഇറങ്ങലുമാണ്. ദൈവത്തിൽ നിന്നു സ്വീകരിച്ച സ്നേഹവും ശക്തിയും വഹിച്ചുകൊണ്ട് മലയിറങ്ങുന്നത് അവരെ ദൈവത്തിന്റെ തന്നെ സ്നേഹംകൊണ്ട് സേവിക്കുവാനാണ്. സുവിശേഷം പ്രഘോഷിക്കാനും ജനങ്ങളുടെ വിശ്വാസം ഉണർത്താനും അപ്പസ്തോലന്മാർക്കുണ്ടായിരുന്ന തീക്ഷ്ണത ദരിദ്രർക്കു സേവനം ചെയ്യാൻ പരസ്നേഹവുമായി ഉറ്റബന്ധം പുലർത്തിയിരുന്നുവെന്ന് വിശുദ്ധ ലിഖിതത്തിൽ കാണാം (cf അപ്പ 6:1-4).

സഭയിൽ ധ്യാനവും പ്രവർത്തനവും സുവിശേഷത്തിലെ മറിയത്തിന്റെയും മർത്തയുടെയും പ്രതീകങ്ങളാണ്. അവ രണ്ടും ഒന്നിച്ചു നിലകൊള്ളുന്നു. അവ പരസ്പരപൂരകങ്ങളാണ് (cf ലൂക്ക 10:38-42). ദൈവവുമായുള്ള ബന്ധത്തിനാണ് എപ്പോഴും മുൻഗണന നല്കേണ്ടത്. വസ്തുവകകളുടെ യഥാർത്ഥമായ ഏതു പങ്കുവയ്ക്കലും സുവിശേഷചൈതന്യത്തിൽ, വിശ്വാസത്തിൽ വേരുറച്ചിരിക്കുകയും വേണം (cf General Audience, 25 April 2012).

ചിലപ്പോൾ പരസ്നേഹത്തെ ദൃഢൈക്യമാക്കി ചുരുക്കാനും ദൃഢൈക്യത്തെ കേവലം മാനുഷികതാപരമായ സഹായമാക്കി ചുരുക്കാനും നമുക്കു പ്രവണതയുണ്ടാകാം. എന്നാൽ ഏറ്റവും വലിയ പരസ്നേഹപ്രവർത്തനം സുവിശേഷവത്കരണമാണെന്ന വസ്തുത ഓർമ്മിക്കുക സുപ്രധാന കാര്യമാണ്. അത് വചനശുശ്രൂഷയാണ്: ദൈവവചനത്തിന്റെ അപ്പം മുറിച്ചുനല്കുക സുവിശേഷം പങ്കുവയ്ക്കുക, ദൈവവുമായുള്ള ബന്ധത്തിലേക്കു പ്രവേശിപ്പിക്കുക. ഇതിനെക്കാൾ ഉപകാരപ്രദമോ തന്മൂലം പരസ്നേഹപരമോ ആയ പ്രവൃത്തിയില്ല: സുവിശേഷവത്കരണം മനുഷ്യവ്യക്തിയുടെ ഏറ്റവും ഉന്നതവും ഏറ്റവും സമഗ്രവുമായ വളർത്തലാണ്. ദൈവദാസനായ പോൾ ആറാമൻ മാർപാപ്പാ "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുള്ളതുപോലെ, വികസനത്തിനുള്ള പ്രഥമവും പ്രധാനവുമായ സഹായം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രബോധനമാണ് (cf n. 16). ദൈവത്തിനു നമ്മോടുള്ള സ്നേഹമെന്ന പ്രാഥമിക സത്യത്തിൽ ജീവിക്കുകയും അതു പ്രഘോഷിക്കുകയും വേണം. അതാണ് നമ്മുടെ ജീവിതത്തെ ഈ സ്നേഹം സ്വീകരിക്കാൻ സജ്ജമാക്കുന്നതും പൊതുവേ മനുഷ്യവംശത്തിന്റെയും ഓരോ വ്യക്തിയുടെയും സമഗ്രവികസനം സാധ്യമാക്കുന്നതും (cf സത്യത്തിൽ സ്നേഹം, 8).

സാരാംശപരമായി, എല്ലാം ദിവ്യസ്നേഹത്തിൽ നിന്നു പുറപ്പെടുകയും ദിവ്യസ്നേഹത്തിലേക്കു നയിക്കുകയും ചെയ്യുന്നു. സുവിശേഷപ്രഘോഷണത്തിലൂടെ ദൈവത്തിന്റെ ഉദാരതാപൂർണമായ സ്നേഹം നമ്മെ അറിയിച്ചിരിക്കുന്നു. നാം അതിനെ വിശ്വാസത്തോടെ സ്വീകരിച്ചാൽ ദൈവവുമായുള്ള പ്രഥമവും അനുപേക്ഷണീയവുമായ സമ്പർക്കം നമുക്കുണ്ടാകുന്നു. "ദിവ്യസ്നേഹവുമായുള്ള സ്നേഹബന്ധം സ്ഥാപിക്കാൻ" അതു നമ്മെ ശക്തരാക്കുന്നു. പിന്നീട് നാം ആ ദിവ്യസ്നേഹത്തിൽ നിവസിക്കുന്നു. അതിൽ വളരുന്നു. സന്തോഷപൂർവം നാം അതു മറ്റുള്ളവർക്കു പകർന്നു നല്കുന്നു.

വിശ്വാസവും പരസ്നേഹപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഒരു പാഠഭാഗം എഫേസോസുകാർക്കുള്ള ലേഖനത്തിലുണ്ട്. അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഏറ്റവും നല്ല വിവരണം നല്കുന്നത് അതാണ്: "വിശ്വാസം വഴി കൃപയിലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല. ആരും അതിൽ അഹങ്കരിക്കാതാരിക്കുന്നതിനു തന്നെ. നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ 2:8-10).

രക്ഷാകരമായ മുഴുവൻ പ്രാരംഭവും ദൈവത്തിൽനിന്ന്, അവിടത്തെ കൃപയിൽനിന്ന്, വിശ്വാസത്തിൽ സ്വീകരിച്ച അവിടത്തെ ക്ഷമയിൽനിന്ന്, വരുന്നുവെന്ന് ഇവിടെ വ്യക്തമായി കാണാം. എന്നാൽ ഈ പ്രാരംഭ പ്രവർത്തനം നമ്മുടെ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തെയും പരിമിതപ്പെടുത്തുന്നില്ല. മറിച്ച്, അവയെ യഥാർത്ഥമാക്കുകയും പരസ്നേഹപ്രവർത്തനങ്ങളിലേക്ക് അവയെ നയിക്കുകയുമാണ് ചെയ്യുന്നത്. ഇവ ഒന്നാമതായി മാനുഷികപ്രയത്നത്തിന്റെ ഫലമല്ല. ഇവയിൽ അഹങ്കരിക്കാനില്ല. ഇവ വിശ്വാസത്തിൽ നിന്നു ജനിക്കുന്നു, ദൈവം സമൃദ്ധമായി നല്കുന്ന, കൃപയിൽനിന്ന് ഒഴുകിവരുന്നു.

പ്രവൃത്തി കൂടാത്ത വിശ്വാസം ഫലമില്ലാത്ത വൃക്ഷം പോലെയാണ്. ഈ രണ്ടു സദ്ഗുണങ്ങളും പരസ്പരം ഉൾക്കൊണ്ടിരിക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ പരമ്പരാഗത അഭ്യസനങ്ങൾ വഴി ശ്രദ്ധാപൂർവകവും സുദീർഘവുമായ ദൈവവചനശ്രവണവും കൂദാശകളുടെ സ്വീകരണവും വഴി നമ്മുടെ വിശ്വാസത്തെ വളർത്താനും അതേസമയം ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ വളരാനും വലിയ നോമ്പ് നമ്മെ

ക്ഷണിക്കുന്നു. ഉപവാസം, പ്രായശ്ചിത്തം, ധർമ്മദാനം എന്നിവയിലൂടെയാണ് അങ്ങനെയുള്ള വളർച്ച നേടേണ്ടത്.

**4. വിശ്വാസത്തിനു മുൻഗണന, പരസ്നേഹത്തിന്റെ പ്രഥമ്യം**

ദൈവത്തിന്റെ ഏതു ദാനവുമെന്നപോലെ വിശ്വാസവും പരസ്നേഹവും ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ നിന്ന് ഉദ്ഭവിക്കുന്നു (cf 1 കോറി 13). നമ്മുടെ ഉള്ളിൽ "ആബാ പിതാവേ" (ഗലാ 46) എന്നു വിളിക്കുകയും "യേശു കർത്താവാണ്" (1 കോറി 12:3), "കർത്താവേ വന്നാലും" (1 കോറി 16:22; വെളി 22:20) എന്നിങ്ങനെ നമ്മെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് തന്നെ.

ദാനവും പ്രത്യുത്തരവുമെന്ന നിലയിൽ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം അറിയാൻ നമ്മെ കഴിവുള്ളവരാക്കുന്നു: ക്രിസ്തു മനുഷ്യാവതാരം ചെയ്ത് ക്രൂശിക്കപ്പെട്ടവനാണെന്ന്, പിതാവിന്റെ ഇഷ്ടത്തെ പൂർണമായി അനുസരിച്ചവനാണെന്ന്, അയൽക്കാരനോടുള്ള അനന്തമായ ദൈവികസ്നേഹമാണെന്ന്, അറിയാൻ കഴിവു നല്കുന്നു. തിന്മയെയും മരണത്തെയും കീഴടക്കാൻ ഈ ദിവ്യസ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന ദൃഢമായ അവബോധം ഹൃദയങ്ങളിലും മനസ്സുകളിലും വിശ്വാസം നട്ടുപിടിപ്പിക്കുന്നു. പ്രത്യാശയെന്നപുണ്യത്തോടെ ഭാവിയിലേക്കു നോക്കാൻ വിശ്വാസം നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം നേടുന്ന വിജയം പൂർണതയിലെത്തുമെന്ന ആത്മാർത്ഥമായ പ്രതീക്ഷയോടെയാണ് അങ്ങനെ ചെയ്യുന്നത്.

ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്തിലേക്ക് പരസ്നേഹം നമ്മെ ഉണർത്തുന്നു. നിത്യപിതാവിനും തന്റെ സഹോദരീസഹോദരന്മാർക്കും യേശു നടത്തിയ പൂർണവും വ്യവസ്ഥാതീതവുമായ സമർപ്പണത്തിൽ വ്യക്തിപരമായും അസ്തിത്വപരമായും പങ്കുചേരുന്നവരാക്കുന്നു. പരിശുദ്ധാത്മാവ് ഈ സ്നേഹംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറച്ചുകൊണ്ട് യേശുവിനു ദൈവത്തോടുള്ള പുത്രസഹജമായ ഭക്തിയിലും ഓരോ മനുഷ്യനോടുമുള്ള സാഹോദര്യപരമായ ഭക്തിയിലും നമ്മെ പങ്കുകാരാക്കുന്നു (cf റോമ 5:5)

ഇപ്പറഞ്ഞ രണ്ടു സദ്ഗുണങ്ങളും തമ്മിലുള്ള ബന്ധം സഭകളുടെ രണ്ട് മൗലികകൂദാശകളിൽ പ്രതിബിംബിക്കുന്നുണ്ട്. മാമ്മോദീസയും കുർബാനയുമാണ് ആ കൂദാശകൾ. മാമ്മോദീസ (വിശ്വാസത്തിന്റെ കൂദാശ) കുർബാനയ്ക്ക് (സ്നേഹത്തിന്റെ കൂദാശക്ക്) മുമ്പേ പോകുന്നു. എന്നാൽ

അതു കുർബാനയിലേക്കു നയിക്കുന്നതാണ്. കുർബാന ക്രൈസ്തവയാത്രയുടെ പൂർണതയാണല്ലോ. അതുപോലെ വിശ്വാസം പരസ്നേഹത്തിനു മുമ്പേ പോകുന്നു. പക്ഷേ, വിശ്വാസം പരസ്നേഹത്താൽ മുടിചൂടപ്പെടുന്നെങ്കിൽ മാത്രമേ യഥാർത്ഥമാകൂ. വിനയപൂർവം വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് എല്ലാം തുടങ്ങുന്നു; ദൈവത്താൽ സ്നേഹിക്കപ്പെടുന്നുണ്ടെന്ന വിശ്വാസത്തിൽ നിന്നുതന്നെ. എന്നാൽ പരസ്നേഹത്തിന്റെ സത്യത്തിലേക്ക് എത്തിച്ചേരണം (ദൈവത്തെയും അയൽക്കാരനെയും എങ്ങനെ സ്നേഹിക്കാമെന്ന് അറിയുന്നതിലേക്ക് എത്തിച്ചേരണം). പരസ്നേഹം എല്ലാ സദ്ഗുണങ്ങളുടെയും പൂർത്തീകരണമായി എന്നേക്കും നിലകൊള്ളുന്നു (cf 1 കോറി 13:13).

പ്രിയ സഹോദരീസഹോദരന്മാരേ, വലിയ നോമ്പുകാലത്ത് കുരിശിന്റെയും ഉത്ഥാനത്തിന്റെയും സംഭവം അനുസ്മരിക്കാൻ നാം ഒരുങ്ങുകയാണല്ലോ. ആ സംഭവത്തിൽ ദൈവസ്നേഹം ലോകത്തെ വീണ്ടെടുക്കുകയും അതിന്റെ പ്രകാശത്തെ ചരിത്രത്തിന്മേൽ പ്രസരിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ നിങ്ങൾ എല്ലാവരും വിലപ്പെട്ട ഈ സമയം യേശു ക്രിസ്തുവിലുള്ള വിശ്വാസം വീണ്ടും ഉജ്വലിപ്പിക്കാൻ ചെലവഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനോടൊപ്പം പിതാവിനോടുള്ള സ്നേഹത്തിന്റെ പ്രവർത്തനത്തിലേക്കും നമ്മുടെ ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള പ്രവർത്തനത്തിലേക്കും ഓരോ വ്യക്തിയും കടക്കുന്നതിനുവേണ്ടിയാണത്. ഈ നിയോഗത്തിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും കർത്താവിന്റെ ആശീർവാദം ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വത്തിക്കാനിൽ നിന്ന്,

**ബെനഡിക്ട് 16-ാമൻ മാർപാപ്പാ**

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| മാർച്ച് | 3 | : **നോമ്പ് നാലാം ഞായർ** |
| | 10 | : **നോമ്പ് അഞ്ചാം ഞായർ** |
| | 17 | : **നോമ്പ് ആറാം ഞായർ** |
| | 18 | : ജറുസലെമിലെ വി. സിറിൽ |
| | 19 | : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| | 24 | : ഓശാനഞായർ |
| | 25 | : മംഗലവാർത്തതിരുനാൾ |
| | 28 | : പെസഹാവ്യാഴം |
| | 29 | : ദുഃഖവെള്ളി (ഉപവാസദിനം) |
| | 31 | : ഉയിർപ്പുതിരുനാൾ |

**2. മാർച്ച് മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 03 | 09.30 am | സംഘടനാഭാരവാഹികളുടെ വിശ്വാസവർഷസംഗമം |
| 06 | 10.00 am | ഫൊറോന വികാരിമാരുടെ യോഗം |
| 08 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 09 | 10.00 am | പാസ്റ്ററൽ കൗൺസിൽ |
| 16 | 10.00 am | കൈകാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം |
| 17 | | പാലയൂർ മഹാതീർത്ഥാടനം |
| 21 | 10.00 am | ആലോചനസമിതി യോഗം |
| | 02.30 pm | ചെറുപട്ടങ്ങൾ |
| 25 | | വൈദിക-സമർപ്പിത വിശുദ്ധീകരണദിനം & മൂറോൻ കൂദാശ |

**4. സ്വാഗതം**

മറ്റു രൂപതകളിൽ സേവനം ചെയ്ത ശേഷം തിരിച്ചു വന്നിരിക്കുന്ന ബഹു. അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന ബഹു. സന്യാസവൈദികർക്കും സ്വാഗതം.

ഫാ. റാഫി തട്ടിൽ

ഫാ. സിജോ ചീരൻ

ഫാ. ബിജു നൈമണ്ണിൽ CSJBP
ഫാ. മാർട്ടിൻ പൂണോലി CSJBP
ഫാ. നിതിൻ ചക്കാലക്കൽ SDV
ഫാ. ജോസഫ് കണ്ണനായ്ക്കൽ SDV
ഫാ. ജസ്റ്റിൻ കാരക്കാട് SDV
ഫാ. കുന്നത്ത് പോൾസൺ CMF
ഫാ. റോയ് കോട്ടക്കാപ്പുറം SDV
ഫാ. പ്രദീഷ് പുളിക്കൽ CMI
ഫാ. ഡിനിൽ മേപ്പുറത്ത് CMI
ഫാ. ഷിന്റോ കൊളത്തുപടവിൽ CMI
ഫാ. ആന്റോ ചുങ്കത്ത്

**5. നന്ദി :**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി.

ഫാ. ബിജു പൂത്തോട്ടാൽ CSJBP
ഫാ. ജോസഫ് വാവോലിൽ MCBS
ഫാ. ആന്റണി പിട്ടാപ്പിള്ളി SDV
ഫാ. ടോളസ് ആലുക്കൽ SDV
ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch
ഫാ. ജെയിംസ് മഠത്തികണ്ടത്തിൽ CMF

**6. ആശംസ :**

അതിരൂപതയിൽ നിന്ന് ഛാന്ദാ രൂപതയിൽ മിഷൻ സേവനത്തിനായി പോയ ബഹു. സിന്റോ തൊറയൻ അച്ചന് അതിരൂപതയുടെ പ്രാർത്ഥനാ നിർഭരമായ ആശംസകൾ.

**7. പാലയൂർ മഹാതീർത്ഥാടനം :**

2013 മാർച്ച് 17-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

**8. സമർപ്പിത വിശുദ്ധീകരണദിനം :**

2013 മാർച്ച് 25-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത -വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സന്യാസവൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ

ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി.കുർബ്ബാന മദ്ധ്യേ **വി. മൂറോൻ കൂദാശ** ഉണ്ടായിരിക്കും.

**9. കാത്തലിക് നേഴ്സസ് ഗിൽഡ് :**

തൃശ്ശൂർ അതിരൂപതയിൽ കാത്തലിക് നേഴ്സസ് ഗിൽഡ് ആരംഭിച്ചിട്ട് 2013ൽ 50 വർഷം തികയുകയാണ്. ഈ വർഷത്തെ പ്രവർത്തനപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത് പ്രധാനമായും ഇടവകകളെ കേന്ദ്രീകരിച്ച രീതിയിലാണ്. ഇടവകയിലുള്ള രോഗികൾക്ക് പ്രത്യേകിച്ച് കിടപ്പു രോഗികൾക്ക് നേഴ്സുമാരുടെ സഹായം ലഭ്യമാക്കാനുള്ള ശുശ്രൂഷാപദ്ധതികൾ കാത്തലിക് നേഴ്സസ് ഗിൽഡ് ആസൂത്രണം ചെയ്യുന്നുണ്ട്. ഓരോ ഇടവകയിലെയും നേഴ്സുമാരെ സംഘടിപ്പിച്ച് ശക്തീകരിച്ച് അവരുടെ സാന്നിധ്യവും സ്നേഹശുശ്രൂഷയും കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതൊരു നിർബന്ധിത സേവനമല്ല. മറിച്ച് കനിവിന്റെ മാലാഖമാർ ആയി മാറാനുള്ള അവസരങ്ങൾ ഉപയോഗപ്രദമാക്കുകയാണ്. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നേഴ്സിംഗ് ഒരു ദൈവവിളിയാണെന്നും വിളിക്കപ്പെട്ടവർ ചെയ്യേണ്ട ജോലിയാണ് നേഴ്സിംഗ് എന്നും ഇതുവഴി വ്യക്തമാക്കാൻ നഴ്സുമാർ ഉദ്ദേശിക്കുന്നു. നേഴ്സസ് ഡേ (മെയ് 12) പ്രമാണിച്ച് അവരുടെ നിയോഗത്തിലും പങ്കാളിത്തത്തിലും ദിവ്യബലിയർപ്പിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യുന്നത് ഈ ശുശ്രൂഷയുടെ പാവനമൂല്യങ്ങളെ നേഴ്സുമാരിലും മറ്റുള്ളവരിലും ആഴപ്പെടുത്താൻ സഹായിക്കും. ഓരോ ഇടവകയിലുമുള്ള നേഴ്സുമാരുടെ ലിസ്റ്റും വിശദവിവരങ്ങളും അതിരൂപതാ നേഴ്സസ് ഗിൽഡിലേക്ക് അയയ്ച്ചുകൊടുക്കുക വഴി കൂടുതൽ ഏകോപനപരമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിന് കൂടുതൽ സഹായകമാകും. ഇപ്രകാരമുള്ള ലിസ്റ്റും വിശദവിവരങ്ങളും ലഭിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ അതിരൂപതയിൽ കാത്തലിക് നേഴ്സസ് ഗിൽഡ് പ്രവർത്തകർക്ക് നൽകണം.

**10. ദൈവവിളിവാരവും ദൈവവിളി ക്യാമ്പും :**

ഈ വർഷത്തെ ദൈവവിളിവാരം ഏപ്രിൽ 1 മുതൽ 6 വരെയാണ്. ദൈവവിളിവാരത്തിൽ ഏപ്രിൽ 1 മുതൽ 6 വരെ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ലൂർദ്ദ് മെത്രാപ്പോലീത്തൻ പള്ളിയിൽ പ്രാർത്ഥനാ ഉപവാസ യജ്ഞം ഉണ്ടായിരിക്കുന്നതാണ്. വൈദികരെയും സന്യാസിനി സന്യാസികളെയും വൈദികവിദ്യാർത്ഥികളെയും സന്യാസ പരിശീലനത്തിലുള്ളവരെയും അത്മായരേയും ഇതിലേയ്ക്ക് ക്ഷണിക്കുന്നു. അതുപോ

ലെതന്നെ ഏപ്രിൽ 1 മുതൽ 6 വരെ രണ്ടു ബാച്ചുകളിലായി ആൺകുട്ടികൾക്കുവേണ്ടി മൈനർ സെമിനാരിയിലും ഏപിൽ 4 മുതൽ 6 വരെ ഒരു ബാച്ചിൽ പെൺകുട്ടികൾക്കുവേണ്ടി ഡി.ബി.സി.എൽ.സി.യിലും ദൈവവിളിക്യാമ്പുകൾ സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവരെ കണ്ടെത്തി ഈ ക്യാമ്പുകളിലേക്ക് പറഞ്ഞുവിടാൻ ശ്രദ്ധിക്കുമല്ലോ. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇടവകകളിലേക്കും സ്ഥാപനങ്ങളിലേക്കും പിന്നീട് അറിയിക്കുന്നതാണ്.

**ദൈവവിളി ക്യാമ്പുകൾ : പങ്കെടുക്കേണ്ട ഫൊറോനകൾ**

ഒന്നാം ബാച്ച് (ഏപ്രിൽ 1 – 3) : ബസിലിക്ക, പഴുവിൽ, വടക്കാഞ്ചേരി, ഒല്ലൂർ, കണ്ടശ്ശാംകടവ്, പട്ടിക്കാട്, പറപ്പൂർ, കൊട്ടേക്കാട്
രണ്ടാം ബാച്ച് (ഏപ്രിൽ 4 – 6) : ലൂർദ്ദ്, ചേലക്കര, പുതുക്കാട്, വേലൂർ, പാലയൂർ, മറ്റം, എരുമപ്പെട്ടി, പുത്തൂർ
പെൺകുട്ടികളുടെ ക്യാമ്പ് (ഏപ്രിൽ 4–6) ഡി.ബി.സി.എൽ.സി.യിൽ. എല്ലാ ഫൊറോനകളും ഒന്നിച്ചാണ് പങ്കെടുക്കുക.

**11. ദൈവദർശൻ ക്യാമ്പ് :**

അതിരൂപതയിലെ ശെമ്മാശ്ശൻമാരുടെ നേതൃത്വത്തിൽ ഇടവകകളിലെ കുട്ടികൾക്കുവേണ്ടിയുള്ള ദൈവദർശൻ സമ്മർ ക്യാമ്പ് ഏപ്രിൽ 1 മുതൽ 27 വരെയുള്ള ദിവസങ്ങളിലാണ് സംഘടിപ്പിക്കുന്നത്. ക്ലാസ്സുകൾ, കളികൾ എന്നിവയ്ക്കു പുറമെ വി. കുർബ്ബാന, ആരാധന, ദൈവവചനശുശ്രൂഷ, വിഷ്വൽ പ്രോഗ്രാമുകൾ തുടങ്ങിയവയും കൂടി ഉൾപ്പെടുന്നവയാണ് ക്യാമ്പുകൾ. മേൽപ്പറഞ്ഞവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ (ഹാൾ, മൈക്ക്, എൽ.സി.ഡി. തുടങ്ങിയവ) ഇടവകകളിൽ ഉണ്ടാകും എന്നു ഉറപ്പുവരുത്തിയതിനുശേഷമേ ഇടവകകളിലേക്ക് ടീമുകൾ ബുക്ക് ചെയ്യാവൂ എന്ന് ബഹു. വികാരിയച്ചൻമാരെ ഓർമ്മപ്പെടുത്തുന്നു. ഈ വിധത്തിൽ 5–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ക്യാമ്പ് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 10–ന് മുമ്പ് മൈനർ സെമിനാരി റെക്ടറുടെ പക്കൽ ബുക്ക് ചെയ്യണം. വിശദാംശങ്ങൾ ഈ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**12. (a) വൈദികനിയമനം :**

**തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം :**

**പ്രാബല്യം 06–02–2013 മുതൽ**

1. **റവ. ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ :** വികാരി വെണ്ടോർ; കപ്ലോൻ എഫ്. സി. സി മഠങ്ങൾ

2. **റവ. ഫാ. ജോസ് കോനിക്കര (ജൂനിയർ) :** ഡയറക്ടർ ക്രിസ്റ്റീന ഹോം പുല്ലഴി & ഡയറക്ടർ കെ. എൽ. എം. (വികാരി വെണ്ടോർ; കപ്ലോൻ എഫ്. സി. സി മഠങ്ങൾ ഒഴിവായി)
3. **റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ** : കെ. എൽ. എം. ഒഴിവായി.
4. **റവ. ഫാ. പോളി നീലങ്കാവിൽ :** വികാരി & ഫൊറോന വികാരി പറപ്പൂർ; കപ്ലോൻ സി. എം. സി മഠങ്ങൾ (ക്രിസ്റ്റീന ഹോം പുല്ലഴി ഒഴിവായി).
5. **റവ. ഫാ. ഫ്രാങ്കോ കവലക്കാട്ട് :** വികാരി കുരിയച്ചിറ; കപ്ലോൻ സെന്റ് ജോൺ സി. എം. സി. (വികാരി & ഫൊറോന വികാരി പറപ്പൂർ; കപ്ലോൻ സി. എം. സി മഠങ്ങൾ ഒഴിവായി)
6. **റവ. ഫാ. ജോൺ അയ്യങ്കാനയിൽ :** വികാരി & ഫൊറോന വികാരി പാലയൂർ; കപ്ലോൻ പാലയൂർ എസ്. എ. ബി. എസ്., പാലുവായ് സി. എം. സി. & മമ്മിയൂർ എഫ്. സി. സി. മഠങ്ങൾ (വികാരി കുരിയച്ചിറ; കപ്ലോൻ സെന്റ് ജോൺ സി. എം. സി. ഒഴിവായി)
7. **റവ. ഫാ. ബർണാർഡ് തട്ടിൽ :** വികാരി പോന്നോർ; കപ്ലോൻ സി. എസ്. സി. (വികാരി & ഫൊറോന വികാരി പാലയൂർ; കപ്ലോൻ പാല യൂർ എസ്. എ. ബി. എസ്., പാലുവായ് സി. എം. സി. & മമ്മിയൂർ എഫ്. സി. സി. മഠങ്ങൾ ഒഴിവായി).
8. **റവ. ഫാ. ആന്റോ കൂള :** വികാരി കാവീട് (വികാരി പോന്നോർ; കപ്ലോൻ സി. എസ്. സി. ഒഴിവായി).
9. **റവ. ഫാ. ലാസർ താണിക്കൽ :** വികാരി അരിമ്പൂർ; കപ്ലോൻ സെന്റ് ജെമ്മാസ് എഫ്. സി. സി (വികാരി കാവീട് ഒഴിവായി).
10. **റവ. ഫാ. സെബാസ്റ്റ്യൻ പേരൂട്ടിൽ :** വികാരി ചൂണ്ടൽ; കപ്ലോൻ സാന്തോം സി. എം. സി. (വികാരി അരിമ്പൂർ; കപ്ലോൻ സെന്റ് ജെമ്മാസ് എഫ്. സി. സി ഒഴിവായി).
11. **റവ. ഫാ. ജോസ് ഐനിക്കൽ :** വികാരി പുലക്കാട്ടുകര; കപ്ലോൻ സി. എസ്. സി. (വികാരി ചൂണ്ടൽ; കപ്ലോൻ സാന്തോം സി. എം. സി. ഒഴിവായി).
12. **റവ. ഫാ. ജാക്സൺ ചാലക്കൽ :** വികാരി വെങ്ങിണിശ്ശേരി; കപ്ലോൻ എഫ്. സി. സി. മഠങ്ങൾ (വികാരി പുലക്കാട്ടുകര; കപ്ലോൻ സി. എസ്. സി. ഒഴിവായി).
13. **റവ. ഫാ. ജോർജ്ജ് വടക്കേത്തല :** റിട്ടയർമെന്റ് (റസിഡൻസ് വിയാനി ഭവൻ)

| ചുള്ളിക്കാടൻ ജോബി | 14 |
| വേലൂക്കാരൻ തോമസ് | 15 |
| തെക്കേക്കര ജോസ് സീനിയർ | 16 |
| പൂപ്പാടി പ്രേംജോ | 17 |
| ചാലിശ്ശേരി ജോൺസൺ | 18 |
| അറാശ്ശേരി ജോസഫ് | 20 |

| | |
|---|---|
| എലുവത്തിങ്കൽ ജസ്റ്റിൻ ജോർജ്ജ് | 22 |
| ചാഴൂർ ഡൊമിനി | 23 |
| മഞ്ഞളി ജോർജ്ജ് | 23 |
| തലക്കോടൻ ഡൊമിനിക് | 23 |
| തേറാട്ടിൽ ജോർജ്ജ് | 23 |
| വാഴപ്പിള്ളി ബിൽജു | 23 |
| പിണ്ടിയാൻ സാജൻ | 26 |
| തരകൻ ഫ്രാൻസിസ് | 27 |
| പുന്നോലിപറമ്പിൽ ജോസ് | 28 |
| കൊളമ്പ്രത്ത് മാർട്ടിൻ | 29 |
| കോനിക്കര ജോസ് സീനിയർ | 29 |
| പിണ്ടിയാൻ പോൾ | 30 |

## നാമഹേതുക തിരുനാൾ

| | |
|---|---|
| ഐനിക്കൽ ജോസ് | 19 |
| ആലപ്പാട്ട് ബിജു | 19 |
| ആലപ്പാട്ട് മേച്ചേരിപ്പടി ബിജു | 19 |
| ആലപ്പാട്ട് ജോസ് | 19 |
| ആളൂർ ജോഷി | 19 |
| അമ്പൂക്കൻ നോബി | 19 |
| അന്തിക്കാട്ട് ജോൺസൺ | 19 |
| അന്തിക്കാട്ട് ജോസഫ് | 19 |
| അറങ്ങാശ്ശേരി ജോസ് | 19 |
| അറാശ്ശേരി ജോസഫ് | 19 |
| അരിമ്പൂർ ടോണി | 19 |
| ചാലക്കൽ ജോസ് | 19 |
| ചാലിശ്ശേരി ജോൺസൺ | 19 |
| ചാഴൂർ ജോസഫ് | 19 |
| ചീരമ്പൻ ഷാജൻ | 19 |
| ചീരൻ സിജോ | 19 |
| ചെറുവത്തൂർ സിജോ | 19 |
| ചിറമ്മൽ ജോളി | 19 |

| | |
|---|---|
| ചിറയത്ത് ജോഫി | 19 |
| ചിറയത്ത് ഷാജു | 19 |
| ചിറ്റിലപ്പിള്ളി ജെയ്സൻ | 19 |
| ചിറ്റിലപ്പിള്ളി ജിന്റോ | 19 |
| ചിറ്റിലപ്പിള്ളി ജോഫി | 19 |
| ചുള്ളിക്കാടൻ ജോബി | 19 |
| എടക്കളത്തൂർ ജോസ് | 19 |
| കാച്ചപ്പിള്ളി ജോസ് | 19 |
| കടപ്പൂരാൻ ജോബി | 19 |
| കടവി ജിയോ | 19 |
| കാക്കശ്ശേരി ജോസഫ് | 19 |
| കരേപറമ്പൻ സിന്റോ | 19 |
| കോനിക്കര ജോസ് സീനിയർ | 19 |
| കോനിക്കര ജോസ് ജൂനിയർ | 19 |
| കൂള ഡിറ്റോ | 19 |
| കൂനംപ്ലാക്കൽ ജെയ്സൻ | 19 |
| കൂത്തൂർ ജോയ് | 19 |
| മാറോക്കി ജെയ്സൻ | 19 |
| മരോട്ടിക്കൽ അലക്സ് | 19 |
| മൂക്കൻ റോയ് | 19 |
| മുണ്ടശ്ശേരി ജോസഫ് | 19 |
| മുരിങ്ങാത്തേരി ജോസഫ് | 19 |
| മുരിങ്ങാത്തേരി ജോയ് | 19 |
| നായങ്കര പ്രിൻസ് | 19 |
| ഒലക്കേങ്കിൽ ദിജോ | 19 |
| പനയ്ക്കൽ ജോജു | 19 |
| പിടിയത്ത് ജിജോ | 19 |
| പൂവ്വത്തൂക്കാരൻ ജോസഫ് | 19 |
| പൊറുത്തൂർ സിന്റോ | 19 |
| പൊറുത്തൂർ ഡൈജോ | 19 |
| പുളിക്കൻ ജോസഫ് | 19 |

| | |
|---|---|
| പുലിക്കോട്ടിൽ ജെയ്സൻ | 19 |
| പുന്നോലിപറമ്പിൽ ജോസ് | 19 |
| തളിയത്ത് നിബിൻ | 19 |
| താഴത്ത് ജിക്സൺ | 19 |
| തെക്കേക്കര ജോസ് സീനിയർ | 19 |
| തെക്കേക്കര ജോസ് ജൂനിയർ | 19 |
| തെക്കിനിയത്ത് ജിയോ | 19 |
| വടക്കൻ സിറിയക് | 19 |
| വടക്കൻ ജോബ് | 19 |
| വടക്കൻ റോയ് ജോസഫ് | 19 |
| വടക്കേത്തല ജോസഫ് | 19 |
| വള്ളൂരാൻ ജോസ് | 19 |
| വട്ടക്കുഴി ജോസ് | 19 |
| വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ റിജോ | 19 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ചിറയത്ത് ഔസേപ്പ് | 14-03-1891 |
| പാറക്കൽ തോമസ് | 30-03-1891 |
| വിതയത്തിൽ ഔസേപ്പ് | 16-03-1893 |
| കണ്ണമ്പുഴ ആന്റണി | 03-03-1895 |
| ഇമ്മട്ടി ഔസേപ്പ് | 17-03-1935 |
| വളപ്പില എസ്തപ്പാനോസ് | 22-03-1942 |
| കൊള്ളന്നൂർ ജേക്കബ് | 01-03-1947 |
| ആട്ടോക്കാരൻ തോമസ് | 23-03-1947 |
| പാലയൂർ ആന്റണി | 14-03-1950 |
| നീലങ്കാവിൽ ഫ്രാൻസിസ് | 27-03-1951 |
| അമ്പൂക്കൻ പോൾ സീനിയർ | 31-03-1952 |
| ചിറ്റിലപ്പിള്ളി ലൂവീസ് | 22-03-1956 |

| | |
|---|---|
| ചിറ്റിലപ്പിള്ളി ജോസപ് | 30-03-1959 |
| അക്കര ജോർജ്ജ് ജൂനിയർ | 10-03-1962 |
| കരിപ്പേരി ജോൺ | 16-03-1962 |
| പുതുശ്ശേരി ജോർജ്ജ് | 06-03-1965 |
| തച്ചിൽ ജോൺ | 09-03-1968 |
| പാറേമ്പിൽ പോൾ | 02-03-1970 |
| മോൺ. ചിറയത്ത് സെബാസ്റ്റ്യൻ | 01-03-1979 |
| ചിറ്റിലപ്പിള്ളി പോൾ | 12-03-1981 |
| കാരത്ര സെബാസ്റ്റ്യൻ | 19-03-1986 |
| മഞ്ഞളി ജോസഫ് | 20-03-1990 |
| മാള്യമ്മാവ് റാഫേൽ | 17-03-1996 |
| വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17-03-2003 |
| തേർമഠം ഫ്രാൻസിസ് | 17-03-2006 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

27.12.12. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രോവിൻഷ്യൽ ഹൗസിലെ ഹോംമിഷൻ ടീം തൃശ്ശൂർ അതിരൂപതയിലെ ഇരവിമംഗലം ഇടവകയിൽ ഹോംമിഷൻ നടത്തി.

05.01.13. സി.എം.സി. ജർമ്മനിയിലെ staufen old age home ഡയറക്ടറും സഹപ്രവർത്തകരും കൂടി 6 പേർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശനം നടത്തി. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും ചേർന്ന് അവർക്ക് ഹ്രദ്യമായ സ്വാഗതം നല്കി.

എസ്.എ.ബി.എസ്. ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന 16 - മത് പാലയൂർ മഹാ തീർത്ഥാടത്തിനൊരുക്കമായുള്ള മീറ്റിംഗിൽ സി. സോഫി പെരേപ്പാടൻ, സി.സിൽവി ഇടത്തിൽ എന്നിവർ സംബന്ധിച്ചു.

06.01.13. സി.എം.സി. ദെനഹാതിരുനാളിൽ സിസ്റ്റേഴ്സ് വി.കുർബ്ബാന മദ്ധ്യേ വ്രതനവീകരണം നട ത്തി.

07.01.13. വിവിധ സന്യാസ സമൂഹങ്ങളിൽപെട്ടവർ ബിഷപ്പ് ബോസ്ക്കോ പുത്തൂരിന്റെ ചേട്ടന്റെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ച് അനുശോചനം അറിയിച്ചു.

08.01.13. സി.എം.സി. തൃശ്ശൂർ അതിരൂപതയിലെ നവവൈദീകർക്കും, ദേവമാത പ്രൊവിൻസിലെ നവവൈദികർക്കും അനുമോദനാശംസകൾ നേർന്നു.

09.01.13. സി.എം.സി. പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും ജറുസലം ധ്യാനകേന്ദ്രത്തിലേക്ക് പ്രാർത്ഥനക്കായി പോയി.

എസ്.എ.ബി.എസ്. പോസ്റ്റുലൻസിനുവേണ്ടി D.B.C.L.C. ൽ ആരംഭിച്ചിരിക്കുന്ന 3 മാസത്തെ തിയോളജി കോഴ്സിൽ പോസ്റ്റുലൻസ് സംബന്ധിക്കുന്നു.

11.01.13. എസ്.എ.ബി.എസ്. സി. സീന ചക്യേത്തിന്റെ അപ്പന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മദർ ലിറ്റിൽ മരിയ തെക്കേക്കര, മദർ മേഴ്സിറ്റ കണ്ണംപുഴ എന്നിവരും എല്ലാ ഭവനത്തിൽ നിന്നുമുള്ള സിസ്റ്റേഴ്സും സംബന്ധിച്ചു.

12.01.13. സി.എം.സി. എമിരിറ്റസ് ബിഷപ്പ് ഡൊമിനിക് കോക്കാട്ടും ഖോരക്പൂർ സി.എസ്.ടി. റവ.ഫാ.ലോന കല്ലേലിയും കൂടി പ്രൊവിൻഷ്യൽ ഹൗസിലെ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന സി.അൽഫോൻസ് ശാന്തിയുടെ കബറിടം സന്ദർശിച്ച് പ്രാത്ഥിച്ചു.

എഫ്.സി.സി. കാൽവരി ആശ്രമത്തിൽ വെച്ച് നടന്ന KF.F.U വിന്റെ സമ്മേളനത്തിൽ അസ്സീസി പ്രോവിൻസിൽ നിന്ന് നൂറോളം സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിത Eco -Immunology എന്ന വിഷയത്തെ സംബന്ധിച്ച് പ്രസ്തുത സമ്മേളനത്തിൽ ക്ലാസ്സെടുക്കുകയുണ്ടണ്ടായി. നെല്ലിക്കുന്ന് അൽഫോൻസാ ഭവനിൽ വെച്ച് നടന്ന ദൈവവിളി ധ്യാനത്തിൽ 35 കുട്ടികൾ സംബന്ധിക്കുകയുണ്ടായി. പഴുവിൽ സെന്റ് ആന്റണീസ് Hospital Day ആഘോഷപരിപാടിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിതയും പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഡെയ്സി ആലപ്പാട്ടും പങ്കെടുത്തു.

എസ്.എ.ബി.എസ്. സാഗർ ബിഷപ്പ് മാർ ആന്റണി ചിറയത്ത്, പ്രോവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സാഗർ മിഷനിലുള്ള സിസ്റ്റേഴ്സിന്റെ ശുശ്രൂഷകളെ കുറിച്ച് സംസാരിച്ചു. വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ കൗൺസിലർ സി. അൽഫോൻസ മൂഞ്ഞേലിയുടെ നേതൃത്വത്തിൽ പ്രോവിൻ ഷ്യൽ ഹൗസിൽ വച്ച് നടന്നു. എല്ലാ ഭവനത്തിൽ നിന്നുമുള്ള സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു.

14.01.13. സി.എം.സി. പാലക്കാട് പ്രൊവിൻഷ്യൽ സി. പാട്രിക്കും കൗൺസിലേഴ്സും മാതൃഭവനമായ കോലഴിയിൽ വരികയും അവരെ ഹ്രദ്യമായ സ്വാഗതം നല്കി സ്വീകരിക്കുകയും ചെയ്തു.

എസ്.എ.ബി.എസ്. ദിവ്യകാരുണ്യ ആരാധനാ സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ, ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 140-ാം ജന്മദിനം വിവിധ പരിപാടികളോടെ എല്ലാ ഭവനങ്ങളിലും ആഘോഷിച്ചു. മരോട്ടിച്ചാലിലുള്ള സാൻജോ ഭവൻ കോൺവെന്റിൽ വച്ച് ആസ്പിരൻസിന് ഒരാഴ്ചത്തെ Faith Retreat നടത്തി.

16.01.13. എഫ്.സി.സി. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടന്ന Thrissur Educational Trust-ന്റെ 10-ാമത് ജനറൽ ബോഡി

മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിത സംബന്ധിച്ചു.

20.01.13. എഫ്.സി.സി. ഫോർമേഷൻ സ്റ്റാഫിന്റേയും മിസ്ട്രസ്സുമാരുടേയും പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമേട്ടേഴ്സിന്റേയും ഒരു സംയുക്തസമ്മേളനം ജനുവരി 20-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

21.01.13. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രോവിൻഷ്യൽ ഹൗസിൽ ഈ വർഷം തൃശ്ശൂർ അതിരൂപതയിൽ തിരുപ്പട്ടം സ്വീകരിച്ച നവവൈദീകർക്ക് സ്വീകരണം നൽകുകയും. സമൂഹബലി അർപ്പിക്കുകയും ചെയ്തു.

23.01.13. സി.എം.സി. സെന്റ് ആൻസ് സ്കൂളിന്റെ നവതി ആഘോഷത്തിൽ പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.

എഫ്.സി..സി. പോണ്ടിച്ചേരിയിലെ എഫ്.സി.സി. ഭവനങ്ങൾ സന്ദർശിച്ച് അവിടത്തെ ആനിവേഴ്സറി പരിപാടികളിൽ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ പങ്കെടുത്തു.

എസ്.എ.ബി.എസ്. മദർ ലിറ്റിൽ മരിയ തെക്കേക്കര, മദർ മേഴ്സിറ്റ കണ്ണംപുഴ, സി.അൽഫോൻസ മൂഞ്ഞേലി എന്നിവർ S.A.B.S. ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സിസിൽ പങ്കെടുത്തു.

26.01.13. സി.എം.സി. റിപ്പബ്ളിക് ദിനത്തിൽ ഫാ. ഷാജു എടമന പതാക ഉയർത്തി. കാന്റിഡേറ്റ്സ് പരിപാടികൾക്ക് നേതൃത്വം നല്കി. തൃശ്ശൂർ പ്രോവിൻസിൽ ദീഘനാൾ സേവനം ചെയ്ത് ഇപ്പോൾ ഇരിഞ്ഞാലക്കുട പ്രോവിൻസിലെ അംഗമായ സി.ഡോളറോസിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുന്നതിനായി എഡ്യുക്കേഷൻ കൗൺസിലർ സി. ജെസ്ലിനും മറ്റു സിസ്റ്റേഴ്സും പോയി. പാവറട്ടി ബാലഭവന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ അസി. പ്രൊവിൻഷ്യൽ സി. ധീര, കൗൺസിലർ സി. ലിസപോൾ എന്നിവർ പങ്കെടുത്തു.

സി.എസ്.സി. കോലഴി മരിയ ഭവൻ ജനറലേറ്റിൽ 04 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും 22 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും ഘോഷിച്ചു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. കൂർക്കഞ്ചേരി മരിയ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് സന്ന്യാസവ്രതാർപ്പണത്തിന്റെ 50 ഉം 25 ഉം വർഷം പൂർത്തിയാക്കിയ ബ ഹു. സിസ്റ്റ്ഴ്സിന് ഹൃദ്യമായ സ്വീകരണം നൽകി.

28.01.13. എഫ്.സി.സി. ഗുരുവായൂർ എൽ. എഫ്. കോളേജിൽ പുതുതായി നിർമ്മിച്ച അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഉദ്ഘാടനകർമ്മം പാല ക്കാട് രൂപതാ മെത്രാൻ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിച്ചു.

എസ്.എ.ബി.എസ്. ജനറലേറ്റിൽ വച്ച് 23 - 28 തിയ്യതികളിൽ നടന്ന Orientation Programme ൽ Provincial team സംബന്ധിച്ചു. ജനറലേറ്റിൽ നടക്കുന്ന 3 മാസത്തെ ക്ലോയിസ്റ്ററിൽ സി. ഡോള റോസ് സംബന്ധിക്കുന്നു.

29.01.13. സി.എം.സി. മദ്ധ്യപ്രദേശിലെ കാഗസ് നഗർ മിഷ്യൻ ഹൗസിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിനായി സി. സുധയുടെ നേതൃ ത്വത്തിൽ 9 സിസ്റ്റേഴ്സ് പോയി.

എഫ്.സി.സി. ഗുരുവായൂർ എൽ. എഫ്. കോളേജ് പ്രിൻസിപ്പൽ സി. മരിയ വിക്ടർ, സി. ലില്ലി മരിയ, സി. ലിസാ പോൾ, സി. ലത ലൂയിസ് എന്നിവരുടെ യാത്രയയപ്പ് പരിപാടികളിൽ പ്രൊവിൻഷ്യൽ ടീം സംബന്ധിച്ചു. തൃശൂർ അസ്സീസി പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ (നോയിഡ പ്രോവിൻസ്) ബ. ഫെലിസിറ്റമ്മ നിര്യാതയായി. പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിതയും മുൻ പ്രൊവിൻഷ്യൽ ടീമംഗങ്ങളും സംസ്ക്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

31.01.13. സി.എം.സി. കോലഴി പള്ളി വികാരി ഫാ. ഡഗ്ളസ് പീറ്റർ സ്ഥലം മാറി പോകുന്നതിനാൽ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സമു ചിതമായ യാത്രയയപ്പ് നല്കി.

02.02.13. എഫ്.സി.സി. ലോകസമർപ്പിതദിനത്തിൽ സമർപ്പിതരെ ആദരിക്കു ന്നതിന്റെ ഭാഗമായി ലൂർദ്ദ് കത്തീഡ്രലിൽ നടന്ന ദിവ്യബലിയിലും തുടർന്നുള്ള പൊതുസമ്മേളനത്തിലും സ്നേഹവിരുന്നിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.

സി.എസ്.സി. സമർപ്പിതദിനത്തോടനുബന്ധിച്ച് കോലഴി മരിയഭ വനിൽ ദിവ്യബലിയ്ക്കു മുമ്പായി തിരിതെളിയിച്ച് സമർപ്പിതദിനം ഉദ്ഘാടനം ചെയ്തു. അന്നേദിനം അഖണ്ഡജപമാല ദിനമായി ആചരിച്ചു.

04.02.13. എഫ്.സി.സി. ഫാമിലി അപ്പസ്റ്റൊലേറ്റിൽ സാന്ത്വന ത്തിന്റെ നേതൃത്വത്തിൽ നടന്ന 'Result Based Management'എന്ന വിഷ യത്തെ സംബന്ധിച്ച ക്ലാസ്സിൽ പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഡെയ്സി ആലപ്പാട്ട് പങ്കെടുത്തു. ഫാ മിലി അപ്പസ്റ്റൊലേറ്റിൽ

സാന്ത്വന ത്തിന്റെ നേതൃത്വത്തിൽ നടന്ന 'Result Based Management' എന്ന വിഷയത്തെ സംബന്ധിച്ച ക്ലാസ്സിൽ പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഡെയ്സി ആലപ്പാട്ട് പങ്കെടുത്തു. കാക്കനാട്ട് Mount St. Thomas ൽ വെച്ച് നടന്ന Managers & Diocesan Directors of Higher Education മീറ്റിംഗിൽ എഡ്യൂക്കേഷൻ കൗൺസിലർ ബ. സി. റാണി കുരിയൻ സംബന്ധിച്ചു.

05.02.13. എഫ്.സി.സി. പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ ബോ സ്കോ പിതാവിനെ സന്ദർശിച്ചു.

08.02.13. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് 2000 മുതൽ 2012 കാലഘട്ടം വരെ നിത്യവ്രതം ചെയ്ത ബഹു. സിസ്റ്റേഴ്സിന്റെ ഒരു സംഗമം നടത്തി. ബഹു. ഫാ. ജോസ് എടാട്ടുക്കാരൻ ofm.cap, ബഹു. സി. ഗ്രെയ്സ് തോമസ് CMC എന്നിവർ ക്ലാസ്സെടുത്തു.

09.02.13. എഫ്.സി.സി. ഈ വർഷം അധ്യയനരംഗത്തുനിന്ന് വിരമിക്കുന്ന സിസ്റ്റേഴ്സിന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സമുചിതമായ യാത്രയയപ്പ് നൽകി.

***ആദരാഞ്ജലികൾ***

12.01.13. സി.എം.സി. ചൂണ്ടൽ മരീനഹോം മഠാംഗമായ സി. സൈമൺസ്റ്റോക്ക് നിര്യാതയായി. ദീർഘകാലത്തെ രോഗാവസ്ഥയിലും നിശബ്ദമായി സഹിച്ച് ഈ ലോകത്തോട് യാത്ര പറഞ്ഞ സിസ്റ്ററിന്റെ മൃതസംസ്കാരം മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു.



17.01.13. സി.എം.സി. ചേറൂർ സെന്റ് സേവിയേഴ്സ് മഠാംഗമായ സി.ഡോ.തെരേസ് മരിയ വിടർന്ന് തീരും മുമ്പേ കൊഴിഞ്ഞു വീണു. സഹനങ്ങളെ ത്യാഗപുഷ്പങ്ങളാക്കി സമർപ്പിച്ച സിസ്റ്ററിന് അന്തിമോപചാരം നല്കാൻ ധാരാളം പേർ എത്തി. ഇരിഞ്ഞാലക്കുട മെത്രാൻ മാർ പോളി കണ്ണൂക്കാടൻ, മാർ റാഫേൽ തട്ടിൽ എന്നീപിതാക്കൻമാരുടെ നേതൃത്വത്തിൽ ശുശ്രൂഷകൾ ആരംഭിക്കുകയും സമാപനകർമ്മം മെത്രാപോലീത്ത മാർ ആൻ ഡ്രൂസ് പിതാവ് നിർവ്വഹിക്കുകയും ചെയ്തു.





23.01.13. സി.എം.സി. മണലൂർ സെന്റ് തെരേസാസ് മഠാംഗമായ സി. മേരി വിയാനി നിറഞ്ഞ പുഞ്ചിരിയോടെ യാത്ര യാ യി. വികാരി ജനറൽ മോൺസിഞ്ഞോർ ഫാ.ജോർജ്ജ് എടക്കളത്തൂരിന്റെ മുഖ്യകാർമികത്വ ത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തി.



13.02.13 എഫ്.സി.സി. മുണ്ടൂർ സെന്റ് ഫ്രാൻസിസ് ഭവനാംഗ മായ ബ. മേരി ലൈസമ്മ (87 വയസ്സ്) നിര്യാതയായി. മൃതസംസ്ക്കാരകർമ്മം അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ നടന്നു.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

Ph : 2333245, 2320828

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

അതിരൂപതയിലെ ഫെബ്രുവരി 10, 17, 24 എന്നീ തിയ്യതികളിൽ മതബോധന വാർഷിക പരീക്ഷകൾ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരേയും മതബോധന (പ്രധാന) അദ്ധ്യാപകരേയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസ പരിശീലനത്തിന് വെക്കേഷൻ ഇല്ലാത്തിനാൽ ഈ വേനൽക്കാല ദിവസങ്ങളിൽ ഇടവകയിലെ മക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ വികാരിയച്ചൻമാരോടൊപ്പം മതാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**1. Centralised Evaluation Stds. X, XII & ACC**

Centralised Evaluation -ന് Chief Examiners -ന് നേരിട്ടും Asst. Examiners-ന് Headmaster വഴിയായും Appointment Orders ഇവിടെ നിന്നും അയച്ചിട്ടുണ്ട്. X, XII, ACC പഠിപ്പിക്കുന്ന അദ്ധ്യാപകർ നിർബന്ധമായും Evaluation-ന് സഹായിക്കേണ്ടതാണ്. നിയമനം നിരസിക്കരുതെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ബഹു. വൈദികരും ഹെഡ്മാസ്റ്റർമാരും പ്രത്യേകം താത്പര്യമെടുത്ത് അദ്ധ്യാപകരെ പറഞ്ഞയക്കുമല്ലോ.

**2. Stds. XII Certificates**

Certificates മതബോധനകേന്ദ്രത്തിൽ മാർച്ച് അവസാനം കൊണ്ടുവന്നാൽ മതി. പൂരിപ്പിക്കാൻ ഏതെങ്കിലും ഇനം വിട്ടുപോയാൽ ഇവിടെനിന്നും Annual Mark പൂരിപ്പിക്കുന്നതല്ല.

**3. Intensive Catechism - ദൈവദർശൻ 2013**

April / May -ൽ മതബോധനയൂണിറ്റുകളിൽ ദൈവദർശൻ ക്യാമ്പ് നടത്തേണ്ടതാണ്. Stds I to IV അതാത് യൂണിറ്റുകളുടെ ഉത്തരാവദിത്വത്തിലും Stds. V to X, Minor Seminary Brothers, മറ്റു സന്യസ്തർ, മതാദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിലും ആണ് നടത്തേണ്ടത്. ബഹു. റെക്ടറച്ചനുമായി നേരത്തെ തന്നെ ബന്ധപ്പെടുക. ഫാ. റോയ് മൂക്കൻ - ഫോൺ 2420891, 2423196

## 4. Service Award Day - 26th January 2013

ഈ വർഷത്തെ Service Award Day സമുചിതമായി ആഘോഷിച്ചു. അതിരൂപതയിലെ നവവൈദികരുടെ ദിവ്യബലിയോടുകൂടി രാവിലെ പരിപാടികൾ ആരംഭിച്ചു. കത്തിച്ച തിരികളുമായി അദ്ധ്യാപകർ പ്രതിജ്ഞ ചൊല്ലി. അവാർഡിനർഹരായ 146 പേരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ 500 ഓളം പേർ രാവിലെ മുതലുള്ള ചടങ്ങുകളിൽ സംബന്ധിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. അദ്ധ്യാപകരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കലും അതോടൊപ്പമുണ്ടായിരുന്നു. മതബോധന കമ്മീഷൻ അംഗങ്ങളും അതിരൂപതാ പി.ടി.എ. അംഗങ്ങളും എല്ലാ ചടങ്ങുകൾക്കും നേതൃത്വം നൽകി. ഉച്ചക്കുശേഷം നടന്ന അവാർഡ് ദാന ചടങ്ങിന്റെ ഉദ്ഘാടനവും അവാർഡ്ദാനവും സമ്മാനദാനവും അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. റവ. ഡോ. പോൾ പുളിക്കൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. ഡയറക്ടറച്ചൻ സ്വാഗതം ആശംസിച്ചു. മതാദ്ധ്യാപകർക്കുള്ള Aptitude Examination, കുട്ടികളുടെ Manuscript Magazine ഇവയിൽ റാങ്ക് ലഭിച്ചവർക്കുള്ള സമ്മാനദാന വിതരണവും Std XII കുട്ടികളുടെ PREX നടത്തിയതിൽ Forane Stars-നുള്ള സമ്മാനദാനവും അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു.

SMCC സഭാതലത്തിൽ അവാർഡ് നേടിയ പ്രീതി പി.വി. എന്ന വിദ്യാർത്ഥിനിയെ പ്രത്യേകം അഭിനന്ദിച്ചു. SMCCഅതിരൂപതാ ക്യാമ്പിൽ പങ്കെടുത്ത 27 വിദ്യാർത്ഥികൾക്കും സമ്മാനം നൽകുകയുണ്ടായി. സഭാതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മറ്റു മൂന്നു പേരായ Dijoy Johny, Fraceena Francis, Brilwin O.J. എന്നിവരെ പ്രത്യേകം ആദരിച്ചു.



Std. 1 മുതൽ ACC ഉൾപ്പെടെ 15 വർഷം മുടങ്ങാതെ Full Attendance ഉള്ള Rosemol Joseph (Basilica) എന്ന വിദ്യാർത്ഥനിയെ പ്രത്യേകം ആദരിക്കുകയുണ്ടായി.

## 5. Scholarship Examinations

a) Sunday Catechism - 16 April 2013 Tuesday 2 pm - 4 pm

b) School Catechism & Moral Science - 9 April 2013 Tuesday 2 pm - 4 pm.

Hall Tickets മതബോധനകേന്ദ്രത്തിൽ നിന്നും അയച്ചു തരുന്നതാണ് പരീക്ഷക്ക് 5 ദിവസം മുമ്പ് വരെ Hall Tickets ലഭിച്ചില്ലെങ്കിൽ മത ബോധനകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. Hall Tickets കുട്ടികൾക്ക് കൊടുക്കുന്നതിനു മുമ്പ് HM അതിൽ ഒപ്പിടണം.

**6. Sunday Catechism Scholarship Examination - 2013**

Please See Annual Programme Page 17, 18, 20 Special Portion for Students of Stds. IV, V, VI, VII : ഈ കുട്ടികൾക്കുള്ള പ്രത്യേക പുസ്തകം മാർച്ച് 15 മുതൽ മതബോധന ബുക്ക് സ്റ്റാളിൽനിന്നും വാങ്ങാവുന്നതാണ്.

**7. Sunday Catechism - Scholarship Examination**

***Examination Centres:***

1. Chelakkara - Little Flower CGHSS
2. Eravu - St. Joseph's Eng. HSS
3. Mannuthy - Holy Family Eng. School
4. Mundur - O. L. of Mount Carmel Church
5. Ollur - St. Mary's CGHS
6. Palakkal - St. Mathew's Church
7. Pavaratty - Christ King CGHS
8. Pazhuvil - St. Antony's HS
9. Thrissur - Sacred Heart CGHSS
10. Thrissur East - St. Mary's Lourde UPS
11. Wadakkanchery - Clelia Barbieri Eng. School

**8. School Catechism & Moral Science Scholarship Examination**

***Examination Centres:***

1. Eravu - St. Joseph's Eng. HSS
2. Mammiyur - Little Flower CGHSS
3. Ollur - St. Mary's CGHS
4. Palakkal - Aided LPS
5. Thrissur - Sacred Heart CGHSS
6. Thrissur East - St. Mary's Lourde UPS
7. Wadakkanchery - St. Pius X CUPS

## 9. Catechetical Book Stall

a). **വേദോപദേശ സംക്ഷേപം** : With Prayers in English also. Revised Edition

b). വി. കുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും കുട്ടികളെ ഒരുക്കുവാനുള്ള 'പരിശീലനസഹായി' പുസ്തകം

c). കുട്ടികൾക്കു വേണ്ട 'വിശുദ്ധ കുർബ്ബാനയുടെ പുസ്തകവും തിരിയും' ബുക്ക് സ്റ്റാളിൽനിന്നും ലഭിക്കുന്നതാണ്.

## 10. Aptitude Examination for Sunday Catechism Teachers Rank List Dec. 2012

തൃശൂർ അതിരൂപതയിലെ മതാദ്ധ്യാപകർക്കുവേണ്ടി 2012 ഡിസംബർ 2-ന് യൂണിറ്റ് തലത്തിൽ Aptitude Examination നടത്തി. ഡിസംബർ 2-ന് പരീക്ഷയെഴുതുവാൻ സാധിക്കാതിരുന്നവർക്കും പരീക്ഷയിൽ വിജയിക്കാതിരുന്നവർക്കുമുള്ള Re-Examination 2013 ജനുവരി 24, 25 തിയ്യതികളിലായിരുന്നു. യൂണിറ്റു തലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അതിരൂപതാതലത്തിൽ പരീക്ഷയെഴുതി റാങ്ക് നേടിയവരുടെ പേരുകൾ താഴെ ചേർക്കുന്നു.

| Rank | Name | Unit |
|---|---|---|
| 1st | Mini Tony | St. George Church, Mukkattukara |
| 2nd | Sr. Maria Theresa | Little Flower Church, Poomala |
| 3rd | Reena Sebastian | Vijayamatha Church, Chiyyaram |

**Consolation Prizes**

| | | |
|---|---|---|
| 1 | Sumi Varghese | O.L. of Lourde's Church, Peechi |
| 2. | Sr. Gracy SLMI | St. Ann's Church, West Fort |
| 3. | Kohny Thattil | St. Mary's Church, Chittissery |
| 4. | Susy Siju | St. Antony's Church, Pazhuvil |
| 5. | Gracy Joy | St. Joseph's Church, Chuvannamannu |
| 6. | Sr. Alphonsa MSMI | St. John the Baptist Church, Nedupuzha |
| 7. | Sr. Mary Rose | St. Joseph's Church, Kundukad |

## 11. Student's Manuscript Magazine 2012 - 2013 Prize List

കുട്ടികളുടെ ക്രൈസ്താവാഭിമുഖ്യമുള്ള കലാ-സാഹിത്യ വാസനകളെ പ്രോത്സാഹിപ്പിക്കാൻ നടത്തിയ മതബോധന വിദ്യാർത്ഥികളുടെ കയ്യെഴുത്തുമാസികയുടെ വിഷയം "പ്രാർത്ഥന, കർതൃപ്രാർത്ഥന" എന്നതായിരുന്നു. കയ്യെഴുത്തു മാസിക അതിരൂപത മതബോധന കേന്ദ്രത്തിൽ സമർപ്പിച്ച യൂണിറ്റുകളും സമ്മാനർഹരായ യൂണിറ്റുകളും.

## Participants

Aloor, Ambakad, Ammadam, Arampilly, Aranattukara, Athani, Ayyanthole, Basilica, Brahmakulam, Cathedral, Chengalur, Chittissery, Chiyyaram, Edakkalathur, Enamakkal, Engandiyur, Eravu, Eyyal, Kallur West, Kandasankadavu, Karamuck N., Kaveed, Kodannur, Kotengattukara, Konikkara, Kottapadi, Kottedad, Kundannur, Kundukad, Kuriachira, Mangad, Mannuthy, Marathakara, Mattom, Mullassery, Mullurkara, Mundur, Nadathara, Nedupuzha, Nellankara, Nellikkunnu, Nirmalapuram, Olarikkara, Ollur, Padavarad, Palayur, Palissery, Panamkuttichira, Parappur, Pavaratty, Perakam, Perinchery, Peringottukara, Ponganamkad, Ponnani, Poochinnipadam, Poothole, Pudukad, Puranattukara, Puthur, Thalakkottukara, Thalore, Thandilam, Thayyur, Thrikkur, Vaka, Varakkara, Vellarakkad, Velupadam, Veluthur, Vendore, Vijayapuram, Vylathur, Wadakkanchery, West Fort.

## Prize List

| Rank | Unit | |
|---|---|---|
| Ist | Puranattukara | St. Sebastian's Church |
| 2nd | Kottapady | St. Lazar's Church |
| 3rd | 1. Vendore | St. Mary's Church |
| | 2. Ponganamkad | St. Mary's Church |
| | 3. Nadathara | Sacred Heart Church |

**Consolation Prizes**

| | | |
|---|---|---|
| 1 | Pudukad | St. Antony's Church |
| 2. | Chengalur | O.L. of Mount Carmel Church |
| 3. | Aloor | St. Sebastian's Church |
| 4. | West Fort | St. Ann's Church |
| 5. | Ollur | St. Antony's Church |
| 6. | Kodannur | St. Antony's Church |
| 7. | Kolengattukara | St. Mary's Church |
| 8. | Cathedral | Lourdes Metropolitan Cathedral |
| 9. | Eyyal | St. Francis Xavier's Church |
| 10. | Vaka | St. Sebastian's Church |
| 11. | Ponnani | St. Antony's Church |

*Congratulations!!* ***Happy Easter!!***

സസ്നേഹം

**Fr. Daison Mundopuram**
**Fr. Teds Kunnappilly**
Asst. Directors

**Fr. Jiphy Mekkattukulam**
Director

# മേരിമാതാ മേജർ സെമിനാരി

## ഈണം 2013 – മധുരം + മധുരം = ഇരട്ടി മധുരം (ജനു. 30)

സെമിനാരിയിലെ സംഗീതസന്ധ്യ ഈണം 2013 എന്ന പേരിൽ വളരെയേറെ പുതുമകളോടെ ജനുവരി 30-ന് നടത്തപ്പെട്ടു. വൈദികവിദ്യാർത്ഥികളുടെ സംഗീത അഭിരുചികളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ബ്ര. സുബിൻ കലയംകണ്ടത്തിലിന്റെ നേതൃത്വത്തിൽ നടന്ന സംഗീതസന്ധ്യ എട്ടോളം സംഗീത ഉപകരണങ്ങൾ ചേർന്ന മ്യൂസിക് ഫ്യൂഷനിൽ ആരംഭിച്ച് ചെയിൻ സോങ്ങോടുകൂടി സമാപിച്ചു. ഗായകസംഘത്തിലെ 24 ഓളം ബ്രദേഴ്സ് ഒറ്റക്കും കൂട്ടമായും ആലപിച്ച 12 ഗാനങ്ങളും ബഹുമാനപ്പെട്ട അച്ചൻമാർ അവതരിപ്പിച്ച ഗാനവും തച്ചിലച്ചന്റെ വയലിൻ കച്ചേരിയും സംഗീതസന്ധ്യയെ കൂടുതൽ ഹൃദ്യമാക്കി. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി സംഗീതസന്ധ്യയോടനുബന്ധിച്ച് നടത്തിയ ഫുഡ് ഫെസ്റ്റ് പുതിയ ഒരു അനുഭവമായി. വൈദികവിദ്യാർത്ഥികൾ തയ്യാറാക്കിയ സ്വാദിഷ്ഠമായ സദ്യയും ഇമ്പമുള്ള ഗാനങ്ങളും ഈ സന്ധ്യയെ അവിസ്മരണീയമാക്കി.

## മാസധ്യാനം (ഫെബ്രുവരി 1, 2)

2013 ഫെബ്രുവരി മാസത്തിലെ ധ്യാനം 1, 2 തിയ്യതികളിലായി നടന്നു. സെമിനാരിയിലെ അദ്ധ്യാപകനും തിയോളജി വിഭാഗം ഡീനുമായ ബഹു. ടോണി നീലങ്കാവിലച്ചനാണ് ധ്യാനം നയിച്ചത്. ഈ ആധുനിക കാലഘട്ടത്തിലെ പുരോഹിതൻ എങ്ങനെ ആയിരിക്കണം, അവൻ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ് അദ്ദേഹം സുവിശേഷത്തിന്റെ വെളിച്ചത്തിലും തന്റെ ജീവിത അനുഭവങ്ങളിലൂടെയും പങ്കുവെച്ചു. അങ്ങനെ ഏറെ ചിന്തോദ്ദീപകവും ആത്മീയ ഉണർവും പ്രദാനം ചെയ്തതുമായിരുന്നു ഈ മാസധ്യാനം.

## റിപ്പബ്ലിക് ഡേ (ജനുവരി 26)

ഈ വർഷത്തെ റിപ്പബ്ലിക് ഡേ മേരിമാത സെമിനാരിയിലും ഉചിതമായി ആചരിച്ചു. എം.എസ്.ടി. സഭാസമൂഹത്തിലെ സുപ്പീരിയർ ജനറൽ ആയ ഡോ. ജെയിംസ് അത്തിക്കുളത്തിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി. കുർബ്ബാനക്കുശേഷം ദേശീയ പതാക ഉയർത്തി. വൈദികവിദ്യാർത്ഥികളിലെ ദേശസ്നേഹം ഉണർത്തിക്കൊണ്ട് അദ്ദേഹം റിപ്പബ്ലിക് സന്ദേശം നൽകി. വിദ്യാർത്ഥി പ്രതിനിധിയായി ഒന്നാം വർഷ തത്വ ശാസ്ത്ര വിദ്യാർത്ഥിയായ ബ്ര. പ്രവീൺ കൊടവന സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് തൃശൂർ ജില്ലാ കളക്ടർ ബഹുമാന്യനായ പി.എം. ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ

പൊതുയോഗം ഉണ്ടായിരുന്നു. കളക്ടർ മുഖ്യപ്രഭാഷണം നടത്തി. ബ്ര. ബിജോ പുത്തൂർ പ്രസംഗിച്ചു. തുടർന്ന് കാസ്പ്, എസ്.ഒ.എസ്., മുളയം ഇടവക, സെമിനാരി വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ട് റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് തിരശ്ശീലയിട്ടു.

### ഇടവക തിരുനാൾ (ഫെബ്രുവരി 1-4)

മുളയം സെന്റ് പാട്രിക് ഇടവക ദേവാലയത്തിൽ ഇടവക മദ്ധ്യസ്ഥനായ വി. പാട്രിക്കിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ ഫെബ്രുവരി 1, 2, 3, 4 തിയ്യതികളിൽ ആഘോഷപൂർവ്വം കൊണ്ടാടി. ഫാ. സജീവ് ഇമ്മട്ടിയുടെ നേതൃത്വത്തിൽ വി. കുർബ്ബാന അർപ്പിക്കുകയും തിരുനാൾ ദിന സന്ദേശം നൽകുകയും ചെയ്തു. വി. കുർബ്ബാനയിൽ എല്ലാ തത്വശാസ്ത്ര വിദ്യാർത്ഥികളും പങ്കുകൊണ്ടു. 4-ാം തിയ്യതി വൈകുന്നേരം ഗാനമേളയും ഉണ്ടായിരുന്നു.

### Legacy of Vatican II (ഫെബ്രുവരി 4)

കത്തോലിക്കാസഭ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി ആചരിക്കുന്ന ഈ വർഷത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനങ്ങളുടെ കാലികപ്രസക്തി എടുത്തു കാണിക്കുവാനും അവക്ക് കാലോചിതമായ വ്യാഖ്യാനം നൽകുവാനും മേരിമാതാ സെമിനാരി ലീഗസി ഓഫ് വത്തിക്കാൻ II എന്ന പേരിൽ ഒരു സെമിനാർ ഫെബ്രുവരി 4-ാം തിയ്യതി സംഘടിപ്പിച്ചു. ലുവെയിൻ യൂണിവേഴ്സിറ്റിയിൽനിന്നുള്ള പ്രൊഫ. Joris Geldho മലേഷ്യയിൽനിന്നുള്ള പ്രൊഫ. Jeffery Goh, Fr. Paul Pulickan എന്നിവർ പേപ്പറുകൾ അവതരിപ്പിച്ചു. ഓരോ വിഷയാവതരണത്തിനുശേഷവും ചോദ്യോത്തരവേളയും ഉണ്ടായിരുന്നു. കൗൺസിൽ പഠനങ്ങളുടെ വെളിച്ചത്തിൽ കൂദാശകൾ, ആരാധനക്രമം, മതാന്തരസംവാദം, സഭയിൽ അത്മായരുടെ പങ്കാളിത്തം എന്നിവയെക്കുറിച്ചായിരുന്നു ചർച്ചകൾ. സെമിനാരിയിലെ വൈദികരും ബ്രദേഴ്സിനും പുറമേ ബഹു. സിസ്റ്റേഴ്സും, അത്മായ പ്രതിനിധികളുമടക്കം മുപ്പതോളം അംഗങ്ങൾ കൂടി സെമിനാറിൽ പങ്കെടുത്തു.

### Philosophy Section Feast (ഫെബ്രുവരി 16)

ഫെബ്രുവരി 16-ാം തിയ്യതി ശനിയാഴ്ച തത്വശാസ്ത്ര വിദ്യാർത്ഥികൾ തങ്ങളുടെ സെക്ഷൻ ഫീസ്റ്റ് ആഘോഷിച്ചു. വി. യൗസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥത്തിനാണ് ഫിലോസഫി സെക്ഷൻ സമർപ്പിച്ചിരിക്കുന്നത്. അന്നേ ദിവസം രാത്രി 7 മണിക്ക് നടന്ന പ്രാർത്ഥനാശുശ്രൂഷയ്ക്ക് ബഹു. ചാക്കോ

നടക്കേവെളി അച്ചൻ നേതൃത്വം നൽകി സന്ദേശം നൽകുകയും ചെയ്തു. പ്രാർത്ഥനകൾക്കുശേഷം നേർച്ചവിതരണം ഉണ്ടായിരുന്നു.

### പരീക്ഷാച്ചൂടിലേക്ക്....

സെമിനാരി കുടുംബം പരീക്ഷാച്ചൂടിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. രണ്ടാം സെമസ്റ്ററിലെ പരീക്ഷകൾ ഫെബ്രുവരി 25 മുതൽ മാർച്ച് 15 വരെയുള്ള ദിവസങ്ങളിലാണ്. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട പരീക്ഷയായ കൺഫെഷൻ ഫാക്കൽറ്റി എക്സാം നടന്നത് ഫെബ്രുവരി 21-ാം തിയ്യതിയാണ്. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ കോംപ്രിഹെൻസീവ് റിട്ടൺ എക്സാം മാർച്ച് 6നും ഓറൽ എക്സാം 13 നും ആണ് നടക്കുന്നത്.

## Half Day Outing (ഫെബ്രുവരി 2)

ഫെബ്രുവരി 2-ാം തിയ്യതി ഉച്ചകഴിഞ്ഞ് ഹാഫ് ഡേ ഔട്ടിംഗിനായി ബ്രദേഴ്സ് തൃശൂർ നഗരത്തിലേക്ക് പോയി. തൃശൂരിന്റെ ചരിത്രപ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കുകയും, പുസ്തകോത്സവം, പെറ്റ് ഷോ മുതലായവയിൽ പങ്കുകൊണ്ട് രാത്രി എട്ടുമണിയോടെ തിരിച്ചെത്തി. ഒത്തിരി സന്തോഷപ്രദമായ അനുഭവമായിരുന്നു ഹാഫ് ഡേ ഔട്ടിംഗിൽനിന്നും ബ്രദേഴ്സിനു ലഭിച്ചത്.

### സഭൈക്യവാരം (ഫെബ്രുവരി 18-25)

മേരിമാതാ മേജർ സെമിനാരിയിൽ ജനുവരി 18-ാം തിയ്യതി മുതൽ 25-ാം തിയ്യതി വരെ സഭൈക്യവാരം ആചരിച്ചു. സഭൈക്യവാരത്തിന്റെ ഭാഗമായി 20-ാം തിയ്യതി ഞായറാഴ്ച 7 മണി മുതൽ 8.30 വരെ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരുന്നു. ഈ പ്രാർത്ഥനാശുശ്രൂഷയിൽ വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. പ്രാർത്ഥനാശുശ്രൂഷയിൽ കൽദായ സഭാ മെത്രാൻ മാർ ഓഗ്ഗിൻ കുര്യാക്കോസ് എപ്പിസ്ക്കോപ്പൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

### ബേഴ്സ് സ്ഥാപിച്ചവർ

### Patron Membership

1. ശ്രീ. സി. ജെ. ജോണി, ചെറയത്ത് ഹൗസ്, മരത്താക്കര.
2. ശ്രീ. സി. ജെ. വർഗ്ഗീസ്. ചെറയത്ത് ഹൗസ്, മരത്താക്കര
3. റവ. സി. മദർ സുപ്പീരിയർ സി.എം.സി., ക്രൈസ്റ്റ് കിംഗ് കോൺവെന്റ്, പാവറട്ടി
4. ശ്രീ. പി. വി. ജോസ്, പെരിഞ്ചേരി ഹൗസ്, തൈക്കാട്ടുശ്ശേരി

## Benefactor Membership

1. ശ്രീ. കെ. ടി. ആന്റണി, കുണ്ടുകുളം ഹൗസ്, തൃശൂർ
2. ശ്രീമതി സെലീന ഫ്രാൻസിസ്, വടക്കൻ ഹൗസ്, കുന്ദംകുളം
3. ശ്രീ. എം. എസ്. ജോണി, മണലിൽ ഹൗസ്, പോർക്കുളം
4. ശ്രീ. വാറുണ്ണി & ജെയിംസ്, എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ
5. ശ്രീ. & ശ്രീമതി ജോൺസൺ & ഫാമിലി, മാളിയേക്കൽ ഹൗസ്, നെല്ലങ്കര
6. ശ്രീ. വർഗ്ഗീസ് കുണ്ടുകുളം, ദുബായ്
7. ശ്രീമതി മേരി ജോസഫ്, തരകൻ ഹൗസ്, കൂനംമൂച്ചി

## Individual Well Wisher

1. ശ്രീ. സി. ഡി. വിൻസെന്റ്, ചിറയത്ത് ഹൗസ്, പൂവ്വത്തൂർ
2. ശ്രീ. പി. പി. ലോനപ്പൻ, പുത്തൻപീടിക ഹൗസ്, പുതുക്കാട്
3. ശ്രീ. സി. ടി. ജോൺസൺ, ചക്രമാക്കിൽ ഹൗസ്, കൂനംമൂച്ചി
4. ശ്രീ. സ്റ്റീഫൻ എടശ്ശേരി, കൊഴുക്കുള്ളി
5. ശ്രീമതി റോസി പോൾ, തേറാട്ടിൽ ഹൗസ്, പഴുവിൽ
6. ശ്രീ. കെ. സി. അബ്രാഹം, കൂവള്ളൂർ ഹൗസ്, മംഗലം ഡാം
7. ശ്രീ. കെ.ടി. ജോസ്, കരിമാലിക്കൽ ഹൗസ്, ഒല്ലൂക്കര
8. ശ്രീ. കെ. എൽ. ജോൺസൺ, കണ്ണനായ്ക്കൽ ഹൗസ്, കൈപ്പറമ്പ്
9. ശ്രീമതി ലിസ്സി ജോൺസൺ, കണ്ണനായ്ക്കൽ ഹൗസ്, കൈപ്പറമ്പ്
10. ശ്രീ. കെ. പി. ആന്റണി, ആലപ്പാട്ട് കുണ്ടൻ ഹൗസ്, ചേർപ്പ്
11. ശ്രീ. കെ. കെ. തോമസ്, കുറ്റിക്കാട്ട് ഹൗസ്, തലക്കോട്ടുകര

## Institutional Well Wisher

1. റവ. സി. ഓമർ സി.എം.സി. & സിസ്റ്റേഴ്സ്, സി.എം.സി. പ്രൊവിൻഷ്യാലേറ്റ്, കോലഴി
2. ഹെഡ്മിസ്ട്രസ്സ്, സെന്റ് സെബാസ്റ്റ്യൻ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്ക്കൂൾ, ചിറ്റാട്ടുകര
3. ഡയറക്ടർ പിയാട്രോ പൗളോ, 2012 ജീസസ്സ് യൂത്ത്, ആർച്ച് ഡയോസിസ്, തൃശൂർ
4. റവ. സി. സുപ്പീരിയർ, എഫ്.സി.സി. അൽഫോൻസാ ഭവൻ, നെല്ലിക്കുന്ന്

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**എക്സ്റ്റൻഷൻ ലെക്ചർ**

പ്രശസ്ത ഇന്റർനാഷണൽ ജേർണലിസ്റ്റായ ശ്രീ. ആന്റോ അക്കര അതിസാഹസികതയോടെ കാണ്ടമാലിൽ നടത്തിയ അന്വേഷണങ്ങളിൽ വെളിപ്പെട്ട ജീവിക്കുന്ന രക്തസാക്ഷികളുടെ വിശ്വാസാനുഭവത്തിന്റെ നേർക്കാഴ്ചയായിരുന്നു ഇപ്രാവശ്യത്തെ എക്സ്റ്റൻഷൻ ലെക്ചറിന്റെ വിഷയം. ആദിമക്രിസ്ത്യാനികളെപ്പോലെ വിശ്വാസത്തിനുവേണ്ടി ജീവൻപോലും ത്യജിച്ച കുറെ പാവപ്പെട്ട മനുഷ്യരുടെ ജീവിതാനുഭവങ്ങൾ എല്ലാവരുടെയും വിശ്വാസം കൂടുതൽ ആഴപ്പെടുത്താനുപകരിച്ചു.

**സീനിയേഴ്സ് പാരന്റ്സ് ഡേ**

മൈനർ സെമിനാരിയിലെ മൂന്നു വർഷം പൂർത്തിയാക്കുന്ന സീനിയർ ബ്രദേഴ്സിന്റെ മാതാപിതാക്കളോടൊത്തുള്ള വി. കുർബ്ബാനയും സംഗമവും ഫെബ്രുവരി 2-ന് നടന്നു. വൈദികപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് അത്യന്താപേക്ഷിതമാണെന്ന് റെക്ടറച്ചൻ തന്റെ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞു. മാതാപിതാക്കൾ തങ്ങളുടെ ആശയങ്ങളും ഉത്കണ്ഠകളും പങ്കുവെച്ചു.

**ആകാശപ്പറവകളോടൊത്ത് ഒരു ദിവസം**

സെമിനാരിയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ സെമിനാരി വിദ്യാർത്ഥികൾ ബഹു. അച്ചൻമാരുടെ കൂടെ ചെന്നായ്പ്പാറ ആശ്രമത്തിലെ ആകാശപ്പറവകളെ സന്ദർശിച്ചു. വിവിധ കലാപരിപാടികൾ, സൗഹൃദം പങ്കുവെയ്ക്കൽ, മധുരം കൊടുക്കൽ എന്നിവയിലൂടെ അവിടെയുള്ളവരുമായി സ്നേഹത്തിന്റെ ഊഷ്മളമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സെമിനാരിക്കാർ പരിശ്രമിച്ചു.

**യാത്രയയപ്പും സ്വാഗതവും**

സെമിനാരിയിൽ ഫാ. പ്രീഫെക്ട്, വൈസ് റെക്ടർ, പ്രൊക്യുറേറ്റർ എന്നീ പദവികളിൽ 2 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വലക്കാവ് ഇടവക വികാരിയായി സ്ഥലം മാറിപ്പോകുന്ന ബഹു. ജോയ് ചിറ്റിലപ്പിള്ളിയച്ചനും (ജൂനിയർ), ഫാ. പ്രീഫെക്ട് എന്ന നിലയിൽ ഒരു വർഷത്തെ മനോഹരമായ സേവനത്തിനുശേഷം പൊറത്തൂർ ഇടവക വികാരിയായി ചാർജ്ജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളിയച്ചനും, സെമിനാരി കുടുംബം സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി. വൈദികപരിശീലനത്തിനും സെമിനാരിയുടെ വളർച്ചയിലും അവർ ചെയ്ത സേവനങ്ങൾക്ക് ഹൃദയപൂർവ്വം

നന്ദി പറയുന്നു. സെമിനാരിയിൽ പുതിയ വൈസ് റെക്ടറായും പ്രൊക്യുറേറ്ററായും ചാർജ്ജെടുത്ത ബഹു. ടെറിൻ മുള്ളക്കരയച്ചനും ഫാ. പ്രീഫെക്ട് ആയി വന്നിരിക്കുന്ന ബഹു. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിലച്ചനും സ്നേഹോഷ്മളമായ സ്വാഗതം നേരുന്നു.

**ആന്തരീകസൗഖ്യധ്യാനം**

അദ്ധ്യയനവർഷത്തിന്റെ സമാപനത്തിനും മുന്നോടിയായും നോമ്പുകാല ചൈതന്യം സ്വന്തമാക്കാനും ആന്തരികസൗഖ്യപ്രാപ്തിക്കുംവേണ്ടി ബഹു. ഫാ. ബിനോജ് പുത്തൻപുരയ്ക്കൽ ഒ.എസ്.എസ്.ടി., ബഹു. സി. നിർമ്മൽ ജ്യോതി എം.എസ്.എം.ഐ. എന്നിവരുടെ നേതൃത്വത്തിൽ വൈദികവിദ്യാർത്ഥികൾക്കായി നടത്തിയ ധ്യാനം വളരെ ഫലദായകമായിരുന്നു.

**സീനിയേഴ്സ് ഫെയർവെൽ**

സെമിനാരിയിൽ 3 വർഷത്തെ പരിശീലനം കഴിഞ്ഞ് തുടർപരിശീലനത്തിനായി പോകുന്ന സീനിയർ ബാച്ചിലെ സഹോദരങ്ങൾക്ക് സെമിനാരി കുടുംബം വികാരനിർഭരമായ യാത്രയയപ്പ് നൽകി. സെമിനാരി പരിശീലനം ദൈവവിളിയിൽ ആഴപ്പെടാനും നല്ല ബോധ്യങ്ങൾ സമ്പാദിക്കാനും കാരണമാക്കിയെന്ന് വിദ്യാർത്ഥികൾ പറഞ്ഞു.

**ചെറുപട്ടങ്ങളുടെ സ്വീകരണം**

അതിരൂപതക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുന്ന ശെമ്മാശ്ശൻമാർ പൗരോഹിത്യസ്വീകരണത്തിനൊരുക്കമായുള്ള വിവിധ പട്ടങ്ങൾ (മ്ശംശാന, ഹെവുപ്പ്ദ്യാക്ക്ന, കാറോയ) മാർച്ച് 21 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് മൈനർ സെമിനാരിയിൽ വെച്ച് സ്വീകരിക്കുന്നു. അവരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം.

**പ്രാർത്ഥന - ഉപവാസയജ്ഞം**

ദൈവവിളികൾക്കായി ഉപവസിച്ച് പ്രാർത്ഥിക്കാനുള്ള ഒരാഴ്ച ഏപ്രിൽ 1 മുതൽ 6 വരെ തൃശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ പള്ളിയിൽ ഒരുക്കിയിരിക്കുന്നു. കാലത്ത് 9.30 മുതൽ വൈകീട്ട് 3.30 വരെയാണ് ഉപവാസവും ദൈവവിളി സന്ദേശവും പ്രാർത്ഥനയും ദിവ്യകാരുണ്യാരാധനയും. ഏപ്രിൽ 1ന് രാവിലെ 9.30നുള്ള ദിവ്യബലിയോടെ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ദൈവവിളിവാരം ഉദ്ഘാടനം ചെയ്യും. സമാപനം ഏപ്രിൽ 6-ന് ആണ്. ഉച്ചകഴിഞ്ഞ് 2.30 മുതൽ പൊതു ആരാധന, 3.30ന് അഭിവന്ദ്യ റാഫേൽ പിതാവിന്റെ കാർമ്മികത്വത്തിൽ വി. ബലി എന്നിവ ഉണ്ടായിരിക്കും. എല്ലാവരേയും പ്രസ്തുത പരിപാടികളിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ദൈവവിളി ക്യാമ്പുകൾ**

ഏപ്രിൽ 1 മുതൽ 6 വരെ 10-ാം ക്ലാസ്സിലും അതിനു മുകളിലും പഠിക്കുന്ന ആൺകുട്ടികൾക്കായി 2 ബാച്ചുകളിലായി സംഘടിപ്പിക്കുന്ന ദൈവ

വിളിക്യാമ്പുകൾ തൃശൂർ മഡോണ സെമിനാരിയിലും ഏപ്രിൽ 4 മുതൽ 6 വരെ പെൺകുട്ടികൾക്കായി ഒരു ബാച്ചിൽ നടത്തപ്പെടുന്ന ക്യാമ്പ് തൃശൂർ ഡി.ബി.സി.എൽ.സി.യിലും ഉണ്ടായിരിക്കുന്നതാണ്. വിശദാംശങ്ങൾ അടങ്ങിയ നോട്ടീസുകൾ ഇടവകകളിലേക്കും സന്യാസഭവനങ്ങളിലേക്കും അയച്ചിട്ടുണ്ട്. ബഹു. വികാരിയച്ചൻമാർ ഇടവകകളിൽ ഈ വിവരം നേരത്തെ വിളിച്ചറിയിക്കുമല്ലോ.

**ബേഴ്സ് സ്ഥാപിച്ചവർ**

1. പൗരോഹിത്യസ്വീകരണത്തിന്റെ ദശവാർഷിക സ്മാരകം 2002 ബാച്ച്, തൃശൂർ അതിരൂപത
2. ശ്രീ. ഷിജോ പോൾ, വാഴപ്പിള്ളി കാട്ടൂക്കാരൻ ഹൗസ്, കൊട്ടേക്കാട്
3. ശ്രീമതി കത്രീന ചാക്കുണ്ണി, ശ്രീമതി ബേബി ദേവസ്സി, തെക്കുംപുറം ഹൗസ്, പുതുക്കാട്
4. ശ്രീമതി റോസമ്മ ജോൺ & ശ്രീ. അലിറ്റ് ജോൺ, പൊട്ടത്തുപറമ്പിൽ ഹൗസ്, പുതുക്കാട്
5. ശ്രീ. ജോസഫ് ബിജു, ചിറമ്മൽ ഹൗസ്, മറ്റം
6. ശ്രീ. പി. സി. കുരിയപ്പൻ & ശ്രീമതി ഉഷ കുരിയൻ. പുത്തൂർ ഹൗസ്, പറവട്ടാനി
7. ശ്രീ. വർഗ്ഗീസ് എം. സി. & ശ്രീമതി ബേബി വർഗ്ഗീസ്, മഞ്ഞളി ഹൗസ്, വെണ്ടോർ
8. ശ്രീ. ലിൻഡോ ജോസ് & ശ്രീമതി ബിനി ലിൻഡോ, ആട്ടോക്കാരൻ ഹൗസ്, വടക്കൻ പുതുക്കാട്
9. ശ്രീ. ടോണി ലൂയീസ്, തലക്കോട്ടുകര ഹൗസ്, വെങ്കിടങ്ങ്
10. ശ്രീ. സൈമൺ കെ.എൽ., കുറുവീട്ടിൽ ഹൗസ്, വെസ്റ്റ്ഫോർട്ട്
11. ശ്രീമതി ജെനി ജോൺസൺ, പനക്കൽ ഹൗസ്, വെസ്റ്റ് ഫോർട്ട്
12. റവ. സി. പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രൊവിൻസ്, ഒളരിക്കര
13. ശ്രീ. റെഞ്ജിത്ത് റാഫേൽ, കുരിയംപറമ്പിൽ ഹൗസ്, ഹോളി ഗാർഡൻസ്, വെസ്റ്റ് സൂര്യഗ്രാമം, തൃശൂർ
14. പാരീഷ്ണേഴ്സ് & വികാർ (റവ. ഫാ. ജോസ് കാച്ചപ്പിള്ളി) സെന്റ് ഫ്രാൻസിസ് സേവ്യർസ് കാത്തലിക് ചർച്ച്, അഞ്ഞൂർ

വൈദിക പരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തികസഹായം നൽകിയും അതിരൂപതയോടു സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. നിത്യപുരോഹിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. റോയ് മൂക്കൻ,** റെക്ടർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ – 2013 മാർച്ച്**

| | | | |
|---|---|---|---|
| 1 | വെള്ളി | – | ആദ്യവെള്ളി |
| 8 | വെള്ളി | – | ലോകവനിതാദിനം |
| 19 | ചൊവ്വ | – | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 25 | തിങ്കൾ | – | മംഗളവാർത്ത തിരുനാൾ |
| 28 | വ്യാഴം | – | പെസഹാവ്യാഴം |
| 29 | വെള്ളി | – | ദുഃഖവെള്ളി |
| 31 | ഞായർ | – | ഈസ്റ്റർ |

**2. സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു**

അദ്ധ്യാപകർ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്റെ ഒപ്പോടുകൂടി 2013 മാർച്ച് 27–ാം തിയ്യതി ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പായി കേർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസീൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അദ്ധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**3. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് ഡിപ്പാർട്ടുമെന്റിൽ ഹാജരാക്കി ട്രഷറിയിൽ അടച്ച് സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാന അദ്ധ്യാപകർ നടത്തണം.

## 4. Least Leave - List of Staff Members 2012

| Sl.No. | Name | Designation | Days | School |
|---|---|---|---|---|
| 1 | Jelips Paul K | UPSA | Nil | St. Antony's H.S.S., Pudukad |
| 2. | Sinesh K. V. | Lab Assistant | Nil | C.J.M.A.H.S.S., Varandarapilly |
| 3. | P. U. Johnson | HSA | 3 | St. Antony's H.S.S. Pudukad |
| 4. | Beena T.T. | Headmistress | 3½ | St.Joseph's L.P.S., Pavaratty |
| 5. | Shiny Raphael | LPSa | 4 | R.C.U.P.S. Thoyakavu |
| 6. | Joycy C. L. | Headmistress | 4½ | St. Antony's U.P.S., Kodannur |
| 7. | Babu K.J. | Headmaster | 4½ | St. Mary's L.P.S. Puthumanassery |
| 8. | Nisha Varghese P. | HSST | 4½ | St. Thomas H.S.S., Engandiyur |
| 9. | Shiny E. D. | LPSA | 4½ | St. Thomas C.G.S., Kanjany |
| 10. | Beena A. M. | LPSA | 4½ | A.L. P. S., Thiruvenkidom |
| 11. | Majison Thomas Lorance | Drawing | 4½ | St. Sebastian's H.S., Mannamangalam |

**ഫാ. തോമസ് കാക്കശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പോസ്റ്റോലെറ്റ് സെന്റർ

**Tel : 0487 - 2336066**

ദൈവീകപദ്ധതികളോടെ പൂർണ്ണമായും സഹകരിച്ച് കുടുംബജീവിതം നയിച്ച ദമ്പതിമാരായിരുന്നു പരി. കന്യകാമറിയവും യൗസേപ്പ് പിതാവും. ഈശോയുടെ സാന്നിദ്ധ്യം നസ്രസ്സിലെ കുടുംബത്തെ സ്വർഗ്ഗീയമാക്കി. നമ്മുടെ കുടുംബങ്ങളും സ്വർഗ്ഗീയ ചൈതന്യം നിറഞ്ഞതാകണം. ജനുവരി – ഫെബ്രുവരി മാസത്തിൽ വിവാഹത്തിനൊരുക്കമായ കോഴ്സിൽ 669 പേർ പങ്കെടുത്തു. 342 ആൺകുട്ടികളും 327 പെൺകുട്ടികളും ഒരുങ്ങി. വിവാഹ ത്തെപ്പറ്റി ആലോചിക്കാൻ തുടങ്ങുമ്പോൾ തന്നെ ഒരുക്കകോഴ്സിൽ സംബ ന്ധിക്കുന്നത് കൂടുതൽ നല്ലതാണെന്ന് കണ്ടെത്തിയിരിക്കുന്നത്.

ഫെബ്രുവരി 6–ാം തിയ്യതി ഇവിടെ ഡയറക്ടറായി സേവനമനുഷ്ഠിച്ചി രുന്ന ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ വിയാനി ഭവൻ ഡയറക്ടറായി ചാർജ്ജെടുത്തു. അസ്സോസിയേറ്റ് ഡയറക്ടർമാരായിരുന്ന ഫാ. മാത്യു വെട്ടത്ത് നെല്ലങ്കര പള്ളി വികാരിയായും ഫാ. ജെയ്സൺ മാറോക്കി ഒല്ലൂർ ഏയ്ഞ്ചൽ നഗർ പ്രൊ വികാരിയായും സ്ഥാനമേറ്റെടുത്തു. നിസ്വാർത്ഥവും ത്യാഗനിർഭരവുമായ സേവനങ്ങൾക്ക് നിറമനസ്സോടെ നന്ദിയേകുന്നു. പുതിയ മേഖലകളിൽ പ്രശോഭിതരായി മുന്നേറാൻ ദൈവാനുഗ്രഹവും പ്രാർത്ഥന കളും നേരുന്നു.

ഫാമിലി അപ്പസ്തോലേറ്റിൽ പുതിയതായി ചാർജ്ജെടുത്തിരിക്കുന്ന ഫാ. ലോറൻസ് തൈക്കാട്ടിലിന് അഭിനന്ദനവും സ്നേഹാശംസകളും നേരുന്നു. ഏറ്റെടുത്തിരിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും വിജയകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ സർവ്വശക്തനായ ദൈവം കൃപയും അനുഗ്രഹങ്ങളും വർഷിക്കട്ടെ. അസി. ഡയറക്ടറായി വന്നിരിക്കുന്ന ഫാ. ജിയോ തെക്കിനി യത്തിനും സ്വാഗതം നേരുന്നു.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞു നിന്ന ഒരുമയുടേയും സ്നേഹത്തിന്റേയും ദൈവാശ്രയത്തിന്റേയും ചൈതന്യം നോമ്പുകാലത്തിൽ എല്ലാ കുടുംബങ്ങളിലും നിറഞ്ഞു കവിയട്ടെ. ആഴമായ വിശ്വാസവും ആത്മീയ നിറവും ലഭിക്കട്ടെ.

ജീസസ്സ് യൂത്ത്, പ്രോ ലൈഫ് മൂവ്മെന്റ്, സി.സി.ഡബ്ല്യൂ, വനിതാ പ്രസ്ഥാനം, കുടുംബ കൂട്ടായ്മ മീറ്റിംഗ്, മാതൃസംഘവാർഷിക പരിപാടി

പ്രകാശനം, സോഷ്യൽ ആക്ഷന്റെ കീഴിലുള്ള പ്രോഗ്രാമുകൾ, ഫ്രാൻസിസ്ക്കൻ അത്മായ സഭയുടെ മീറ്റിംഗ്, മാതൃസംഘത്തിന്റെ കീഴിൽ അക്ഷയ അർദ്ധ ദിന പരിപാടി, എഫ്.എ.സി., കുടുംബ കൂട്ടായ്മ റിസോഴ്സ് ടീം മീറ്റിംഗുകൾ എന്നിങ്ങനെ അനുദിനവും ഓഡിറ്റോറിയത്തിൽ പരിപാടികൾ നടത്തി വരുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ കൗൺസിലിംഗും നടത്തിക്കൊടുത്തു ദമ്പതികളെ കൂട്ടായ്മയിലും പരസ്പര വിശ്വാസത്തിലും വളരുവാൻ സഹായിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഉപകാരികളേയും അയൽവാസികളേയും സ്നേഹപൂർവ്വം സ്മരിക്കുന്നു. ഇനിയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഏവർക്കും വിജയാശംസകൾ നേരുന്നു. നന്ദി. നമസ്ക്കാരം.

| | |
|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **ഫാ. ജിയോ തെക്കിനിയത്ത്** |
| ഡയറക്ടർ | അസോ. ഡയറക്ടർ |

Ph : 2333245

## INSTITUTE OF THEOLOGY

- **Award Day :** ബി. എ. തിയോളജി ഡിഗ്രി കോഴ്സിന്റെ 6 വിദ്യാർത്ഥികളുടെ Convocation Day യും, 2010-2011 ലെ കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയ വിജയികൾക്കായുള്ള ഡിപ്ലോമയും 2012 ലെ ജൂനിയർ സിസ്റ്റേഴ്സിനായുള്ള 6 മാസത്തെ ദൈവശാസ്ത്ര കോഴ്സിലെ വിജയികൾക്കായുള്ള ഡിപ്ലോമയും ജനു. 26-ാം തിയ്യതി അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് വിതരണം ചെയ്തു. പിതാവിന്റെ ഹൃദ്യവും പിതൃവാത്സല്യത്തോടുകൂടിയതുമായ സന്ദേശം എല്ലാവർക്കും പുതിയ ഉത്തേജനവും പ്രോത്സാഹനവും നൽകി. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ.
- **B.A Theology :** ഈ വർഷം Catholic University of Leuven, Belgiumത്തിൽനിന്നും ബി.എ. ഇൻ തിയോളജി സർട്ടിഫിക്കറ്റ് സ്വീകരിച്ചവർ

| | |
|---|---|
| 1. Preetha Vazhappilly | 2. Rev. Sr. Princeline CSC |
| 3. Rev. Sr. Alisha CSC | 4. Rev. Sr. Sanand CSC |
| 5. Rev. Sr. Anitta Mary (Clelia) | 6. Rev. Sr. Serafeena (Clelia) |

പാലയൂർ തീർത്ഥാടനവും, ഉയിർപ്പ് ഞായറും ആയതിനാൽ മാർച്ച് 17, മാർച്ച് 31 എന്നീ ഞായറാഴ്ചകളിൽ ബി. എ. തിയോളജി ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.

- **Vocation Orientation Course :** സന്യാസാർത്ഥിനികൾക്കായുള്ള 3 മാസത്തെ വൊക്കേഷൻ ഓറിയന്റേഷൻ കോഴ്സ് 2013 ജനുവരി 9-ാം തിയ്യതി ബുധനാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ചു. 9 സന്യാസ സമൂഹങ്ങളിൽനിന്നുമായി വന്ന 46 അർത്ഥിനികളാണ് ഈ വർഷം കോഴ്സിൽ പങ്കെടുക്കുന്നത്. പങ്കെടുക്കുന്ന സന്യാസ സമൂഹങ്ങൾ

1. Franciscan Clarist Congregation (FCC)
2. Congregation of Mother of Carmel (CMC)
3. Congregation of St. Martha (CSM)
4. School Sisters of St. Francis (OSF)
5. Sisters of the Adoration of the Blessed Sacrament (SABS)
6. Society of Nirmala Dasi Sisters (SNDS)
7. Clelia Sisters (LSMS)
8. Sisters of Holy Trinity (SHT)
9. Samaritan Sisters (CSS)

- **Correspondance Theology :** കറസ്പോണ്ടൻസ് തിയോളജി 2012 സിലബസ്സ് പൂർത്തിയാക്കിയവരുടെ പരീക്ഷകളുടെ തിയ്യതികൾ മാർച്ച് 3, മാർച്ച് 10, ഏപ്രിൽ 14 എന്നിങ്ങനെയായിരിക്കും. കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ് ഏപ്രിൽ 7നും ഏപ്രിൽ 28 നും ആയിരിക്കും. വിശദവിവരങ്ങൾക്ക് തിയോളജി ഓഫീസ് ഡി.ബി.സി.എൽ.സി.യെ സമീപിക്കുക.

- **Pastoral Orientation Course :** തൃശൂർ അതിരൂപതയേയും, അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളേയും കൂടുതൽ മനസ്സിലാക്കുവാനും പഠിക്കുവാനും സന്യസ്തർക്കായുള്ള പാസ്റ്ററർ ഓറിയന്റേഷൻ കോഴ്സ് 2013 ഏപ്രിൽ 22-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9.30 മണിക്ക് ആരംഭിച്ച് 27-ാം തിയ്യതി ശനിയാഴ്ച രാവിലെ അവസാനിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ബഹു. സിസ്റ്റേഴ്സ് ഏപ്രിൽ 15 ന് മുമ്പായി ഡി.ബി.സി.എൽ.സി. തിയോളജി ഓഫീസിൽ പേര് തരിക.

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

# NEST *The Village of Comfort*

**Tel : 2321854; 9446996148**

- ഡിസംബർ, ജനുവരി മാസങ്ങളിലെ തീവ്രപരിശീലന ചികിത്സാ ക്യാമ്പ് നടത്തി.
- ക്രിസ്തുമസ്സ് രാത്രിയിൽ പിറവിതിരുനാൾ പരിപാടികളും പ്രദക്ഷിണവും, ദിവ്യബലിയും അതിനുശേഷം കേക്ക് മുറിക്കൽ, സ്നേഹവിരുന്ന് എന്നിവയിലും സമീപവാസികളും നെസ്റ്റ് കുടുംബാംഗങ്ങളും ഭക്തിയോടെ പങ്കെടുത്തു.
- ജനുവരി മാസത്തിലെ ഫോളോ അപ്പ് ദിനമായ 13-ാം തിയ്യതി നെസ്റ്റിന്റെ 6-ാം വാർഷികം സമുചിതമായി ആഘോഷിച്ചു. 12-ാം തിയ്യതി വൈകുന്നേരം നെസ്റ്റ് കുടുംബസംഗമം ഉണ്ടായി. നെസ്റ്റിന്റെ സ്റ്റാഫ് അംഗങ്ങൾ, കൗൺസിലേഴ്സ്, അഡ്വൈസറി ബോർഡ് അംഗങ്ങൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, ഡോക്ടേഴ്സ്, ക്ലാസ്സുകൾക്ക് വരുന്നവർ തുടങ്ങിയവരും അവരുടെ കുടുംബാംഗങ്ങളും നെസ്റ്റിന്റെ അയൽവാസികളും ഇതിൽ സംബന്ധിച്ചു. ജപമാല ആരാധന, സ്നേഹവിരുന്ന് എന്നിവയിൽ സകലരും പങ്കെടുത്തു.

13-ാം തിയ്യതി ഉച്ചവരെ ഫോളോ അപ്പ് പരിപാടിയായിരുന്നു. സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. പിതാവ് ആദ്യമായി നെസ്റ്റിൽ വന്നതായിരുന്നു. നെസ്റ്റിൽ ചെയ്തുവരുന്നത് മഹത്തായ സേവനമാണെന്ന് പറഞ്ഞ് ഡയറക്ടറച്ചനേയും, സ്റ്റാഫിനേയും, സിസ്റ്റേഴ്സിനേയും അഭിനന്ദിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് വാർഷികാഘോഷ പരിപാടിയിൽ അതിരൂപത വൈസ് ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ ഉദ്ഘാനടം ചെയ്ത സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കുളത്തൂർ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോജു പനയ്ക്കൽ സ്വാഗതമാശംസിച്ചു. ചേരാനെല്ലൂർ ഇടവക വികാരിയായ ഫാ.ഫ്രാൻസിസ് അരീക്കൽ തന്റെ ഇടവകയെ മദ്യവിമുക്തമാക്കുന്നതിന്റെ ഭാഗമായി അനേകം മദ്യപാനരോഗികളെ നെസ്റ്റിലേക്ക് അയച്ചിട്ടുള്ളതിനാൽ ഈ സമ്മേളനത്തിൽ അച്ചന് നെസ്റ്റ് മിത്ര അവാർഡ് നൽകി ആദരിച്ചു. വിയ്യൂർ പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ. ഡേവീസ് വി. ഐ., കോർപ്പറേഷൻ കൗൺസിലർ ശ്രീമതി പ്രീതി ശോഭനൻ, ക്രൈസ്റ്റ് വില്ല ഡയറക്ടർ ഫാ. ജോഷി ആളൂർ, നെസ്റ്റ് സീനിയർ സ്റ്റാഫ്

പ്രതിനിധി സി. ഡോ. ബീന സി.എം.സി. എന്നിവർ ആശംസകളർപ്പിച്ചു. റീജന്റ് ബ്രദർ നിധിൻ കല്ലിടുക്കിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. വേലൂർ ഫൊറോന ഇടവകയിലെത്തന്നെ മൂന്ന് വൈദികർ, ഡൊമിനിക് തലക്കോടൻ, ജോഷി ആളൂർ, ജോജു പനയ്ക്കൽ എന്നിവർ ഒത്തുചേർന്ന വേദിയായിരുന്നു 2013 ലെ നെസ്റ്റിന്റെ ആറാം വാർഷികം. ഫോളോ അപ്പ് പ്രോഗ്രാമിലും സമ്മേളനത്തിലും അനേകം പേർ പങ്കെടുത്തു.

- മനക്കൊടി സ്നേഹഭവൻ ഡയറക്ടറായിരുന്ന ഫാ. ജോൺസൺ ഒലക്കേങ്കിൽ നെസ്റ്റിൽ താമസിച്ച് ആയുർവ്വേദചികിത്സയും ഉഴിച്ചിലും നടത്തി.
- റിപ്പബ്ലിക് ദിനത്തിൽ ഡയറക്ടറച്ചൻ പതാക ഉയർത്തൽ കർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.
- തൃശൂർ അതിരൂപതയിലെ ഈ വർഷത്തെ നവവൈദികർ നെസ്റ്റിൽ വന്ന് ദിവ്യബലിയർപ്പിച്ച് സ്നേഹവിരുന്നിൽ പങ്കുകൊണ്ടു.
- നോമ്പുകാലചിന്തകളോടെ വിഭൂതിതിരുനാൾ അനുസ്മരിച്ചു.

**ഫാ. ജോജു പനയ്ക്കൽ**
ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ബിഷപ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### 2013 ഫെബ്രുവരി

**നഴ്സിങ്ങ് കോളേജ് ദശവർഷാഘോഷം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധസ്ഥാപനമായ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിന്റെ ദശവർഷാഘോഷം ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. രോഗികൾക്ക് 'സ്നേഹശുശ്രൂഷ" നൽകാൻ അർപ്പിതരായ നല്ല നഴ്സുമാരെ വാർത്തെടുക്കുക എന്നലക്ഷ്യത്തോടെ 2003ൽ ആണ് ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് ആരംഭിച്ചത്. പഠനത്തിലും, പാഠ്യേതരവിഷയങ്ങളിലും കേരളത്തിൽ തന്നെ മുൻനിരയിലാണ് ജൂബിലി നഴ്സിങ്ങ് കോളേജ്. ഇതിനോടകം തന്നെ മൂന്ന് യൂണിവേഴ്സിറ്റി

റാങ്കുകളും, ജില്ലാ തല-സംസ്ഥാനതല അംഗീകാരങ്ങളും ജൂബിലി നഴ്സിങ്ങ് കോളേജ് സ്വന്തമാക്കിയിട്ടുണ്ട്. നഴ്സിങ്ങിൽ യൂണിവേഴ്സിറ്റി അംഗീകാരമുള്ള ഡിപ്ലോമ, ബിരുദം-ബിരുദാനന്തരബിരുദം എന്നീ കോഴ്സുകളും ഇപ്പോൾ നടുന്ന വരുന്നു. പാവങ്ങളോടുപക്ഷം ചേർന്നുള്ള ദശവർഷാഘോഷപരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ പറഞ്ഞു.

## 10-ാം ബാച്ച് നഴ്സിങ്ങ് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ 10-ാം ബാച്ച് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ കാച്ചേരിയിലെ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്തയും ജൂബിലി ഹോസ്പിറ്റൽ ട്രസ്റ്റ് ചെയർമാനുമായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. റാഫേൽ വടക്കൻ അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ അശ്വനി നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. വി. ഇന്ദിര മുഖ്യാതിഥിയായിരുന്നു. മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് സന്ദേശം നൽകി. ദശവർഷാഘോഷകർമ്മപരിപാടികൾ വൈസ് പ്രിൻസിപ്പൽ സി. ഫിലോ രശ്മി വിശദീകരിച്ചു. ജൂബിലി മിഷൻ അസി. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പരിശുദ്ധപിതാവ് ബനഡിക്ട് 16-ാംമൻ മാർപാപ്പയുടെ അനുഗ്രഹപത്രം വായിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, അസി. ഡയറക്ടർമാരായ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ഫാ. ജോബി കടപ്പൂരാൻ, ഡിവിഷൻ കൗൺസിലർ ശ്രീമതി സൂസൻ ബേബി, പി. ടി. എ പ്രസിഡന്റ് ശ്രീ. വി. എൽ വർഗ്ഗീസ്, വൈസ് പ്രിൻസിപ്പൽ സി. ട്രീസാ ആന്റോ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ചെന്നായ്പാറ ഹൃദയവീട് കമ്മ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന കലാപരിപാടികൾ അരങ്ങേറി.

## സാന്ത്വനസ്പർശമായി നഴ്സിങ്ങ് വിദ്യാർത്ഥികൾ

ആകാശപ്പറവകൾക്ക് ആശ്വാസമേകി വെള്ളരിപ്രാവുകൾ ചെന്നായ്പാറ ദിവ്യഹൃദയാശ്രമത്തിലെ അന്തേവാസികൾക്ക് സാന്ത്വനമായി എത്തിയതു ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരുമാണ്. നഴ്സിങ്ങ് കോളേജിന്റെ ദശവാർഷികാഘോഷത്തിന്റെ ഭാഗമായാണ് ഇവർ ഹൃദയാശ്രമത്തിലെത്തിയത്. ചിരിയും കളിയുമായി അന്തേവാസികളോടൊത്തു സമയം പങ്കിട്ടതോടൊപ്പം ഇവരെ സഹായിക്കുന്നതിനായ് വിദ്യാർത്ഥികളും അധ്യാപകരും ചേർന്നു സ്വരൂപിച്ച ധനസഹായവും ആശ്രമം ഡയറക്ടർ ഫാ. ജോർജ്ജ് കണ്ണംപ്ലാക്കലിനു

കൈമാറി. ജൂബിലി മിഷൻ അസി. ഡയറക്ടർമാരായ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ഫാ. ജോബി കടപ്പൂരാൻ, വൈസ് പ്രിൻസിപ്പൽ സി. ഫിലോ രശ്മി, ശ്രീമതി സീജ എന്നിവർ സന്നിഹിതരായിരുന്നു.

## റിപ്പബ്ളിക് ദിനാഘോഷം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അങ്കണത്തിൽ ജനുവരി 26ന് നടന്ന റിപ്പബ്ളിക് ദിനാഘോഷം ഹൃദ്യമായി. തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ കൗൺസിൽ ശ്രീമതി ലിനി ഹാപ്പി പതാക ഉയർത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് പ്രതിജ്ഞ ചൊല്ലികൊടുത്തു. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. റാഫേൽ വടക്കൻ സ്വാഗതവും, കോളേജ് യൂണിയൻ ചെയർമാൻ ഇമത്തിയാസ് നന്ദിയും പറഞ്ഞു.

## ഹൃദ്യമായ സ്വാഗതം

മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ ഐ.ടി വിഭാഗത്തിലെ നേതൃത്വനിരയിലേക്ക് നിയമിതനായിരിക്കുന്ന ഫാ. സാവിയോ തലോണിക്കരക്ക് ജൂബിലി കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## രോഗിദിനവും നോമ്പാരംഭവും

മിഷൻ ആശുപത്രിയിലെ രോഗിദിനവും, നോമ്പാരംഭവും വ്യത്യസ്തമായ പരിപാടികളോടെ നടത്തപ്പെട്ടു. ഫെബ്രുവരി 11ന് ആശുപത്രി ചാപ്പലിൽ നടന്ന വി. കുർബ്ബാനയും, വിഭൂതി തിരുകർമ്മങ്ങൾക്കും ഡയറക്ടർ ഫാ. റാഫേൽ വടക്കൻ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് 5.45ന് ആശുപത്രി ക്വാഡ്രാങ്കിളിൽ നടന്ന രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും വി. കുർബ്ബാനക്കും മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. ആശുപത്രിയിൽ രോഗീശുശ്രൂഷാ മേഖലയിൽ പ്രവർത്തിക്കുന്ന മേരി മെയ്ഡ്സ് എന്ന സംഘടനയിലേക്ക് പുതിയ അംഗങ്ങൾക്ക് പീത്ത സമ്മാനിച്ചു.

## മേരിമെയ്ഡ്സിന് നന്ദിപൂർവ്വം

ജൂബിലി മിഷൻ ആശുപത്രിയിൽ രോഗിശുശ്രൂഷക്കായ് നിസ്വാർത്ഥ സേവനം ചെയ്യുന്ന ഒരു കൂട്ടം അമ്മമാരുടെ സംഘടനയാണ് മേരി മെയ്ഡ്സ്. പരിശുദ്ധ അമ്മയുടെ ചൈതന്യം ഉൾക്കൊണ്ട അവർ ശുശ്രൂഷ ചെയ്യുന്നു. ലൂർദ്ദ് മാതാവിന്റെ തിരുന്നാളും രോഗിദിനവുമായ ഫെബ്രുവരി 11ലെ മുഴുവൻ ഡയാലിസിസും ഇവർ സ്പോൺസർ ചെയ്തു. കൂടാതെ രോഗികൾക്കായ് ഇവർ പഴവർഗ്ഗങ്ങളും സമ്മാനിച്ചു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ആലപ്പാട്ട് ഫാമിലി, ഫ്രറ്റേണിറ്റി, കരാഞ്ചിറ, കാട്ടൂർ, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ബെനഡിക്ട് ചർച്ച്, കോലഴി, തൃശ്ശൂർ (30 ഡയാലിസിസ്)
- ശ്രീ. ഷാജി ജോസ്, അബൂക്കൻ ഹൗസ്, കുഴിക്കാട്ടുശ്ശേരി പി. ഒ (40 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, തിരൂർ (160 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, മണ്ണുത്തി, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റാട്ടുകര, തൃശ്ശൂർ (50 ഡയാലിസിസ്)
- ശ്രീ. ജെറി വർഗ്ഗീസ്, മേനാച്ചേരി ഹൗസ്, മണ്ണുത്തി, തൃശ്ശൂർ (40 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, പഴുവിൽ, തൃശ്ശൂർ (70 ഡയാലിസിസ്)
- ഇവാൻ ജോബ് ജോസ്, കോനിക്കര ഹൗസ്, തിരൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, പുത്തൂർ, തൃശ്ശൂർ ( 75 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പുറനാട്ടുകര, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, പൂവ്വത്തൂർ, തൃശ്ശൂർ ( 80 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, കോടന്നൂർ, തൃശ്ശൂർ (60 ഡയാലിസിസ്)
- സെന്റ് സെബാസ്റ്റ്യൻ സെൻട്രൽ സമുദായം, സെന്റ് തോമസ് ചർച്ച്, ഏങ്ങണ്ടിയൂർ, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. ജോൺസൺ ആന്റണി (50 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ഫൊറോന ചർച്ച്, എരുമപ്പെട്ടി, തൃശ്ശൂർ (60 ഡയാലിസിസ്)
- ശ്രീ. ജോയ് പി. ജെ, പാലയൂർ ഹൗസ്, വെങ്കിടങ്ങ്, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, ഒല്ലൂക്കര, കാളത്തോട്, തൃശ്ശൂർ (100 ഡയാലിസിസ്)
- ഓൾ കേരള സയന്റിഫിക്ക് & സർജിക്കൽ അസോസിയേറ്റ്, തൃശ്ശൂർ (25 ഡയാലിസിസ്)
- മെമ്പേഴ്സ് മേരിമാത പ്രയർ ഗ്രൂപ്പ്, കുറ്റൂർ (50 ഡയാലിസിസ്)
- മേരി മെയ്ഡ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. സന്തോഷ് ബാബു, പൂവ്വത്തൂക്കാരൻ ഹൗസ്, ചെങ്ങാലൂർ പി. ഒ,

**ഫാ. റാഫേൽ വടക്കൻ**
ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**കലാമണ്ഡലം സന്ദർശിച്ചു :** കേരളത്തിന്റെ തനതായ കലാരൂപങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും നേരിൽ കണ്ട് ആസ്വദിക്കാനും വേണ്ടി മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ബി.എഡ് വിദ്യാർത്ഥികൾ ജനുവരി 17-ന് കലാമണ്ഡലം സന്ദർശനം നടത്തി.

**കിഡ്നി ഫെഡറേഷൻ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു :** കിഡ്നി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 16.1.2013 ന് കിഡ്നി ഫെഡറേഷൻ ഡിസ്ട്രിക്ട് കോർഡിനേറ്റേഴ്സ് ആയ മനോഹരൻ സാറിന്റെയും അജിത ടീച്ചറിന്റെയും നേതൃത്വത്തിൽ അവയവദാന ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**കലാമത്സരങ്ങൾ അരങ്ങേറി :** വിദ്യാർത്ഥികളുടെ കലാവാസന പരിപോഷിപ്പിക്കുവാൻ വേണ്ടി വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ 9.1.2013 മുതൽ കലാപരിപാടികൾ ആരംഭിച്ചു. 9.1.2013 ന് വിവേകാനന്ദ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മലയാള പദ്യപാരായണവും 16.1.2013 ന് ടാഗോർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മലയാളം നിമിഷ പ്രസംഗവും 17.1.2013 ന് മഹാത്മ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് പദ്യപാരായണവും, രാധാകൃഷ്ണ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ദേശഭക്തിഗാന മത്സരവും 22.1.2013 ന് വിവേകാനന്ദ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നാടൻപാട്ട് മത്സരവും 31.1.2013 ന് ടാഗോർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് നിമിഷ പ്രസംഗ മത്സരവും നടന്നു.

**സ്പോർട്സ് ഡേ :** വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടി ഫെബ്രുവരി 16-ന് സ്പോർട്സ് ഡേ സംഘടിപ്പിച്ചു.

**ഡെമോൺസ്ട്രേഷൻ ക്ലാസ്സ് :** അദ്ധ്യാപന മേഖലയിലെ പുത്തൻ അറിവുകൾ നേടുവാനായി ബി.എഡ്. വിദ്യാർത്ഥികൾക്കായി ജനുവരി 29-ന് മുള്ളൂർക്കര എൻ.എസ്.എസ്. ഹൈസ്ക്കൂളിൽ വെച്ച് ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**എം.എഡ്. റിസർച്ച് ക്ലാസ്സ് സംഘടിപ്പിച്ചു :** വിദ്യാഭ്യാസ ഗവേഷണത്തെക്കുറിച്ചും സ്റ്റാറ്റിസ്റ്റിക്സിനെക്കുറിച്ചും പഠിക്കുവാനായ് എം.എഡ്. വിദ്യാർത്ഥികൾക്കായി ജനുവരി 18-ന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വിദ്യാഭ്യാസ വിഭാഗ ഡയറക്ടർ ഡോ. സെലിൻ പെരേര ക്ലാസ്സുകൾ നയിച്ചു.

**എം.എഡ്. വൈവ സമാപിച്ചു :** 2011 - 2012 അദ്ധ്യയനവർഷത്തിലെ എം.എഡ് വിദ്യാർത്ഥികളുടെ വൈവ ഫെബ്രുവരി 7-ന് യൂണിവേഴ്സിറ്റി പഠനവിഭാഗത്തിൽ സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
പി. ആർ. ഒ.

**ഫാ. ലിറിൽ തളിയപ്പറമ്പിൽ**
അസി. ബർസാർ

Ph. : 04884 308408, 274198

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ക്രിസ്തുമസ് അവധിക്കാലം കഴിഞ്ഞ് ജനുവരി 2-ാംതിയ്യതി കോളേജ് re-open ചെയ്തു.
- ചെന്നൈ ആസ്ഥാനമായുള്ള PEN IT Solutions Company ജനുവരി 11 -ാംതിയ്യതി ക്യാമ്പസ് സെലക്ഷന് വരികയും 7 വിദ്യാർത്ഥികൾക്ക് ഓഫർ ലെറ്റർ നല്കുകകയും ചെയ്തു. കൂടാതെ MRF കമ്പനിയുടെ സെലക്ഷൻ പ്രോസസ്സിൽ 78 വിദ്യാർത്ഥികൾ ക്യാമ്പസ്സിൽ നിന്ന് പങ്കെടുത്തു.
- കോളേജ് ട്രസ്റ്റിന്റെ വാർഷികസമ്മേളനം അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ നേതൃത്വത്തിൽ ജനുവരി 16ന് ക്യാമ്പസിലെ ബോർഡ് റൂമിൽ ചേർന്നു. കഴിഞ്ഞ വർഷത്തെ വരവുചെലവു കണക്കുകളും പുതിയ വർഷത്തെ ബജറ്റും ചർച്ച ചെയ്തു. പങ്കെടുത്ത എല്ലാ ട്രസ്റ്റ് മെമ്പേഴ്സിനും നന്ദി.
- കോളേജിലെ ഒന്നാംവർഷ വിദ്യാർത്ഥികളുടെ പി.ടി.എ. മീറ്റിംഗ് ജനുവരി 19-ാംതിയ്യതി ഓഡിറ്റോറിയത്തിൽ വച്ച് കൂടി. 250ഓളം മാതാപിതാക്കൾ പങ്കെടുത്തയോഗം പ്രിൻസിപ്പൽ ഡോ. ജിൽസൺ തോമസ് ഉദ്ഘാടനം ചെയ്തു.
- ജനുവരി 17-ാംതിയ്യതി കോളേജ് യൂണിയന്റെ ഉദ്ഘാടനം സിനിആർട്ടിസ്റ്റുമാരായ ശേഖർ മേനോനും, ശ്രീനാഥ് ഭാസിയും കൂടി നിർവ്വഹിച്ചു. ചടങ്ങിൽ എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കുത്തൂർ അദ്ധ്യക്ഷനായിരുന്നു.
- ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പുതിയ ഫിനാൻസ് ഓഫീസറായി ബഹു. ഫാ. ജോജു ചിരിയങ്കണ്ടത്തിനേയും, കൺസ്ട്രക്ഷൻ ഇൻ ചാർജ്ജായി ബഹു. ഫാ. ആന്റണി കുരുതുകുളങ്ങരയെയും അഭിവന്ദ്യ പിതാവ് നിയമിച്ചു. ഇരുവർക്കും ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റൊലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

### 'വഴികാട്ടി' പ്രകാശനം ചെയ്തു

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച 'വഴികാട്ടി' ഡി.ബി.സി.എൽ.സി. ഹാളിൽ ചേർന്ന ചടങ്ങിൽ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രകാശനം ചെയ്തു. വികാരി ജനറാൾ മോൺ. പോൾ പേരാമംഗലത്ത് ആദ്യപ്രതി ഏറ്റുവാങ്ങി. കേരളത്തിലെ സാധാരണകാർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി വിവിധ വകുപ്പുകളിലൂടെ കാലാകാലങ്ങളിൽ സർക്കാർ നടപ്പാക്കി വരുന്ന ഒട്ടേറെ വികസന-ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് വഴികാട്ടിയുടെ ഉള്ളടക്കം.

### സ്നേഹനിധി

ഫൊറോന ഭാരവാഹികൾക്കായി ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. പതിനാറ് ഫൊറോനകളിൽനിന്നായി നാൽപ്പതോളം പ്രതിനിധികൾ പങ്കെടുത്തു.

### ജെസ്പ് (JESSP)

ഡോളേഴ്സ്, ബസിലിക്ക, ലൂർദ്ദ് എന്നീ യൂണിറ്റുകളിൽ ചേർന്ന മീറ്റിംഗുകളിൽ അവധികാല ക്യാംപിനെ കുറിച്ച് ചർച്ച ചെയ്തു.

### സേവ് എ ഫാമിലി പ്ലാൻ

ഡി.ബി.സി.എൽ.സി. ഹാളിൽ നടന്ന അതിരൂപത സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കളുടെ കുടുംബസംഗമം – *സാന്ത്വനം 2013* ഐജി എസ്. ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. സേവ് എ ഫാമിലി പ്ലാൻ കാനഡയുടെ പ്രതിനിധി കസാന്ദ്ര ഗ്രിഫിൻ മുഖ്യാതിഥിയായിരുന്നു. പച്ചയില ചേർത്തുവെച്ച ഹരിതസന്ദേശ കാർഡുകൾ സമ്മാനിച്ചാണ് ഓരോരുത്തരെയും ചടങ്ങിലേക്ക് സ്വാഗതം ചെയ്തത്. 'പ്രകൃതിയെ ചൂഷണം ചെയ്യുന്ന, മലിനമാക്കുന്ന മനോഭാവം വെടിഞ്ഞ് നമ്മുടെ മനസ്സിലും നമുക്കുചുറ്റും പച്ചയായ ഒരു സംസ്കാരം കരുപിടിപ്പിക്കാൻ നമുക്കൊരുങ്ങാം' എന്നതായിരുന്നു സന്ദേശം. സേവ് എ ഫാമിലി പ്ലാൻ

ഇന്ത്യ റീജിയണൽ പ്രോഗ്രാം ഓഫീസർ ബീന ജോയ്, ഡോ. മേരി റെജീന എന്നിവർ സംസാരിച്ചു. അതിരൂപത സേവ് എ ഫാമിലി പ്ലാനിൽ നിലവിൽ 255 കുടുംബങ്ങൾക്കാണ് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്.

ജനുവരി മാസത്തിൽ FDP മുഖേന സഹായം ലഭിച്ച വ്യക്തികളുടെ ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| പേരാമംഗലം | 26,023 | ചൊവ്വൂർ | 7,500 |
| വെട്ടുകാട് | 10,000 | മുല്ലക്കര | 6,000 |
| ചൊവ്വൂർ | 12,000 | | |

## ബ്ലസഡ് ഹോംസ്

ബ്ലസഡ് ഹോംസ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അഞ്ച് കുടുംബങ്ങളിൽ മൂന്ന് കുടുംബങ്ങളുടെ ഭവനനിർമ്മാണം ആരംഭിച്ചു. മറ്റ് രണ്ട് ഭവനങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പ്രാഥമിക നടപടികൾ നടന്നുവരുന്നു.

## സമന്വയ

കാരിത്താസ് ഇന്ത്യയോട് ചേർന്ന് സോഷ്യൽ ആക്ഷൻ നടത്തുന്ന സമന്വയ പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങൾ/സന്യാസഭവനങ്ങളിൽനിന്നുള്ള പ്രതിനിധികൾക്കായി 'റിസൾട്ട് ബേസ്ഡ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. സ്പെഡ്-III പ്രൊജെക്ട് കോർഡിനേറ്റർ സാമുവൽ പി. ജോർജ്ജ് ക്ലാസ്സുകൾ നയിച്ചു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഗ്രൂപ്പുകൾ തിരിഞ്ഞുള്ള ചർച്ചകളും, ചർച്ചാവിശദാംശങ്ങളുടെ അവതരണവും സെമിനാറിലുണ്ടായിരുന്നു. പ്രൊഫ. ഡോ. ജോസ് കല്ലറക്കൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

| Sl. No. | Name of the Institution/ association/congregation | Number of participants |
|---|---|---|
| 1. | Holy Family Convent, Mannuthy | 2 |
| 2. | MSMI (Missionary sisters of Mary Immaculate), Nedupuzha | 1 |
| 3. | SMC (Sisters of Mount Calvary) | 3 |
| 4. | SMC (Sisters of Mount Calvary), Ponnukkara | 1 |
| 5. | Dominican sisters of charity of the presentation of the Blessed virgin (OP),Varadiyam | 1 |
| 6. | Congregation of sisters of charity (CSC),Kolazhy | 2 |

| | | |
|---|---|---|
| 7. | Sisters of the adoration of the Blessed Sacrament (SABS), Marottichal | 1 |
| 8. | Sisters of the Adoration of the Blessed Sacrament (SABS), Chettupuzha | 1 |
| 9. | Sisters of Sacred Heart(SH) 1 | |
| 10. | SCSA (Sisters of Charity of St.Anne) | 2 |
| 11. | Congregation of Sisters Nazareth(CSN),Kuriachira | 1 |
| 12. | SKD (Society of Kristudasis),Kozhukully | 1 |
| 13. | FCC (Franciscan Clarist Congregation ),Thrissur | 1 |
| 14. | RGS (Congregation of Our Lady of charity of the Good Shepherd),Kannara | 1 |
| 15. | RGS (Congregation of our lady of charity of the Good Shepherd),Thaikkattussery | 1 |
| 16. | Sadhu Sevana Sabha (SSS), Kozhukully | 1 |
| 17. | CSM (Congregation of Sisters of St.Martha), Mannuthy | 2 |
| 18. | SAB (Sisters of St.Ann,Bangalore), Thalikode | 1 |
| 19. | CMC( Congregation of Mother of Carmel), Mulloorkkara | 1 |
| 20. | Snehanidhi | 2 |
| 21. | Social Action | 6 |

## സ്പെഡ് - III

സ്പെഡ്-III യുടെ വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കാലടി ഐശ്വര്യഗ്രാമിൽ സംഘടിപ്പിച്ച പദ്ധതി കോർഡിനേറ്റർമാരുടെ ചതുർദിന സമ്മേളനത്തിൽ തൃശ്ശൂർ കോർഡിനേറ്റർ സാമുവൽ പി. ജോർജ്ജ് പങ്കെടുത്തു.

## ഗോഡ്സ് ഓൺ ഫാമിലി

പദ്ധതിയുടെ ഒന്നാം വാർഷികാഘോഷവും ഗുണഭോക്തൃ കുടുംബങ്ങളുടെ സംഗമവും ഫാമിലി അപ്പസ്തൊലേറ്റ് സെന്ററിൽ നടത്തി. ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പദ്ധതിയിൽ അംഗങ്ങളായ അമ്പതോളം കുടുംബങ്ങൾ പങ്കെടുത്തു. തെരഞ്ഞെടുക്കപ്പെട്ട ഓരോ കുടുംബത്തിനും പ്രതിമാസം ഒരു നിശ്ചിത തുക നൽകുന്നതിനു പുറമെ

കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സൗജന്യ ട്യൂഷൻ സംവിധാനവും, കൗൺസലിംഗ്, അവധികാല പഠന കളരി എന്നിവയും പദ്ധതി നടപ്പാക്കിവരുന്നു. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി വരുമാന വർദ്ധക സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങി നിരവധി പരിപാടികളും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

**ഡോ. ഫ്രാൻസിസ് ആലപ്പാട്ട്**
ചെയർമാൻ, സാന്ത്വനം

**ഫാ.പ്രിൻസ് പൂവ്വത്തിങ്കൽ**
ഡയറക്ടർ, സോഷ്യൽ ആക്ഷൻ &
സോഷ്യൽ സെന്റർ ഹൗസിംഗ്
സെക്രട്ടറി, സാന്ത്വനം &
സോഷ്യൽ വെൽഫെയർ സെന്റർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ,
സേവ് എ ഫാമിലി പ്ലാൻ
& ട്രഷറർ, സാന്ത്വനം

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 659–ാമതും കൂരിയായുടെ 672–മതു സമ്മേളനം ഫെബ്രുവരി 3ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡന്റ് ബ്ര. പി. സി. കുരിയപ്പന്റെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

ബ്ര. പ്രസിഡന്റിന്റെ ജ്ഞാനവായനക്ക് ശേഷം സെക്രട്ടറി ബ്ര. കെ.പി. ജോയ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ ബ്ര. വിൽസൺ പണ്ടാരവളപ്പിൽ വരവ്-ചിലവ് കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് സ്വാഗതം പറഞ്ഞു.

കത്തിടപാടുകൾ -സെനാത്തൂസിൽ നിന്നുള്ള കത്ത് വായിച്ചു. ലീജിയന്റെ സ്ഥാപകനായ ബ്ര ഫ്രാങ്ക് ഡഫ് ലീജിയൻ സംഘടനയിൽ ചേർത്ത ഏദേൽ മേരി കൂടൻ എന്ന പെൺകുട്ടി സംഘടനയിൽ സജീവമായി പ്രവർത്തിച്ചതുമുതൽ ലോകമെമ്പാടും ലീജിയൻ പ്രചരിപ്പിച്ചിരുന്നു. 36വയസ്സിൽ അസുഖം പിടിപ്പെട്ടതിനെ തുടർന്ന് അവൾ മരണത്തിന് കീഴടങ്ങി. സഭ അവളെ വൈകാതെ "വണക്കപ്പെട്ടവൾ" എന്ന് വിളിച്ചു. മരിയൻ സൈനികനായ ഏദേലിന്റെ മദ്ധ്യസ്ഥതയിൽ അനേകം അത്ഭുതങ്ങൾ ഇന്നും നടക്കുന്നതായി 2012 ഡിസംബർ 9 ഞായറാഴ്ചയിലെ സണ്ടെ ശാലോമിൽ ഉള്ളതായും ആയതിന്റെ ഓരോ കോപ്പി എല്ലാ പ്രസീദിയങ്ങളിലും ഏല്പിക്കുന്നതിനും ഡയറക്ടറച്ചൻ നിർദ്ദേശിച്ചു.

തിരുവനന്തപുരം കമ്മീസിയം ലീജിയൻ ഓഫ് മേരി സംഘടനയുടെ കലണ്ടർ അച്ചടിച്ചത് പ്രദർശിപ്പിച്ചു. മാർച്ച് 3 ഞായറാഴ്ച ഏകദിന പരിപാടിയോടെ ആച്ചിയസ് ചടങ്ങ് നടത്താൻ തീരുമാനിച്ചു. സെന്റ് മേരീസ് കോളേജിൽ 9.45ന് പ്രാരംഭപ്രാർത്ഥന ജപമാല തുടർന്ന് 10 മണിക്ക് മരിയൻ ധ്യാനം ബ്ര. കൃഷ്ണൻകുട്ടി ആന്റണി, മുളയം 12 മണിക്ക് വി. കുർബ്ബാന, 1.45ന് കമ്മീസിയം മീറ്റിംഗ് 2.00 മണിക്ക് ആച്ചിയസ് ഉദ്ഘാടനം – മാർ റാഫേൽ തട്ടിൽ. തുടർന്ന് ബ്ര. ക്രിസ്തുദാസ് എൻ. തിരുവനന്തപുരം- ആച്ചിയസ് സന്ദേശം നൽകുന്നതും തിരുവനന്തപുരം സൗത്ത് കമ്മീസിയം പ്രസിഡന്റ് ബ്ര. എ. ജെയിംസ് ലീജിയൻ പ്രവർത്തനത്തെക്കുറിച്ചും അസി. വികാരിയച്ചൻ, ഡയറക്ടർ റവ. സി. റാണി ജോർജ്ജ് ആശംസകൾ അർപ്പിക്കുന്നതുമാണ്. 4 മണിക്ക് എല്ലാ വൈദികരും പ്രതിജ്ഞ പുതുക്കിയതിനുശേഷം സൈനിക പ്രകടനമായി (ജപമാല റാലി) ബസലിക്കാ പള്ളിയിലേക്ക് പോകുന്നതും അവിടെവച്ച് സമാപന ബസലിക്കാ പള്ളിയിലേക്ക് പോകുന്നതും

അവിടെവെച്ച് സമാപന പ്രാർത്ഥനയും ആശീർവ്വാദവും ഉണ്ടായിരിക്കുന്ന താണ്. എല്ലാ പ്രസീദിയങ്ങളിലെയും എല്ലാ മെമ്പർമാരും പങ്കെടുക്കേണ്ട താണ്.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി പ്രഭാഷണം നടത്തി, ഒരു ലീജിയനംഗമായ എഡൽ ക്വിൻ ദൈവസ്നേഹം മറികടന്ന് മിഷൻ പ്രവർത്തനം ചെയ്ത് ഈ മരിയ സൈനിക നമുക്കൊരു മാതൃകയാണ്.

ഇന്ന് ദനഹാക്കാലം 5-ാം ഞായറാഴ്ച അവസാനിക്കുന്നു. നോമ്പു കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രകാശത്തിന്റെ മക്കളാകാൻ ഒരുക്കുന്ന അവസരമാണ് നോമ്പുകാലം. ഈശോ തന്റെ പരസ്യജീവിത ത്തിലൂടെ ദൈവം ത്രിത്വമെന്ന് വെളിപ്പെടുത്തുന്നു. പിതാവായ ദൈവം പുത്രനെ വെളിപ്പെടുത്തി. സെൻ ഹെന്ദ്രിൽ സംഘത്തിലെ നിക്കോദേമോ സിനേയും അമരത്തിയക്കാരൻ ജോസഫിനെയും കുറിച്ച് വിവരിച്ച് കൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു.

നിത്യസഹായ നാഥാ- ബസലിക്ക പ്രസീദിയം സന്ദർശിക്കുന്നതിനായി ലൂർദ്ദ് നാഥ പ്രസീദത്തെയും ദേവമാതാ, പൂങ്കുന്നം- സന്ദർശിക്കുന്നതിനായി കമ്മീസിയം ഭാരവാഹികളെയും ചുമതലപ്പെടുത്തി. ആച്ചിയസ് ദിനത്തിൽ മരിയ സൈനികരായ എല്ലാ സ്ത്രീകളും യൂണിഫോം സാരി ധരിച്ച് വരണ മെന്ന് സെക്രട്ടറി ഓർമ്മപ്പെടുത്തി.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാ ദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം പ്രസിഡന്റ്

**പി. സി. കുരിയപ്പൻ**

# സി.എൽ. സി.

**യാത്രയയപ്പ് നൽകി** : തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ പ്രമോട്ട റായി സേവനമനുഷ്ഠിച്ചിരുന്ന റവ. ഫാ. മാർട്ടിൻ കൊളമ്പ്രത്തിനും അസി. പ്രമോട്ടർ റവ. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിലച്ചനും യാത്രയയപ്പ് നൽകി. ഫെബ്രുവരി 3ന് നടന്ന യാത്രയയപ്പ് ചടങ്ങിൽ അതിരൂപത സി.എൽ.സി. പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു. അതിരൂ പത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ സന്നിഹിതരായിരുന്നു. യാത്രമംഗളങ്ങൾ നേർന്നു സംസാരിക്കുകയും തുടർന്ന് ഇവ. ഡോ. മാർട്ടിൻ

കൊളമ്പ്രത്ത് റവ. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ എന്നിവർ മറുപടി പ്രസംഗം പറഞ്ഞു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ചാർജ്ജെടുത്തു** : അതിരൂപത സി.എൽ.സി. പ്രമോട്ടറായി റവ. ഫാ. ജിയോ തെക്കിനിയത്ത് ചാർജ്ജെടുത്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കളത്തൂർ ഔദ്യോഗികമായി സ്ഥാന കൈമാറ്റം നൽകി. മുൻ സി. എൽ. സി. പ്രമോട്ടർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, സി.എൽ.സി. അതിരൂപത പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, അതിരൂപത പ്രൊഫഷണൽ സി.എൽ. സി. പ്രസിഡന്റ് എസ്.വി. റപ്പായി, അതിരൂപത ഭാരവാഹികളായ ലിജിൽ ജേക്കബ്ബ്, ബി. ബി. ബ്രാഡ്‌ലി, ഡിൽജോ തരകൻ, ബിജിൽ സി. ജോസഫ്, സ്റ്റെഫി അക്കര, ഫ്രെഡി, സി. ഡിക്രൂസ് എന്നിവർ സംസാരിച്ചു. അതിരൂപത ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**ഹരിത പഠന ക്യാമ്പ്**: സി. എൽ.സിയുടെ 450-ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി "മരിയ മക്കൾ ഹരിതരാഷ്ട്രത്തിനായ്" എന്ന മുദ്രവാക്യം ലക്ഷ്യമാക്കി ഹരിതപഠന ക്യാമ്പ് സംഘടിപ്പിച്ചു. പളനി ഹിൽസ് അപ്പർ, ലോവർ പളനി ഹിൽസ് എന്നിവിടങ്ങളിൽ നടന്ന ക്യാമ്പ് പ്രകൃതിയെ കൂടുതലറിയുന്നതിന് സഹായകരമായി. 3 ദിവസത്തെ പഠന ക്യാമ്പിന് അതിരൂപത സി.എൽ.സി. പ്രമോട്ടർ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത് നേതൃത്വം നൽകി. 20 പേർ പഠന ക്യാമ്പൽ പങ്കെടുത്തു. അതിരൂപത സി. എൽ. സി. പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, ക്യാമ്പ് കൺവീനർ ഫ്രെഡി സി. ഡിക്രൂസ്, എലിസബത്ത് പൗലോസ്, ഡിൽജോ തരകൻ എന്നിവർ ക്യാമ്പിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

**പാലയൂർ ജാഗരണ പദയാത്ര** : സി.എൽ. സിയുടെ നേതൃത്വത്തിലുള്ള പാലയൂർ ജാഗരണ പദയാത്ര 2013 മാർച്ച് 8ന് വൈകീട്ട് 9ന് തൃശ്ശൂർ പുത്തൻപള്ളിയിൽ നിന്നാരംഭിക്കുന്നു. മുഴുവൻ സി. എൽ.സി. പ്രവർത്തകരും പദയാത്രയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

**ഇലക്ഷൻ** : സി. എൽ. സി. യൂണിറ്റ് ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. ഫൊറോന ഇലക്ഷനുകൾ നടത്തുമ്പോൾ അതിരൂപത പ്രമോട്ടർ, പ്രസിഡന്റ് എന്നിവരെ അറിയിക്കേണ്ടതാണ്. ഇലക്ഷനുശേഷം മുഴുവൻ ഭാരവാഹികളുടെയും അഡ്രസ്, ഫോൺ, ഇ-മെയിൽ അഡ്രസ് എന്നിവ അതിരൂപത സി.എൽ.സി. ഓഫീസിൽ എത്തിക്കേണ്ടതാണ്.

**വിഷൻ 2015** : തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും ആദ്ധ്യാത്മിക ഭൗതീക മേഖലകളിൽ ശക്തമായി പ്രവർത്തിക്കുന്ന സി. എൽ. സി. യൂണിറ്റുകളെ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി. മിഷൻ 2015 എന്ന പേരിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സി.എൽ.സി. നേതൃത്വപരിശീലനം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ അതിരൂപത ഫൊറോന യൂണിറ്റ് തല പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചയും ഉണ്ടായിരിക്കും. ക്യാമ്പ് നടത്തുവാൻ ആഗ്രഹമുള്ള യൂണിറ്റുകൾ അതിരൂപത ഭാരവാഹികളുമായി ബന്ധപ്പെടുക.

അതിരൂപത സി.എൽ.സി. പ്രമോട്ടർ
**ഫാ. ജിയോ തെക്കിനിയത്ത്**

പി.ആർ.ഒ.
**ബിജിൽ സി. ജോസഫ്**

# മാതൃസംഘം

തൃശ്ശൂർ അതിരൂപത മാതൃസംഘം 22.1.2013ൽ ഡയറക്ടർ റവ. ഫാ. ഫ്രെഡറിക് എലുവത്തിങ്കലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഒരു വർഷത്തേയ്ക്കുള്ള വാർഷിക പരിപാടി ഉദ്ഘാടനവും വിശ്വാസവർഷത്തെക്കുറിച്ചുമുള്ള സെമിനാറുമായിരുന്നു അന്നത്തെ യോഗത്തിന്റെ ഉദ്ദേശ്യം. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് വാർഷിക പരിപാടി പ്രകാശനം ചെയ്ത്, അമ്മമാരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. റവ. ഫാ. സെബി ചിറ്റിലപ്പിള്ളി വിശ്വാസ വർഷത്തിന്റെ പ്രാധാന്യവും പ്രാർത്ഥനയുടെ ആവശ്യകതയും അമ്മമാർക്ക് വ്യക്തമാക്കികൊടുത്തു. 4 മണിക്ക് ശേഷം അവസാനിച്ചു.

ഫെബ്രുവരി 12-ാം തിയതി ഉച്ചയ്ക്ക് 1.30ന് റവ. ഫാ. ജോർജ്ജ് തോട്ടാൻ സി.എം. ഐ. രൂപതയിലെ വിധവകളായ അമ്മമാർക്ക് ജീവിതത്തിൽ അവർ ഇനി ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് അവരെ ബോധവതികളാക്കി. വൈധവ്യം ശാപമല്ലെന്നും ഇനിയും ജീവിതത്തിൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച് ചെയ്യേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കികൊടുത്തു.

ചേലക്കര, പുതുക്കാട്, പട്ടിക്കാട്, എരുമപ്പെട്ടി, പാലയൂർ, ബസിലിക്ക, പറപ്പൂർ എന്നീ ഫൊറോനകളിലെ ഫൊറോന സംഗമങ്ങൾ വിവിധ കലാപരിപാടികളോടെ ഭംഗിയായി നടന്നു.

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

**ലീലമാത്യു**
പ്രസിഡന്റ്

**അൽഫോൻസ ജോസ്**
സെക്രട്ടറി

# കുടുംബക്കൂട്ടായ്മ

**റിസോഴ്സ് ടീം ലിസ്റ്റ്** : അതിരൂപതയിലെ മുഴുവൻ കുടുംബക്കൂട്ടായ്മകളുടെയും കുടുംബമതബോധനത്തിന്റേയും ബോധവൽക്കരണത്തിന്റേയും (വിശ്വാസം, സാമൂഹികം, ബൈബിൾ) വേദികളാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് റിസോഴ്സ് ടീം തയ്യാറായി വരുന്നു. ജനുവരി 18നു നടന്ന പരിശീലന പരിപാടിയിൽ നിന്നും വ്യക്തികളെ തെരഞ്ഞെടുത്ത് ഇടവക തലത്തിലുള്ള ആനിമേഷൻ ടീമിനേയും കുടുംബക്കൂട്ടായ്മകളേയും ബോധവൽക്കരിക്കാനാണ് ഈ ടീമിലൂടെ ഉദ്ദേശിക്കുന്നത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**മുൻഡയറക്ടർക്ക് യാത്രയയപ്പ് നൽകി** : ഒരു വർഷക്കാലം അസോ. ഡയറക്ടറായും രണ്ട് വർഷക്കാലം കുടുംബക്കൂട്ടായ്മ ഡയറക്ടറായും സേവനമനുഷ്ഠിച്ച് ഡയറക്ടർ റവ. ഫാ. ജെയ്സൺ മാറോക്കിക്ക് ഹൃദ്യമായ യാത്രയയപ്പു നൽകി. 04/02/2013 തിങ്കളാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ ജോ. കൺവീനർ ശ്രീ. ടി.ടി. ബെന്നി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന കൺവീനർമാരും അതിരൂപതാ ഭാരവാഹികളും സംബന്ധിച്ച ചടങ്ങിൽ കഴിഞ്ഞ 2 വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ബഹു. അച്ചന് ആശംസകൾ നേരുകയും ചെയ്തു. കേന്ദ്രസമിതിയുടെ എളിയ ഉപഹാരം, പ്രൊഫ. കെ.എൽ.സെബാസ്റ്റ്യൻ സമ്മാനിച്ചു. അഡ്വ. സി.ജെ. ഡെന്നി, ശ്രീമതി ഓമന റാഫേൽ, ഫൊറോന കൺവീനർമാർ എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ സംസാരിച്ചു.

**പുതിയ ഡയറക്ടർക്ക് സ്വീകരണം** : ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റേയും കുടുംബക്കൂട്ടായ്മ കേന്ദ്രസമിതിയുടെയും ഡയറക്ടറായി ചുമതലയേറ്റ റവ. ഡോ. ലോറൻസ് തൈക്കാട്ടിലച്ചനെ ജന. സെക്രട്ടറിയും ജോ. സെക്രട്ടറി ഡഗ്ലസ് ചിറമ്മലും ഓഫീസിൽ സ്വീകരിച്ചു.

**മാതൃക കുടുംബക്കൂട്ടായ്മ:** മാതൃക കുടുംബക്കൂട്ടായ്മ തെരഞ്ഞെടുപ്പിന്റെ ആദ്യപടിയായ വാർഷിക പദ്ധതി സമ്മർപ്പണത്തിന്റെ തീയതി ജനുവരി 31ന് അവസാനിച്ചെങ്കിലും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മാർക്കുള്ളതിനാൽ (ജനുവരി 31ന് മുൻപ് സമർപ്പിച്ചാൽ 7 മാർക്കും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ 3 മാർക്ക്)കേന്ദ്രസമിതി കൺവീനർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **തൊമ്മി പിടിയത്ത്** | **ഡോ. ഡെയ്സൺ പാണേങ്ങാടൻ** |
| **ഡയറക്ടർ** | **ജന. കൺവീനർ** | **ജന. സെക്രട്ടറി** |

# സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ

**സി.സി.വാർത്തകൾ**

ടിന്നേജ് സ്കോട്ട്ലാന്റ് 12840 രൂപയും അമേരിക്ക 10,039 രൂപയും, വിദ്യാ ജ്യോതി 15000 രൂപയും പ്രോജക്ട് ഗ്രാന്റ് നോർത്ത് പുതുക്കാട് 54000 രൂപയും പഴയന്നൂർ 45000 രൂപയും വന്നത് കോൺഫ്രൻസുകൾക്ക് വിതരണം ചെയ്തു.

മേഖല യോഗങ്ങൾ 17.02.2013 കിഴക്കൻ മേഖല തൃശ്ശൂർ ഈസ്റ്റ് ഏരിയ കൗൺസിൽ വെച്ച് കാലത്ത് 9 മണിക്കും തെക്കൻ മേഖല വിൻസെൻഷ്യൻ കോംപ്ലക്സിൽ വെച്ച് ഉച്ചകഴിഞ്ഞ് 2 മണിയ്ക്കും 24.02.2013 പടിഞ്ഞാറ് മേഖല പാലയൂർ ഏരിയ കൗൺസിൽ വെച്ചും 03.03.2013 വടക്കൻ മേഖല വടക്കാഞ്ചേരി ഏരിയ കൗൺസിൽ വെച്ചും നടത്തുന്നതിന് തീരുമാനിച്ചു.

16-ാം പാലയൂർ മഹാതീർത്ഥാടന ജാഗരണ പദയാത്ര കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട സി. സി. സെക്രട്ടറി ബ്രദർ ഷിബു കാഞ്ഞിരത്തിങ്കലിന് പ്രത്യേക പ്രാർത്ഥനാശംസകൾ.

വലിയ നോമ്പിലെ ഏകദിന പ്രാർത്ഥന ഉപവാസം മാർച്ച് 10 തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്കയിൽ വെച്ച് നടത്തുന്നു.

**റവ. ഫാ. മാത്യു ചാക്കേരി**
സി.സി സ്പിരിചൽ ഡയറക്ടർ

**ബ്ര. ഷിബു കാഞ്ഞിരത്തിങ്കൽ**
സി.സി. സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

ജനുവരി 13ന് Nest ന്റെ 6-ാം വാർഷിക ആഘോഷത്തിൽ മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

ജനുവരി 20ന് എറണാകുളം രൂപതയിലെ ചേരാനെല്ലൂർ ഇടവകയിൽ അതിരൂപത ഡയറക്ടർ ഫാ. ജോജു പനയ്ക്കൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് നടന്ന മദ്യവിരുദ്ധ സെമിനാറിൽ പങ്കെടുക്കുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. കോടന്നൂർ ബാർ വിരുദ്ധ സമരത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സജീവമായ പല ഘട്ടങ്ങളിൽ പങ്കെടുക്കകയും ബാർ വിരുദ്ധ സമരം വിജയിച്ച ആഹ്ലാദ പ്രകടന സമ്മേളനത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു

**ഫാ. ജോജു പനയ്ക്കൽ**
ഡയറക്ടർ

**ജോസ് ചെമ്പിശ്ശേരി**
സെക്രട്ടറി

# കാത്തലിക് യൂണിയൻ – കെ.സി.വൈ.എം.

**ലോകരോഗീദിനാചരണം**

കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ 2013 ഫെബ്രുവരി11 രാവിലെ തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ രോഗികൾക്ക് സൗജന്യ മരുന്ന് -ഭക്ഷണ വിതരണം നടത്തി. അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. ആന്റോ തൊറയൻ അദ്ധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. ജിയോ കടവി, ഡെപ്യൂട്ടി മേയർ അഡ്വ. സുബി ബാബു, ഡി. ആർ.എസ് ഡയറക്ടർ, കെ. എ. ഡേവീസ് ആർ.എം. ഒ. ഡോ. ടോണി, ചെയർമാർ ശ്രീ. പി.ഐ. ലൈസർ മാസ്റ്റർ, കരോളിൻ ജോഷ്വാ,മനോജ് പി. ജി. ഡോ. ഷിജിൻ ജോൺ, ജോൺസൺ ജോർജ്ജ് എന്നിവർ നേതൃത്വം കൊടുത്ത് സംസാരിച്ചു.

പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.

കാത്തലിക് യൂണിയൻ -കെ.സി.വൈ.എം. 2013–14 വർഷത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ യൂണിറ്റ്–ഫൊറോന–രൂപത തലങ്ങളിലായി 2012 ഡിസംബർ 16നുള്ളിൽ പൂർത്തിയാവുകയും പുതിയ ഭാരവാഹികളായി C.U. & K.C.Y.M. അതിരൂപതാ ചെയർമാനായി ശ്രീ. പി. ഐ. ലാസർ മാസ്റ്ററും ജന.സെക്രട്ടറിയായി എൻ. പി. ജാക്സൺ മാസ്റ്ററും സ്ഥാനമേറ്റു.

**കാത്തലിക് യൂണിയൻ**

**(പുരുഷ വിഭാഗം)** പ്രസിഡണ്ട് : ജോൺസൺ ജോർജ്ജ്, വൈ. പ്രസിഡണ്ട് : ജോഷി കെ.എൽ, സെക്രട്ടറി :ജോജു നീലങ്കാവിൽ, ജോ. സെക്രട്ടറി : ജോസ് പീറ്റർ മാസ്റ്റർ, ട്രഷറർ : രഞ്ജിത്ത് പോൾ, ക്യാപ്റ്റൻ: ടി.ഒ. തോമസ്

**(വനിതാവിഭാഗം)** : പ്രസിഡണ്ട് : ഷീബ താരു, വൈ. പ്രസിഡണ്ട് : ജാർളി റോബർട്ട്, സെക്രട്ടറി: ജയ മുത്തുപീടിക, ജോ.സെക്രട്ടറി: സെലീന ജോർജ്ജ്, ട്രഷറർ: റീത്ത ജോസഫ്, ക്യാപ്റ്റൻ : മേരി കാക്കനാടൻ

**കെ. സി.വൈ.എം.**

(പുരുഷ വിഭാഗം) പ്രസിഡണ്ട് : ആന്റോ തൊറയൻ, വൈസ് പ്രസിഡണ്ട്: അനൂപ് പി. മാത്യു, സെക്രട്ടറി : മനോജ് പി. ജി., ജോ. സെക്രട്ടറി: ജോസ് മോൻ കെ. ഫ്രാൻസീസ്, ട്രഷറർ : ലിന്റോഷ് ജോൺ, ക്യാപ്റ്റൻ : സിജോ പിടിയത്ത്

(വനിതാ വിഭാഗം): പ്രസിഡണ്ട് : കാരോളിൻ ജോഷ്വ, വൈ. പ്രസിഡണ്ട്: ജിനി കെ. ജെ., സെക്രട്ടറി : റിന്റോ ആന്റണി എന്നിവരെ തെരഞ്ഞെ

ടുത്തു. 2013 ജനുവരി 15-ാം തിയതി ആർച്ച്ബിഷപ്പ് ഹൗസിൽ ചേർന്ന യോഗത്തിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പുതിയ ഭാരവാഹികൾക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നൽകി. സി.യു.& കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജിയോ കടവി, ആനിമേറ്റർ  സി. ടീന മരിയ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് സത്യപ്രതിജ്ഞ ചൊല്ലിക്കൊണ്ട് ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുക്കുകയും C.U. & K.C.Y.M. നൂതന കർമ്മ പദ്ധതികളുമായി വിശ്വാസ പ്രാർത്ഥന വർഷത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുമെന്ന് പ്രതിജ്ഞ ചെയ്തു. ഇതോടൊപ്പം C.U. & K.C.Y.M. സംസ്ഥാന-ദേശീയ ഭാരവാഹികളും ഉത്തരവാദിത്വം ഏറ്റെടുത്തു.

### റൂബി ജൂബിലി സമാപനം

കാത്തലിക് യൂണിയൻ കെ.സി.വൈ.എം. റൂബി ജൂബിലി സമാപനം ഏപ്രിൽ 21ന് സമുചിതമായി നടത്തുവാൻ യോഗം തീരുമാനിച്ചു. 40-ാം വാർഷികത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. സമാപന ആഘോഷകമ്മിറ്റി അംഗങ്ങളായി ജോൺസൺ ചിറ്റിലപ്പിള്ളി, ജോജു നീലങ്കാവിൽ സി.എൽ. ഇഗ്നേഷ്യസ്, അഡ്വ. ബൈജു ജോസഫ്, ഡേവീസ് പുത്തൂർ, ജോഷി കെ. എൽ, സി. ജെ. ജെയിംസ്, ജോസ് പീറ്റർ, മനോജ്പി.ജി., ജയ മുത്തുപീടിക, ടിങ്കിൾ ഫ്രാൻസീസ്, സിജോ പിടിയത്ത്, ജോസ് മോൻ, അനൂപ് പി. മാത്യൂ എന്നിവരെ ഹൈ കൗൺസിലിനോടൊപ്പം പ്രവർത്തിക്കുവാൻ തെരഞ്ഞെടുക്കുകയും ചെയ്തു.

### അഭിനന്ദനങ്ങൾ

കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട രൂപത ഡയറക്ടർ ഫാ. ജിയോ കടവിയ്ക്കും സഭാ താരമായി തെരഞ്ഞെടുക്കപ്പെട്ട ചെയർമാൻ ശ്രീ. പി.ഐ. ലാസർ മാസ്റ്റർക്കും അഭിനന്ദനങ്ങൾ.

### ലോക രോഗീദിനം

ലോക രോഗീദിനത്തോടനുബന്ധിച്ച് അവശർക്കും അശരണർക്കും താങ്ങും തണലുമേകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കൺവീനർ ആയി. ഡോ. ഷിജിൻ ജോണിനെ യോഗം തെരഞ്ഞെടുത്തു.

**ഫാ. ജിയോ കടവി** — ഡയറക്ടർ
**ഫാ. ഷാന്റോ തലക്കോട്ടൂർ** — അസി. ഡയറക്ടർ
**പി. ഐ. ലാസർമാസ്റ്റർ** — ചെയർമാൻ

**എൻ.പി. ജാക്സൺ മാസ്റ്റർ**
ജന. സെക്രട്ടറി

# ജീസസ്സ് യൂത്ത്

**Grand Leaders Gathering**

February 2 -ാം തിയ്യതി തൃശ്ശൂർ Grand Leaders Gathering സോണിൽ നടന്നു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സന്നി ഹിതനായിരുന്നു. ജീസസ്സ് യൂത്ത് മുന്നേറ്റത്തിന്റെ ആരംഭകാലം മുതലുള്ള ലീഡേഴ്സ് പങ്കെടുത്തു. International Co-ordinator Raiju Varghese ന്റെ നേതൃ ത്വത്തിൽ international Level ൽ പ്ലാൻ ചെയ്യുന്ന പുതിയ ഫോർമേഷൻ രീതി കളെകുറിച്ച് ചർച്ച ചെയ്തു. സോണൽ ആനിമേറ്റർ ഫാദർ ഫ്രാൻസീസ് ആളൂർ സന്നിഹിതനായിരുന്നു.

**100 Hours Adoration**

ജീസസ്സ് യൂത്ത് തൃശ്ശൂർ സോൺ Reconstitution നുവേണ്ടിയുള്ള ഒരു ക്കത്തിന്റെ ഭാഗമായി 100 മണിക്കൂർ ആരാധന നടത്തും. സോണൽ തല ത്തിലും, സബ് സോണുകളിലും, മിനിസ്ട്രികളിലൂമായാണ് 100 മണിക്കൂർ ആരാധന നടത്തുക.

**Velur Subzone**

വേലൂർ സബ്സോണിന്റെ നേതൃത്വത്തിൽ ജനുവരി 25-ാം തിയതി വൈകീട്ട് 5 മണി മുതൽ 26-ാം തിയതി വൈകീട്ട് 4.30 വരെ വേലൂർ Lisuex Bhavan College-ൽ വെച്ച് Leaders Training Programme നടന്നു. 18 ലീഡേഴ്സ് പങ്കെടുത്തു.

**Erumapetty Subzone**

എരുമപ്പെട്ടി സബ്സോൺ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ജനുവരി 25-ാം തിയതി സോണൽ ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുത്തവരുടേയും സബ്സോൺ സർവ്വീസ് ടീം മെമ്പേഴ്സിന്റേയും വീടുകളിൽ സന്ദർശനം നടത്തി.

| | | |
|---|---|---|
| **ഫാ. ഫ്രാൻസിസ് ആളൂർ** | **ഫാ. മനോജ് താണിക്കൽ** | **പോൾസൺ തോമസ്** |
| **ഡയറക്ടർ** | **അസി. ഡയറക്ടർ** | **കോ-ഓർഡിനേറ്റർ** |

# ചിൽഡ്രൻസ് മിനിസ്ട്രി

നന്ദി .... സ്വാഗതം : കഴിഞ്ഞ ഒരു വർഷം ചിൽഡ്രസ് മിനിസ്ട്രിയുടെ വളർച്ചയ്ക്കായി പ്രവർത്തിച്ച എല്ല ഫൊറോന പ്രമോട്ടർ അച്ചന്മാർക്കും അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നന്ദി സ്നേഹത്തോടെ അർപ്പിക്കുന്നു. ഒപ്പം പുതുതായി നിയമിക്കപ്പെട്ട അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടർ അച്ചൻമാർക്ക് ഹൃദ്യമായ സ്വാഗതവും മംഗളങ്ങളും നേരുന്നു. ഫൊറോന പ്രമോട്ടറച്ചന്മാരുടെ പേരുകൾ ഫോറോന സഹിതം താഴെ ചേർക്കുന്നു.

1. Lourdes Cathedral - Rev. Fr. Denny Chirayath
2. Basilica - Rev. Fr. Jibin Thazhekkaden
3. Chelakkara - Rev. Fr. Joseph Kannanaykal SDV
4. Erumapetty - Rev. Fr. Vincent Kanimangalathukaran
5. Kandassankadavu - Rev. Fr. Jinto Pereppadan
6. Kottekkad - Rev. Fr. Bestin Kakkassery
7. Mattom - Rev. Fr. Christon Perumattil
8. Ollur - Rev. Fr.John Paul Chemmannur
9. Palayur - Rev. Fr. Jackson Koonamplackal
10. Parappur - Rev. Fr. Jeo Tharakan
11. Pattikad - Rev. Fr. Manoj Thanikal
12. Pazhuvil - Rev. Fr. Shajan Cheeramban
13. Pudukkad - Rev. Fr. Justin Eluvathingal
14. Puthur - Rev. Fr. Anto Panegaden
15. Velur - Rev. Fr. Joyson Koreth
16. Wadakkanchery - Rev. Fr. Shanto Thalakkottur

**അർദ്ധദിന സെമിനാർ** : ആദ്യകുർബ്ബാന സ്വീകരണത്തിനൊരുക്കുന്ന അദ്ധ്യാപകർക്ക് അതിരൂപതാ തലത്തിൽ മാർച്ച് 2-ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി.ബി.സി.എൽ.സിയിൽ വെച്ച് ഒരു അർദ്ധദിന പരിശീലന പരിപാടി ഒരുക്കിയിരിക്കുന്നു. ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപകരെ നിർബന്ധമായും പറഞ്ഞയ്ക്കുക

**Saints Quiz 2012-2013 :** Saints Quiz 2012-2013 ന്റെ അതിരൂപതാതല മത്സരം ഏപ്രിൽ 14 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി. ബി.സി. എൽ. സിയിൽ വെച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്ന ടീം 50 രൂപ രജിസ്ട്രേഷൻ ഫീസ് അന്നേദിവസം കൊണ്ടുവരേണ്ടതാണ്.

# A. തിരുബാലസഖ്യം

## തിരുബാലസഖ്യദിനാഘോഷവും പ്ലാറ്റിനം ജൂബിലി ഉദ്ഘാടനവും

തൃശ്ശൂർ തിരുബാലസഖ്യ സംഘടനയുടെ പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനവും അതിരൂപത തിരുബാലസഖ്യദിനവും സംയുക്തമായി മതബോധന കേന്ദ്രത്തിൽ വെച്ച് നടന്നു. രാവിലെ10 മണിക്ക് തിരുബാലസഖ്യസംഘടനയുടെ 75-ാമത് ജൂബിലിയുടെ ഉദ്ഘാടനം മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് തിരിതെളിയിച്ച്, പ്ലാറ്റിനം ജൂബിലി ലോഗോ പ്രകാശനം ചെയ്ത് നിർവ്വഹിച്ചു. തുടർന്ന് റവ. ഫാ. ജിജോ കപ്പിലാനിരപ്പേൽ വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് 1 മണിക്ക് ലൂർദ്ദ് ഉണ്ണിമിശിഹാ പള്ളിയിൽ നിന്ന് ആരംഭിച്ച ജൂബിലി വിളംബര ഘോഷയാത്ര വിശ്വാസ പരിശീലന കേന്ദ്രത്തിൽ സമാപിച്ചപ്പോൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജൂബിലി പതാക ഉയർത്തുകയും അതിരൂപത തിരുബാല സഖ്യദിന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് യൂണിറ്റുകൾക്ക് നൽകുന്ന കിറ്റിന്റെ ഉദ്ഘാടനവും പ്ലാറ്റിനം ജൂബിലി വർഷത്തിൽ അതിരൂപത ഫൊറോന യൂണിറ്റ് തലത്തിൽ നടത്തുന്ന 75 കർമ്മ പരിപാടികളുടെ ആരംഭവും പിതാവ് നിർവ്വഹിച്ചു. യോഗത്തിൽ മോൺ ജോർജ്ജ് എടക്കളത്തൂർ അദ്ധ്യക്ഷപദം അലങ്കരിച്ചു. റവ. ഡോ. ജിഫി മേക്കാട്ടുകളും, റവ. സി. ജെസ്സിൻ തെരേസ്, മിസ്സിസ് മോളി പി. ജെ. എന്നിവർ ആശംസകൾ അർപ്പിച്ചു.

തിരുബാല സഖ്യ സംഘടനയുടെ അതിരൂപത തലത്തിൽ മികച്ച യൂണിറ്റായി ലൂർദ്ദ് ഫൊറോനയിൽ നിന്നും St. George C.L.P.School, Mukkattukara ഉം Best Animator ആയി Sr. Maria Antony യും തിരഞ്ഞെടുക്കപ്പെട്ടു. ഫൊറോന തലത്തിൽ മോഡൽ യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. Basilica Forane - St. Theresas Convent L.P.S., Kanimangalam
2. Chelakkara Forane - St. Antonys Church, Mulloorkkara
3. Erumapetty Forane - St. Thomas Church, Chowannur
4. Kandassankadavu Forane - Carmalamatha Church, Enamakkal
5. Kottekkad Forane - St. Mary's Church, Peramangalam
6. Mattom Forane - San Thome Church, Choondal
7. Ollur Forane - St. Antony's Church, Ammadam
8. Palayur Forane - Christ Kind Convent EMLPS, Pavaratty
9. Parappur Forane - St. Sebastians Churhc, Puranattukara
10. Pattikkad Forane - St. Francis Xavier's Church, Pattikkad

11. Pazhuvil Forane - St. Antony's Church, Cherpu
12. Pudukad Forane - St. Mary's Church, Vendore
13. Puthur Forane - Holy Trinity Church, Bharatha
14. Velur Forane - St. Francis Xaviers Church, Velur
15. Wadakkanchery Forane - St. Thomas L.P.School, Thiroor

എന്നീ യൂണിറ്റുകൾക്കും മേൽപറഞ്ഞ യൂണിറ്റുകളിലെ ബെസ്റ്റ് ആക്ടീവ് മെമ്പർക്കും അവരുടെ മാതാപിതാക്കൾക്കും പ്രത്യേക പുരസ്കാരങ്ങളും സമ്മാനങ്ങളും യോഗത്തിൽ വെച്ച് നൽകി.

### ഫൊറോന, യൂണിറ്റ് തല പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

ഫൊറോന യൂണിറ്റുതല പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ആരംഭത്തിനാവശ്യമായ ജൂബിലി തിരി, പതാക, പ്രാർത്ഥന ഡയറി, ഉണ്ണീശോയുടെ പ്രതിഷ്ഠാ ജപം, നൊവേന ജപം എന്നിവ തിരുബാലസഖ്യ ഓഫീസിൽ നിന്ന് വാങ്ങി ആനിമേറ്റർമാരോ ബന്ധപ്പെട്ടവരോ കൊണ്ടുപോകേണ്ടതാണ്.

### ആനിമേറ്റേഴ്സ് ത്രിദിന ഫോർമേഷൻ ക്യാമ്പ്

പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി തിരുബാലസഖ്യ ആനിമേറ്റേഴ്സിന് ഏപ്രിൽ 8, 9, 10 തീയതികളിൽ ഡി.ബി.സി.എൽ.സിയിൽ വെച്ച് ഒരു ത്രിദിന പരിശീലന ക്യാമ്പ് ഒരുക്കിയിരിക്കുന്നു. ഏപ്രിൽ 8 തിങ്കൾ രാവിലെ 9 മണി മുതൽ ഏപ്രിൽ 10 ബുധൻ 10 മണി വരെ നടത്തുന്ന ഈ ഫോർമേഷൻ ക്യാമ്പിൽ നിർബന്ധമായും എല്ലാ ആനിമേറ്റർമാരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ: വരുന്നവരുടെ എണ്ണം തിരുബാലസഖ്യ ഓഫീസിൽ വിളിച്ചറിയിക്കുമല്ലോ- ഫോൺ : 0487-2325336, 9947582522

## B. ജൂനിയർ സി.എൽ.സി

### ക്രിസ്ത്യൻ ലൈഫ് 2013

ഏപ്രിൽ 15, 16, 17 (തിങ്കൾ, ചൊവ്വ, ബുധൻ) എന്നീ തിയതികളിൽ ജൂനിയർ സി.എൽ.സി. അംഗങ്ങൾക്ക് (8-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സ് ഉൾപ്പെടെയുള്ള മതബോധന വിദ്യാർത്ഥികൾ) തൃശ്ശൂർ ഡി.ബി. സി.എൽ. സിയിൽ വെച്ച് ഒരു ത്രിദിന ഫോർമേഷൻ ക്യാമ്പ് - ക്രിസ്ത്യൻ ലൈഫ് 2013 സംഘടിപ്പിക്കുന്നു. ഏപ്രിൽ 15 തിങ്കൾ രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 17 ബുധൻ 10 മണിക്ക് അവസാനിക്കുന്ന ഈ ക്യാമ്പിൽ ഒരു ഇടവകയിൽ നിന്ന് 4 കുട്ടികൾക്ക് (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ) പങ്കെടുക്കാവാൻ സാധിക്കും. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 50 രൂപ. ക്യാമ്പിന്

വരുമ്പോൾ ബൈബിൾ, പേന, നോട്ടുബുക്ക്, മറ്റ് അത്യാവശ്യ സാധനങ്ങൾ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷന്റെ അവസാന തീയതി ഏപ്രിൽ 10. വരുന്നവരുടെ എണ്ണം വിളിച്ചറിയിക്കുമല്ലോ (ഫോൺ : 0487-2325336, 9947582522)

## C.അൾത്താര സംഘം

**ബെർക്കുമെൻസ് 2013 :**

ഏപ്രിൽ 18, 19, 20 (വ്യാഴം, വെള്ളി, ശനി) എന്നീ തീയതികളിൽ അൾത്താര സംഘ ശുശ്രൂഷകൾക്ക് തൃശ്ശൂർ ഡി.ബി.സി.എൽ. സിയിൽ വെച്ച് ഒരു ത്രിദിന ഫോർമേഷൻ ക്യാമ്പ് - ബെർക്കുമെൻസ് 2013 സംഘടിപ്പിക്കുന്നു. ഏപ്രിൽ 18 വ്യാഴം രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 20 ശനി 10 മണിക്ക് അവസാനിക്കുന്ന ഈ ക്യാമ്പിൽ ഒരു ഇടവകയിൽ നിന്ന് 2 ആൺകുട്ടികൾക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. രജിസ്ട്രേഷൻ ഫീസ് 50 രൂപ. ക്യാമ്പിന് വരുമ്പോൾ ബൈബിൾ, പേന, നോട്ട് ബുക്ക്, മറ്റ് അത്യാവശ്യസാധനങ്ങൾ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷന്റെ അവസാനത്തെ തീയതി ഏപ്രിൽ 10. വരുന്നവരുടെ എണ്ണം വിളിച്ചറിയിക്കുമല്ലോ. ഫോൺ : 04872325336, 9947582522

**പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ മാർച്ച് 2013**

**തിരുവചനപഠനം** : യേശു അവരോട് പറഞ്ഞു പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും അവമതിക്കപ്പെടുന്നില്ല. (മത്തായി 13 : 57)

**സുകൃത ജപം** : വി. യൗസേപ്പ് പിതാവേ നീതിബോധം എന്നിൽ വളർത്തണമേ

**പ്രാർത്ഥന നിയോഗം** : നീതിക്കുവേണ്ടി സഹിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : എല്ലാവരോടും എപ്പോഴും നന്ദി പറയുവാൻ ശ്രമിക്കുക. ജീവിതത്തിൽ നീതി പ്രവർത്തിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ** : വി. യൗസേപ്പ് (മാർച്ച് 19)

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ഡെയ്സൺ മുണ്ടോപുറം**

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

5.2.2013 ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. അതിരൂപതാ അഡ്വൈസർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷനായിരുന്ന മീറ്റിംഗ് പ്രാർത്ഥനയോടെ ആരംഭിച്ചു. മീറ്റിംഗിൽ രണ്ട് അജണ്ടകൾ ഉണ്ടായിരുന്നു.

1. കാത്തലിക് നേഴ്സസ് ഗിൽഡിന്റെ തൃശൂർ ശാഖയുടെ സുവർണ്ണ ജൂബിലി പരിപാടികൾ ക്രമീകരിക്കുക.

2. ഇടവക തലത്തിൽ നേഴ്സസിന്റെ പ്രൊഫഷൻ ഒരു ദൈവവിളിയാണെന്ന ബോധവത്ക്കരണത്തിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുക.

പിന്നീട് നേഴ്സസ് ഗിൽഡിന്റെ ഇന്നത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം ചെയ്തു.

ഫെബ്രുവരി 11-ന് വിവിധ ആശുപത്രികളിൽ നടക്കാനിരിക്കുന്ന പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

എല്ലാ ജനറൽ ബോഡി മീറ്റിംഗിലും യൂണിറ്റ് ഭാരവാഹികൾ നിർബന്ധമായും വരണമെന്നും, യൂണിറ്റുകളുടെ റിപ്പോർട്ടുകൾ കൃത്യമായി അതിരൂപതയിലേക്ക് കൊടുക്കണമെന്നും ചർച്ചയിൽ ഉരുതിരിഞ്ഞു. യൂണിറ്റ് ഭാരവാഹികൾ പലപ്പോഴും അതിരൂപതയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നില്ലയെന്നും, ഒരിക്കൽപോലും അതിരൂപത മീറ്റിംഗിൽ സംബന്ധിക്കാൻ സാഹചര്യങ്ങളിൽ ഇല്ലെന്നുമുള്ള ആശയത്തിൽനിന്നാണ് ഇങ്ങനെ ഒരു തീരുമാനം ഉണ്ടായത്.

തൃശൂർ അതിരൂപതയുടെ പതിനൊന്ന് ആശുപത്രികളിൽ നേഴ്സസിനെ പുതിയതായി ജോയിന്റ് ചെയ്യിപ്പിക്കുമ്പോൾ, നേഴ്സസ് ഗിൽഡിൽ അംഗത്വം കൊടുക്കാൻ, ആശുപത്രി അധികാരികൾ ശ്രദ്ധിക്കണമെന്ന് അഭിപ്രായമുണ്ടായി. അതിനുവേണ്ട ക്രമീകരണങ്ങൾ നേഴ്സസ് ഗിൽഡ് പ്രസിഡന്റുമായി ആലോചിച്ച് നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

വിവിധ ആശുപത്രികളിൽ നേഴ്സസിന്റെ എൻറോൾമെന്റ് നടക്കുന്നത് ആശുപത്രിയുടെ സൗകര്യപ്രകാരം പ്രോഗ്രാം ക്രമീകരിക്കാമെങ്കിലും അതിരൂപതാ അഡ്വൈസറിനെ പരിപാടിയെക്കുറിച്ച് അറിയിക്കണമെന്നും എൻറോൾ ചെയ്യുന്ന സ്റ്റാഫ് നേഴ്സസിന്റെ സ്റ്റാമ്പ് സൈസ് ഫോട്ടോയും, കൃത്യമായ അഡ്രസ്സും ഫോൺ നമ്പറും അതിരൂപതാ നേഴ്സസ് ഗിൽഡിലേക്ക് കൊടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

മൂന്നരവർഷമായി അതിരൂപതാ നേഴ്സസ് ഗിൽഡിന്റെ ട്രഷറർ ആയി ജോലി ചെയ്യുന്ന സി. ഗിൽഡ എഫ്.സി.സി. യെ തന്റെ സന്യാസജീവിതത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ ആശംസിച്ചു.

**ജൂബിലി മിഷൻ മെഡിക്കൽ കോളേജ്**

21-ാം ലോക രോഗിദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സ്റ്റാഫ് നേഴ്സസ് തങ്ങളുടെ ശമ്പളത്തിൽനിന്ന്, നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് സൗജന്യ ചികിത്സ നൽകി – രോഗികൾക്ക് വേണ്ടി വി. ബലിയും, ആരാധനയും നടത്തി പ്രാർത്ഥിച്ചു.

**സെന്റ് ജോസഫ് ഹോസ്പിറ്റൽ, ചൂണ്ടൽ**

രോഗി ദിനത്തോടനുബന്ധിച്ച് അഡ്മിനിസ്ട്രേറ്റർ സി. അൽഫോൻസ മരിയയുടെയും, സി. സിസി ക്ലെയറിന്റെയും നേതൃത്വത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ബൈബിൾ ശുശ്രൂഷാവാരം ആരംഭിച്ചു. രോഗികളും നേഴ്സസും ഒന്നിച്ചുള്ള പ്രാർത്ഥനാദിനങ്ങൾ വലിയ അനുഭവസമൃദ്ധമായ ദിനങ്ങളായിരുന്നു. മധുരപലഹാരങ്ങൾ നൽകി രോഗികളെ സന്തോഷിപ്പിച്ചു.

ഡയറക്ടർ
**റവ.ഫാ. സിജോ അരിക്കാട്ട്**

സെക്രട്ടറി
**സി. ഹേമമേരി എഫ്.സി.സി.**

Ref: 2635 A/K-5/KCBC/OL/DS

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

*കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി. യിൽ നിന്നും സ്നേഹാശംസകൾ!*

സഭയുടെ പ്രബോധനപ്രകാരം മാർപാപ്പായുടെ തിരഞ്ഞെടുപ്പ് സാർവത്രികസഭയുടെ മുഴുവൻ പ്രവർത്തനമാണ്. കോൺക്ലേവിൽ പങ്കെടുക്കുന്ന കർദ്ദിനാൾമാർ മാത്രമാണ് തെരഞ്ഞെടുപ്പിൽ നേരിട്ട് പങ്കെടുക്കുന്നതെങ്കിലും ലോകമെങ്ങുമുള്ള എല്ലാ മെത്രാന്മാരും പുരോഹിതരും സമർപ്പിതരും അല്മായ വിശ്വാസികളും തങ്ങളുടെ പ്രാർത്ഥനയിലൂടെ തിരഞ്ഞെടുപ്പിൽ പങ്കുകാരാകേണ്ടതാണ്. 2013 മാർച്ച് ഒന്നുമുതൽ പുതിയ മാർപാപ്പായെ തിരഞ്ഞെടുക്കുന്ന ദിവസം വരെ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന നമ്മുടെ ദേവാലയങ്ങളിൽ ദിവ്യബലിയെത്തുടർന്നു പ്രാർത്ഥിക്കണം. സ്ഥാപനങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും ക്രൈസ്തവഭവനങ്ങളിലും എല്ലാ ദിവസവും ഈ പ്രാർത്ഥന ചൊല്ലാൻ താത്പര്യപ്പെടുന്നു.

സ്നേഹപൂർവം,

+ Andrews mar Thazhath

**+ മാർ ആൻഡ്രൂസ് താഴത്ത്**
പ്രസിഡന്റ്, കെസിബിസി

14.02.2013
പി.ഒ.സി, കൊച്ചി-25

# പരിശുദ്ധ പിതാവിന്റെ തിരഞ്ഞെടുപ്പിനായുള്ള പ്രാർത്ഥന

ഞങ്ങളെ നിത്യം കാത്തുപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണത്തെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് ഞങ്ങൾക്ക് നല്കുന്നുവല്ലോ. പത്രോസിന്റെ പിൻഗാമിയെ തിരഞ്ഞെടുക്കാൻ കൂടുന്ന കോൺക്ലേവിലെ എല്ലാ കർദ്ദിനാൾമാരെയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി ക്രിസ്തുവിന്റെ പ്രതിപുരുഷനെ തിരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവത്രികസഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും ജീവിതവിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള അജപാലകശ്രേഷ്ഠനെ മാർപാപ്പായായി ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ട് ഞങ്ങളെ അനുഗ്രഹിച്ചാലും. ആമേൻ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
This Issue Printed on 24.02.2013




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005